ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 09 ജൂൺ 2017 ലക്കം 06

# തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ

# THALASSERY ARCHDIOCESAN BULLETIN

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


1. പരി. പിതാവിന്റെ സർക്കുലർ - മാധ്യമദിന സന്ദേശം ....................... 7
2. Prot. No. 337/17; Circular No. 14/2017 ....................................................... 12
3. യുവജനസിനഡ് - 2018 ....................................................................... 16
4. കച്ചേരിക്കാര്യം .................................................................................. 21
5. ഇന്റർനെറ്റ് മിഷൻ ............................................................................. 35
6. വിശ്വാസപരിശീലനം ......................................................................... 37
7. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് .............................................................. 42
8. സെമിനാരി വാർത്തകൾ ...................................................................... 47
9. ചെറുപുഷ്പ മിഷൻലീഗ് ...................................................................... 50
10. തിരുബാലസഖ്യം .............................................................................. 56
11. യുവജനശുശ്രൂഷ .............................................................................. 58
12. കുടുംബ പ്രേഷിതത്വം ........................................................................ 63
13. വിദ്യാഭ്യാസ ഏജൻസി ....................................................................... 67
14. വിമൽ ജ്യോതി വാർത്തകൾ ................................................................ 76
15. നിർമ്മലഗിരി കോളേജ് ...................................................................... 80
16. ഫ്രാൻസിസ്കൻ അൽമായസഭ .............................................................. 81
17. എകെസിസി ...................................................................................... 84
18. കെസിബിസി മദ്യവിരുദ്ധ സമിതി ....................................................... 87
19. സാമൂഹികസേവനവേദി ...................................................................... 91
20. മദർഹോം വാർത്തകൾ ...................................................................... 94
21. ധ്യാനകേന്ദ്രങ്ങളിലൂടെ ....................................................................... 96
22. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ..................... 97
23. Programme of the Archbishop Mar George Njaralakatt ................ 100
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്)...................... 101
25. Programme of the Abp. Emeritus Mar George Valiamattam ....... 103

Ref: 3012/K 35/OL/KCBC/DS 06-05-2017

# മാർപാപ്പായുടെ മാധ്യമദിനസന്ദേശം - 2017

## സമകാലീന ലോകത്തിൽ പങ്കുവയ്ക്കപ്പെടേണ്ട പ്രത്യാശയും ആത്മവിശ്വാസവും

***"ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്" (ഏശ 43:5)***

ആശയവിനിമയത്തിനുള്ള മാധ്യമങ്ങളുടെ വർധിച്ച സംലഭ്യത ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് വാർത്തകൾ ക്ഷണനേരം കൊണ്ടു പങ്കുവയ്ക്കുന്നതിനും അവയെ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും സാധ്യത നൽകുന്നുണ്ട്. ആ വാർത്തകൾ നല്ലതോ, മോശമോ, ശരിയോ തെറ്റോ ആകാം. സഭാപിതാക്കന്മാർ മനുഷ്യമനസ്സിനെ, തുടർച്ചയായി ധാന്യമരയ്ക്കുന്ന കല്ലിനോടു താരതമ്യപ്പെടുത്തിയിരുന്നു. നല്ല ധാന്യമാണോ വിലയില്ലാത്ത പതിരാണോ അരയ്ക്കപ്പെടുക എന്നത് അരയ്ക്കുന്നവന്റെ തീരുമാനമനുസരിച്ചിരിക്കും. നമ്മുടെ മനസ്സ് എപ്പോഴും ഈ പ്രവൃത്തിയിലാണ്. എന്താണ് അവയിലേക്ക് ഇട്ടുകൊടുക്കുന്നത് എന്നത് നമ്മുടെ തീരുമാനത്തെ ആശ്രയിച്ചിരിക്കുന്നു.

ഈ സന്ദേശം, അനുദിനം വാർത്തകൾ തയ്യാറാക്കുന്നവർക്ക്, അവർ മാധ്യമരംഗത്ത് ഉദ്യോഗത്തിലിരിക്കുന്നവരോ, വ്യക്തിസൗഹൃദബന്ധങ്ങളിലുള്ളവരോ ആകട്ടെ, അവർക്കുള്ളതാണ്. മറ്റുള്ളവരുടെ നേരേയുള്ള മുൻവിധികളെ ഒഴിവാക്കിയും സമാഗമസംസ്കാരത്തെ പോഷിപ്പിച്ചും സൃഷ്ടിപരമാക്കുന്ന ആശയവിനിമയത്തിൽ വ്യാപൃതരായിരിക്കുന്ന, നമുക്കു ചുറ്റുമുള്ള ലോകത്തെ യാഥാതഥമായും വിശ്വസ്തതയോടെയും കാണുന്നതിനു സഹായിക്കുന്ന, എല്ലാവരെയും പ്രോത്സാഹിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

### തിന്മയ്ക്കെതിരേയുള്ള പോരാട്ടത്തിൽ മാധ്യമങ്ങൾ

ഉത്കണ്ഠയുടെ ദൂഷിതവലയത്തെയും, മോശമായ വാർത്തകളിൽ നിരന്തരമായി ശ്രദ്ധകേന്ദ്രീകരിക്കുന്നതിൽ നിന്നുളവാകുന്ന ഭയപ്പാടിന്റെ വികാരങ്ങളെയും ഭേദിക്കേണ്ടവരാണെന്ന ബോധ്യമുള്ളവരാണ് നാം. മാനവസഹനത്തിന്റെ ദുരന്തങ്ങളെ അവഗണിക്കണമെന്നോ, തിന്മയുടെ പ്രലോഭനങ്ങൾക്കു നേരേ അന്ധമായ ശുഭാപ്തിവിശ്വാസം പുലർത്തണമെന്നോ ഉള്ള ദുർവ്യാഖ്യാനവുമായി ഇപ്പറഞ്ഞതിനു യാതൊരു ബന്ധവുമില്ല. ഉപരിയായി, ഞാൻ നിർദ്ദേശിക്കുന്നത്, ചില സമയങ്ങളിൽ, നമ്മിൽ അസംതൃപ്തിയുടെയും കീഴടങ്ങലിന്റെയും വളർന്നുവരുന്ന വികാരങ്ങളാൽ ജനിപ്പിക്കപ്പെടുന്ന നിർവികാരതയെയും ഭയത്തെയും, തിന്മയ്ക്കതിരില്ല എന്ന വിചാരത്തെയും അതിജീവിക്കാൻവേണ്ടി നാം പരിശ്രമിക്കണമെന്നാണ്. എല്ലാറ്റിനുമുപരി, നല്ല വാർത്തകൾ ഒരിക്കലും മാർക്കറ്റ് ചെയ്യപ്പെടുകയില്ല

എന്നും, മാനവസഹനത്തിന്റെ ദുരന്തവും തിന്മയുടെ രഹസ്യവും ഏറ്റവുമെളുപ്പത്തിൽ വിനോദിപ്പിക്കുന്നതായി മാറുമെന്നും വിചാരിക്കുന്ന ഒരു വാർത്താവിനിമയ വ്യവസായരംഗത്ത്, ഒന്നുകിൽ നമ്മുടെ മനസ്സാക്ഷി മന്ദിക്കുന്നതിനോ, അല്ലെങ്കിൽ ലോകം മുഴുവൻ തിന്മയാണെന്ന വീക്ഷണത്തിലേക്കു വീണുപോകുന്നതിനോ ഉള്ള പ്രലോഭനം എല്ലായ്പോഴുമുണ്ടാകാമെന്നു മനസ്സിലാക്കേണ്ടതാണ്.

തുറവിയുള്ളതും ക്രിയാത്മകവുമായ ഒരു വാർത്താവിനിമയ ശൈലിയ്ക്ക്, അതായത്, ഒരിക്കലും തിന്മയെ മഹത്വവത്കരിക്കാതെ, അതിനു പരിഹാരം കാണുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിന്, ഭാവാത്മകവും ഉത്തരവാദിത്വപൂർണവുമായ സമീപനം സ്വീകർത്താക്കളുടെ ഭാഗത്തുനിന്നുണ്ടാകുന്നതിന് അവർക്ക് പ്രചോദനം നൽകുന്നതിന് അന്വേഷിക്കുന്ന ഒരു വാർത്താവിനിമയ ശൈലിയ്ക്ക് പ്രചോദനമേകാനാണ് ഞാനാഗ്രഹിക്കുന്നത്.

## നന്മയുടെ പ്രചാരകരാകേണ്ട മാധ്യമങ്ങൾ

ജീവിതമെന്നത് ക്രമാനുഗതമായ സംഭവങ്ങളുടെ ആകെത്തുകയല്ല, മറിച്ച്, ചരിത്രമാണ്. തെരഞ്ഞെടുക്കുന്ന ഒരു വ്യാഖ്യാനപരമായ ലെൻസിലൂടെ നോക്കി ഏറ്റവും പ്രസക്തമായ അടിസ്ഥാനവിവരങ്ങളെ വിവേചിക്കുകയും സ്വരുക്കൂട്ടുകയും ചെയ്യുന്നതിനു കാത്തിരിക്കുന്ന ഒരു ചരിത്രമാണത്. അതിനുള്ളിലും അതിനോടും യാഥാർഥ്യത്തിന് വ്യക്തമായ ബന്ധമുണ്ടാകണമെന്നില്ല. എല്ലാകാര്യങ്ങളും നാം അതിനെ നോക്കിക്കാണുന്ന രീതിയെ ആശ്രയിച്ചിരിക്കും, ഏതു കണ്ണടയിലൂടെയാണോ നാം വീക്ഷിക്കുന്നത് എന്നതിനെ ആശ്രയിച്ചാണതിന് അർഥം കൈവരിക. ആ കണ്ണട നാം മാറ്റിയാൽ, യാഥാർഥ്യം മറ്റൊന്നായി പ്രത്യക്ഷമാകും. അതിനാൽ, എങ്ങനെയാണ് നാം ശരിയായ ലെൻസിലൂടെ നോക്കി യാഥാർഥ്യത്തെ വായിക്കുവാൻ ആരംഭിക്കുക?

ക്രൈസ്തവരായ നമുക്ക്, ആ ലെൻസ് സുവിശേഷമാണ്. അതിശ്രേഷ്ഠമായ സുവിശേഷത്തിന്റെ ആരംഭത്തിൽ രേഖപ്പെടുത്തിയതുപോല, ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷമാണ് (മർക്കോസ് 1:1). യേശുവിനെക്കുറിച്ചുള്ള സുവിശേഷം ആണെന്നല്ല, അതിലുപരി, സുവിശേഷം, യേശുതന്നെയാണ് എന്നാണ് അത് അർഥമാക്കുക. തീർച്ചയായും, സുവിശേഷത്തിന്റെ ഓരോ പേജും വായിക്കുമ്പോൾ നാം മനസ്സിലാക്കും, ഈ ശീർഷകം അതിന്റെ ഉള്ളടക്കത്തിന് അനുസൃതമാണെന്നും, എല്ലാറ്റിനുമുപരി, ഈ ഉള്ളടക്കം യേശുവെന്ന വ്യക്തിയല്ലാതെ മറ്റൊന്നുമല്ല എന്നും.

## യേശുവാകുന്ന സദ്‌വാർത്ത

യേശുവാകുന്ന ഈ സദ്‌വാർത്ത നല്ല വാർത്തയെന്നു വിളിക്കാ

നാവാത്ത വിധം സഹനത്തിന്റേതാണ്. സഹനത്തെ കുറെക്കൂടി വലിയൊരു ചിത്രത്തിന്റെ ഭാഗമാക്കിയിരിക്കുകയാണ്. അത് യേശുവിന് തന്റെ പിതാവിനോടും മനുഷ്യകുലം മുഴുവനോടുമുള്ള സ്നേഹത്തിന്റെ സമഗ്രതയുടെ ഭാഗമാണ്. ക്രിസ്തുവിൽ, ദൈവം ഓരോ മാനവസാഹചര്യത്തോടുമുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കുകയായിരുന്നു. അവിടുന്നു പറയുന്നു, നാം ഒരിക്കലും തനിയേ അല്ല, എന്തെന്നാൽ, തന്റെ മക്കളെക്കുറിച്ച് നിരന്തരജാഗ്രതയുള്ള ഒരു പിതാവു നമുക്കുണ്ട്. 'ഭയപ്പെടേണ്ട, എന്തെന്നാൽ ഞാൻ നിങ്ങളോടുകൂടെയുണ്ട്' (ഏശ 43:5). ഇതാണ്, തന്റെ ജനത്തിന്റെ ചരിത്രത്തിൽ പൂർണമായി ആമഗ്നനായിരിക്കുന്ന ദൈവത്തിന്റെ വാക്കുകൾ. അവിടുത്തെ പ്രിയപുത്രനിൽ, ഈ ദൈവികവാഗ്ദാനം – ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും എന്ന വാഗ്ദാനം– നമ്മുടെ എല്ലാ ബലഹീനതകളെയും, നമ്മുടെ മരണത്തെപ്പോലും ആശ്ലേഷിച്ചു. ക്രിസ്തുവിൽ, അന്ധകാരവും മരണവും, പ്രകാശത്തെയും ജീവനെയും കണ്ടുമുട്ടുന്ന ബിന്ദുവായിത്തീർന്നു. പ്രതീക്ഷ ജനിച്ചു, എവിടെ ജീവൻ, പരാജയത്തിന്റെ കയ്പ് കണ്ടുമുട്ടുന്നുവോ ആ പാതയെ കുറുകെ കടക്കുന്ന എല്ലാവർക്കും അത് ജീവൻ നൽകുന്ന പ്രതീക്ഷയുടെ പാതയായി. ആ പ്രതീക്ഷ നിരാശപ്പെടുത്തുകയില്ല, എന്തെന്നാൽ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെടുകയും (റോമാ 5:5) മണ്ണിൽ വീണ വിത്തിൽ നിന്നു മുളപൊട്ടുന്നതുപോലെ, നവജീവൻ പ്രാപിക്കുകയും ചെയ്യുന്നു. ഈ വെളിച്ചത്തിൽ നാം വീക്ഷിക്കുമ്പോൾ, ലോകചരിത്രത്തിൽ പുതിയതായി സംഭവിക്കുന്ന ഓരോ ദുരന്തവും സുവിശേഷത്തിനുള്ള ഒരു രംഗസംവിധാനമായിത്തീരും – അരികിലെത്തുന്നതിനും, അനുകമ്പാർദ്രമായ ഹൃദയം ഉയരുന്നതിനും, ദൃഢനിശ്ചയമുള്ള മുഖങ്ങളും കരങ്ങളും പുനഃനിർമിതിയ്ക്കായി തയ്യാറാകുന്നതിനും സ്നേഹത്തിന്റെ പുതിയ വഴി കണ്ടെത്താനും അത് ഇടയാക്കും.

## ദൈവരാജ്യത്തിന്റെ വിത്തിൽ ദൃഢവിശ്വാസമുണ്ടായിരിക്കുക

ഈ സുവിശേഷ മാനസികാവസ്ഥ അവിടുത്തെ ശിഷ്യരിലും ജനക്കൂട്ടത്തിലും അവതരിപ്പിക്കുന്നതിനും, മരിക്കുകയും ഉയിർക്കുകയും ചെയ്യുന്ന സ്നേഹത്തെ കാണുന്നതിനും പുൽകുന്നതിനും ആവശ്യമായ ശരിയായ ലെൻസു അവർക്കു നൽകുന്നതിന് യേശു ഉപമകൾ ഉപയോഗിച്ചു. അവിടുന്ന് ദൈവരാജ്യത്തെ, മണ്ണിൽ വീഴുമ്പോൾ അഴിയുകയും ജീവനെ പുറപ്പെടുവിക്കുകയും ചെയ്യുന്ന ഒരു വിത്തിനോട് കൂടെക്കൂടെ താരതമ്യപ്പെടുത്തുന്നുണ്ട് (മർക്കോ 4:1–34). ഈ പ്രതീക, രൂപകപ്രയോഗങ്ങളിലൂടെ, ദൈവരാജ്യത്തിന്റെ നിശ്ശബ്ദമായ ശക്തിയെന്ന ആശയത്തെ സംവേദിപ്പിക്കുമ്പോൾ, അതിന്റെ അടിയന്തിര പ്രാധാന്യത്തെ അവ കുറച്ചുകളയുന്നില്ല. ശ്രവിക്കുന്നവന് സ്വതന്ത്രമായി സ്വീകരിക്കാനും ആ ശക്തി സ്വായത്തമാക്കാനും ഇടമൊരു

ക്കുന്ന കാരുണ്യപൂർണമായ മാർഗമാണത്. പെസഹാരഹസ്യത്തിന്റെ അപരിമേയമായ മേന്മയെ പ്രകടമാക്കുന്ന, കേവല സങ്കല്പങ്ങളി ലൂടെയല്ലാതെ, പ്രതീകങ്ങളിലൂടെ ജീവച്ചിത്രങ്ങൾ വിരചിച്ചുകൊണ്ട് ക്രിസ്തുവിലൂടെയുള്ള പുതിയ ജീവന്റെ വൈരുധ്യാത്മകസൗന്ദര്യത്തെ ഏറ്റവും ഫലപ്രദമായി വിനിമയം നടത്താൻ കഴിയുന്ന വഴിയുമാണ് അത്. ഈ ജീവിതത്തിൽ പ്രയാസങ്ങളും കുരിശുകളും പ്രതിബന്ധം സൃഷ്ടിക്കുകയല്ല, മറിച്ച്, ദൈവത്തിന്റെ രക്ഷയെ ആനയിക്കുകയാ ണ്. ഏതൊരു മാനുഷികശക്തിയെക്കാളും ബലവത്തായതാണ് ബല ഹീനത എന്ന് അവ തെളിയിക്കുന്നു. പരാജയം, സ്നേഹത്തിൽ എല്ലാ റ്റിനെയും പൂർണമാക്കുന്നതിന്റെ നാന്ദികുറിക്കലായി മാറുന്നു. ദൈവ രാജ്യത്തിന്റെ പ്രതീക്ഷ പരിപക്വമാകുന്നതും ആഴപ്പെടുന്നതും ഇങ്ങനെ യാണ്: ഇത് "ഒരുവൻ ഭൂമിയിൽ വിത്തു വിതയ്ക്കുന്നതിനു സദൃശം. അവൻ രാവും പകലും ഉറങ്ങിയും ഉണർന്നും കഴിയുന്നു. വിത്തുകൾ പൊട്ടിമുളച്ചു വളരുന്നു" (മർക്കോ 4:26-27).

ദൈവരാജ്യം എളുപ്പത്തിൽ അവഗണിക്കപ്പെടാവുന്ന ഒരു വിത്തു പോലെ, നമ്മുടെ ഇടയിൽ മുമ്പേതന്നെ സന്നിഹിതമാണ്, എന്നാൽ നിശ്ശബ്ദമായി അതു വേരുറയ്ക്കുന്നു. ആർക്കൊക്കെ പരിശുദ്ധാരൂപി ബുദ്ധികൂർമതയുള്ള വീക്ഷണം നൽകുന്നുവോ അവർക്ക് അതു വിക സിക്കുന്നതു കാണാൻ കഴിയും. അതോടൊപ്പം മുളച്ചുപൊങ്ങിവരുന്ന കളകളുടെ കാഴ്ചയാൽ അവർ അവരിലെ രാജ്യത്തിന്റെ സന്തോഷം തങ്ങളിൽനിന്ന് മോഷ്ടിക്കപ്പെടാൻ ഇടയാക്കുകയില്ല.

## അരൂപിയുടെ ചക്രവാളങ്ങൾ

നമ്മുടെ പ്രതീക്ഷയായ സുവിശേഷത്തിലെ യേശു നമ്മുടെ കണ്ണുകളെ സ്വർഗാരോപിതനായ കർത്താവിങ്കലേക്ക് ഉയർത്താൻ ആരാധനാക്രമാഘോഷത്തിലൂടെ സഹായിക്കുന്നു. ഇപ്പോൾ കർത്താവ് അകലെയാണെന്നു നമുക്കു തോന്നുന്നുവെങ്കിലും, പ്രതീക്ഷയുടെ ചക്ര വാളങ്ങൾ കൂടുതലായി വ്യാപ്തിയുള്ളതാവുകയാണിവിടെ. നമ്മുടെ മാനുഷികപ്രകൃതിയെ സ്വർഗത്തിലേക്കെത്തിക്കുന്ന ക്രിസ്തുവിൽ, ഒരു വന് സ്വാതന്ത്ര്യത്തോടെ യേശുവിന്റെ രക്തംമൂലം വിശുദ്ധ സ്ഥല ത്തേക്കു പ്രവേശിക്കാൻ മനോധൈര്യമുണ്ടാകുന്നു. എന്തെന്നാൽ തന്റെ ശരീരമാകുന്ന വഴിയിലൂടെ അവൻ നമുക്കായി നവീകൃതവും സജീവ വുമായ ഒരു പാത തുറന്നു തന്നിരിക്കുന്നു (ഹെബ്രാ 10:19-20). "പരി ശുദ്ധാത്മാവിന്റെ ശക്തിയാൽ", സാക്ഷികളും നവീനവും രക്ഷിക്കപ്പെ ട്ടതുമായ മാനവകുലത്തിന്റെ സംവേദകരും ആയിത്തീരാൻ, ലോക ത്തിന്റെ അവസാനംവരെയും നമുക്കു കഴിയും.

ദൈവരാജ്യത്തിന്റെ വിത്തിലുള്ള ദൃഢവിശ്വാസവും, ഉത്ഥാന ത്തിന്റെ രഹസ്യവും നമ്മുടെ ആശയവിനിമയത്തിന്റെ വഴികൾക്കു

രൂപം നൽകേണ്ടതുണ്ട്. ഈ ആത്മവിശ്വാസം – ഇന്ന് വാർത്താ വിനിമയം നിർവഹിക്കപ്പെടുന്ന എല്ലാ വിവിധ മാർഗങ്ങളിൽകൂടിയും – എല്ലാ ചരിത്രത്തിലും ഓരോ വ്യക്തിയുടെ വദനത്തിലും സുവിശേഷം സന്നിഹിതമാണെന്നത് തിരിച്ചറിയാനും, എടുത്തുകാട്ടാനും കഴിയുമെന്നുള്ള ബോധ്യത്തോടുകൂടി, നമ്മുടെ ദൗത്യം നിർവഹിക്കുന്നതിനു നമ്മെ പ്രാപ്തരാക്കുന്നു.

വിശ്വസിക്കുന്നവർ പരിശുദ്ധാരൂപിയുടെ നയിക്കലിനു തങ്ങളെത്തന്നെ ഭരമേൽപ്പിച്ചുകൊണ്ട്, എങ്ങനെയാണ് ദൈവം നമ്മുടെയിടയിൽ സന്നിഹിതനായിരിക്കുന്നതെന്നും ഓരോ നിമിഷവും നമ്മുടെ ജീവിതങ്ങളിലും ചരിത്രത്തിലും പ്രവർത്തിക്കുന്നതെന്നുമുള്ള തിരിച്ചറിവിലേക്കു വരികയും ക്ഷമയോടുകൂടി രക്ഷാകരരഹസ്യത്തിലേക്കെത്തിക്കുകയും ചെയ്യുന്നു. വിശുദ്ധ ചരിത്രം നെയ്യപ്പെട്ടിരിക്കുന്നത് പ്രതീക്ഷയുടെ ഇഴകൾകൊണ്ടാണ്; അതു നെയ്യുന്നവൻ, ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് അല്ലാതെ മറ്റാരുമല്ല. പ്രത്യാശയാണ് പുണ്യങ്ങളിൽ ഏറ്റവും വിനയമാർന്നത്. കാരണം, അത് ജീവിതത്തിന്റെ ഒഴിഞ്ഞകോണിൽ മറഞ്ഞിരിക്കുന്നു, എങ്കിലും അത് പിണ്ഡം മുഴുവനെയും പുളിപ്പിക്കുന്ന പുളിമാവു പോലെയാണ്. എന്നെന്നും പുതുമയാർന്ന, ഈ ലോകത്തിൽ ദൈവസ്നേഹത്തിന്റെ ഐക്കണുകളായിത്തീർന്ന വിശുദ്ധരിൽ വീണ്ടും മുദ്രണം ചെയ്യപ്പെട്ട് നിരവധി പതിപ്പുകളായിത്തീർന്നിരിക്കുന്ന, സുവിശഷത്തിന്റെ വായനയാൽ അതു പരിപോഷിപ്പിക്കപ്പെടണം. ഇന്നും, അരൂപി ദൈവരാജ്യത്തിനുവേണ്ടിയുള്ള ആഗ്രഹം നമ്മിൽ തുടർച്ചയായി വിതയ്ക്കുന്നുണ്ട്. നമ്മുടെ കാലഘട്ടത്തിലെ നാടകീയസംഭവങ്ങളുടെ മധ്യത്തിലും സുവിശേഷത്തിൽ നിന്നും പ്രചോദനം സ്വീകരിക്കുന്ന, ലോകത്തിന്റെ ഇരുളിലും പ്രകാശരശ്മികൾപോലെ പ്രഭയേകുന്ന, പാതയിലുടനീളം വെളിച്ചം പ്രസരിപ്പിക്കുന്ന, ആത്മവിശ്വാസത്തിന്റെയും പ്രത്യാശയുടെയും നവവീഥി എക്കാലവും തുറക്കുന്ന ഏവർക്കും നന്ദി.

വത്തിക്കാനിൽ നിന്ന്
2017 മെയ് 24.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025.

---

**NB:** മാധ്യമദിനമായ 2017 ജൂൺ 4–ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

**Prot. No. 337/17; സർക്കുലർ നമ്പർ 14/2017**

## വത്സലപിതാവ് കുഞ്ഞുങ്ങളോട്...

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ട വത്സല മക്കളേ,

"കുട്ടികളെ കർത്താവിൽ നിങ്ങൾ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ. അത് ന്യായയുക്തമാണ്. നിങ്ങൾക്ക് നന്മ കൈവരുന്നതിനും ഭൂമിയിൽ ദീർഘകാലം ജീവിക്കുന്നതിനുംവേണ്ടി മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക. വാഗ്ദാനത്തോടുകൂടിയ ആദ്യത്തെ കല്പന ഇതത്രേ" (എഫേ. 6,1-3) മധ്യവേനൽ അവധിയുടെ സന്തോഷകരമായ ദിവസങ്ങൾ പിന്നിട്ട് പുതിയൊരു പഠനവർഷത്തിലേക്ക് നിങ്ങൾ പ്രവേശിക്കുകയാണല്ലോ. ഹൃദയം നിറഞ്ഞ പ്രാർത്ഥനാശംസകൾ ആദ്യമേ തന്നെ നേരുന്നു. പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും ഉന്നതവിജയം നേടിയ എല്ലാ കൂട്ടുകാർക്കും അവരുടെ മാതാപിതാക്കൾക്കും അധ്യാപകർക്കും എന്റെ അഭിനന്ദനങ്ങൾ.

പുതിയൊരു പഠനവർഷാരംഭത്തിൽ എത്തിനിൽക്കുന്ന നിങ്ങളോട് നല്ല ഒരുക്കത്തോടുകൂടെ പഠനവർഷം ആരംഭിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബാഹ്യമായ ഒരുക്കങ്ങൾ ഇതിനോടകം നിങ്ങളെല്ലാം നടത്തിയിട്ടുണ്ടാകും. പുത്തൻ ഉടുപ്പുകളും പുസ്തകബാഗും മഴവന്നാൽ ചൂടാൻ കുടയും ചെരുപ്പുമൊക്കെ വാങ്ങിയിട്ടുണ്ടാകും. പുതിയ സ്കൂൾ വർഷം ആരംഭിക്കുമ്പോൾ പല സാധനങ്ങളും വാങ്ങിത്തരണമെന്ന് നിങ്ങൾ മാതാപിതാക്കളോട് ആവശ്യപ്പെട്ടിട്ടുണ്ടാകും. ചിലതൊക്കെ നിങ്ങൾക്ക് ലഭിക്കുകയും ചിലത് പിന്നീട് ആകാമെന്ന് മാതാപിതാക്കൾ പറഞ്ഞിട്ടുമുണ്ടാകും. ചോദിച്ചത് കിട്ടാത്തതിന് ചില കുട്ടികൾ അമിതമായി ശാഠ്യംപിടിക്കാറുണ്ട്. നിങ്ങളുടെ ശാഠ്യം ചിലപ്പോഴൊക്കെ മാതാപിതാക്കൾക്ക് ഭാരമാകുന്നുണ്ട് എന്നു നിങ്ങൾ മനസ്സിലാക്കണം. വേണ്ടത്ര സാമ്പത്തികമോ കൃത്യമായ ജോലിയോ ഇല്ലാത്ത മാതാപിതാക്കൾ കുട്ടികളെ സ്കൂളിൽ അയയ്ക്കാൻവേണ്ടി പഠനവർഷാരംഭത്തിൽ വല്ലാതെ ബുദ്ധിമുട്ടാറുണ്ട്. ലോൺ എടുത്തും അയൽപക്ക ക്കാരിൽ നിന്ന് പൈസ കടം വാങ്ങിയുമൊക്കെയാണ് പല മാതാപിതാക്കളും അവരുടെ കുഞ്ഞുങ്ങളെ സ്കൂളിൽ പറഞ്ഞയക്കുന്നത്. ആയതിനാൽ മാതാപിതാക്കളുടെ ബുദ്ധിമുട്ടുകളും പ്രാരാബ്ധങ്ങളും നല്ലവണ്ണം മനസ്സിലാക്കിവേണം നിങ്ങൾ പെരുമാറുവാൻ. അത്യാവശ്യമുള്ള

കാര്യങ്ങൾക്കു മാത്രം അവരോട് പുതിയത് വാങ്ങാൻ ആവശ്യപ്പെടുക. അല്ലാത്ത കാര്യങ്ങളിൽ പഴയത് ഉപയോഗിക്കാൻ സന്മനസ്സ് കാണിക്കുക. അതായത് ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും വളരുന്നവരാകണം നിങ്ങളോരൊരുത്തരും. ജ്ഞാനത്തിൽ വളർന്നവരാകുക എന്നാൽ നന്നായി ഉത്സാഹിച്ചു പഠിക്കുന്നവരായിരിക്കണം എന്നാണ്. പ്രായത്തിൽ വളരുകയെന്നാൽ പക്വതയിൽ വളരുകയെന്നാണ്. നല്ല അറിവും പക്വതയുമുള്ളവരായി നിങ്ങൾ വളരുന്നത് കാണുമ്പോഴാണ് ജനിപ്പിച്ച മാതാപിതാക്കൾക്കും ജന്മം നൽകിയ ദൈവത്തിനും നമ്മെക്കുറിച്ച് സന്തോഷം ഉണ്ടാവുക. ബാലനായ സാമുവേലിനെപ്പറ്റി 1 സാമു. 3:19ൽ ഇപ്രകാരം ഒരു വചനം പറയുന്നു. "സാമുവേൽ വളർന്നു ദൈവത്തിന്റെ കരം അവന്റെ കൂടെ ഉണ്ടായിരുന്നു. അവന്റെ വാക്കുകളിൽ ഒന്നുപോലും വ്യർത്ഥമാകാൻ ദൈവം അനുവദിച്ചില്ല". മക്കളെന്ന നിലയിൽ കുടുംബത്തിലും വിദ്യാർത്ഥികളെന്ന നിലയിൽ സ്കൂളിലും ദൈവാലയത്തിലുമെല്ലാം നിങ്ങളെക്കുറിച്ച് ഞങ്ങളെല്ലാവരും പറയാൻ ആഗ്രഹിക്കുന്ന ഒന്നാണ് ദൈവത്തിന്റെ കരം കൂടെയുള്ള മകനും-മകളുമാണ് നിങ്ങളോരോരുത്തരുമെന്ന്. അതായത് നല്ല ദൈവാനുഗ്രഹമുള്ളവരായി വളരണം നിങ്ങളൊരോരുത്തരും എന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

വിദ്യാർത്ഥികളെന്ന നിലയിൽ പഠനവർഷാരംഭത്തിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം സൂചിപ്പിക്കട്ടെ. അതു മറ്റൊന്നുമല്ല നിങ്ങളുടെ സ്വന്തം ജീവിതത്തെക്കുറിച്ച് നിങ്ങൾക്ക് നല്ല സ്നേഹവും ബഹുമാനവും ഉണ്ടായിരിക്കണം എന്നതാണ് (self love & respect). ഇതു പറയുന്നതിന് എന്നെ പ്രേരിപ്പിച്ച ഒരു സംഭവം കഴിഞ്ഞ ദിവസം പത്രത്തിൽ വായിക്കുകയുണ്ടായി. ഈ വർഷത്തെ +2 പരീക്ഷയിൽ 1200ൽ 1180 മാർക്കും വാങ്ങിയ റഫ്സീന എന്ന പെൺകുട്ടി റിസൾട്ട് അറിഞ്ഞ അന്ന് ആത്മഹത്യ ചെയ്ത് ജീവിതം അവസാനിപ്പിച്ച ഒരു വാർത്ത നിങ്ങൾ വായിച്ചിട്ടുണ്ടാകും. എന്റെ ജീവിതം അത് എനിക്ക് മാത്രമുള്ളതാണ് എന്നാണ് അവൾ മരണക്കുറിപ്പിൽ എഴുതിവെച്ചത്. കൂട്ടുകാരെല്ലാവരും പുതിയ കോഴ്സ് തിരഞ്ഞെടുത്തപ്പോൾ മരണം തിരഞ്ഞെടുക്കാനാണ് റഫ്സീന തുനിഞ്ഞത്. മരണകാരണത്തെക്കുറിച്ച് ആർക്കും വ്യക്തതയില്ല. തന്റെ ഒറ്റമുറി വീട്ടിലെ ഇല്ലായ്മകൾ പുറം ലോകം അറിഞ്ഞതിൽ മനംനൊന്താണ് റഫ്സീന മരിച്ചതെന്ന് ചില റിപ്പോർട്ടിൽ കണ്ടു. പ്രിയ കുഞ്ഞുങ്ങളെ വെളുത്തതും ഇരുണ്ടതുമായ ഒട്ടേറെ സാഹചര്യങ്ങൾ നമ്മുടെ എല്ലാവരുടെയും ജീവിതത്തിൽ ഉണ്ട്. ഉള്ളവരെ നോക്കി ഇല്ലാത്തവർ സങ്കടപ്പെടുന്നതിൽ ഒരർത്ഥ

വുമില്ല. മറിച്ച് ബൈബിളിൽ പറയുന്നതുപോലെ നമുക്കു സ്വന്തമായ രണ്ടോ മൂന്നോ നാണയങ്ങളെ, കിട്ടുന്ന അവസരങ്ങൾ നന്നായി ഉപയോഗിച്ച് കൂടുതൽ വർദ്ധിപ്പിക്കാൻ പരിശ്രമിക്കുക എന്നുള്ളതാണ് പ്രധാനം. അതിനത്യാവശ്യമായ ഒന്നാണ് സ്വന്തം ജീവിതത്തെക്കുറിച്ച് നല്ല സ്നേഹവും ബഹുമാനവും ഉള്ളവനായിരിക്കണം എന്നുള്ളത്. സ്വയം ചുരുങ്ങി, എന്നെ ഒന്നിനും കൊള്ളില്ല, ഒരു കഴിവുമെനിക്കില്ല, എന്റെ സാഹചര്യങ്ങൾ മോശമാണ്, എനിക്ക് ബുദ്ധിയില്ല തുടങ്ങിയ ചിന്തകൾ നമ്മളെ നിരാശയിലേക്കും പിന്നീട് പരാജയത്തിലേക്കും മാത്രമേ നയിക്കൂ. പിശാചിന്റെ ഈ തട്ടിപ്പിനെ പരാജയപ്പെടുത്തി എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് കഴിയുമെന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ സ്വന്തം ജീവിതത്തിൽ പകർത്തി ഈ പഠനവർഷം എല്ലാവർക്കും വിജയത്തിന്റേത് ആവട്ടെ എന്ന് ഞാൻ മുൻകൂട്ടി പ്രാർത്ഥിക്കുന്നു.

രണ്ടാമതായി മനുഷ്യജീവിതത്തിൽ പ്രത്യേകിച്ചും നിങ്ങളുടെ വിദ്യാർത്ഥി ജീവിതത്തിൽ സൂക്ഷിക്കേണ്ട ഒരു പുണ്യത്തെക്കുറിച്ചാണ് പറയുന്നത്. സഹാനുഭൂതി അഥവാ നല്ല മനുഷ്യത്വം ഉള്ളവരായിരിക്കണം എന്നതാണ്. വേദനിക്കുന്നവരോടും സങ്കടപ്പെടുന്നവരോടും വിശക്കുന്നവരോടും ഫീസടക്കാൻ ബുദ്ധിമുട്ടുന്നവരോടുമൊക്കെ നമുക്കു തോന്നുന്ന അനുകമ്പയാണ് സഹാനുഭൂതി. കഴിഞ്ഞ മെയ് മാസത്തിൽ നമ്മുടെ രൂപതയിലെ മിഷൻലീഗ് കുട്ടികൾ സാംഗ്ലി മിഷൻ യാത്ര നടത്തുകയുണ്ടായി. നമ്മുടെ കുട്ടികളുടെ നല്ല പെരുമാറ്റത്തെ പ്രശംസിച്ചുകൊണ്ട് അവിടുത്തെ ഡയറക്ടർ അച്ചൻ എനിക്ക് കത്ത് എഴുതുകയുണ്ടായി. എയ്ഡ്സ് ബാധിതരായ 150-ഓളം കുട്ടികളോടൊപ്പം രണ്ടു ദിവസം ചിലവഴിച്ച് തിരിച്ചുപോന്നപ്പോൾ, മരണം എപ്പോൾ വേണമെങ്കിലും സംഭവിക്കാൻ ഇടയുള്ള അവരോട് സഹാനുഭൂതി തോന്നിയ നമ്മുടെ ചില കൊച്ചുകൂട്ടുകാർ അവരുടെ കയ്യിലെ പോക്കറ്റു മണിയും ആദ്യകുർബാനയ്ക്ക് സമ്മാനമായി കിട്ടിയ വാച്ചുമൊക്കെ സന്തോഷത്തോടെ അവർക്കു പങ്കുവെച്ചുവത്രേ. തലശ്ശേരി അതിരൂപതയിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾ എന്ന നിലയിൽ നിങ്ങളെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഒരു നല്ല മനുഷ്യ ഹൃദയമുണ്ടാകുകയാണ് എല്ലാ പഠനങ്ങളുടെയും ആത്യന്തികമായ ലക്ഷ്യം. ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളും മാതാപിതാക്കളും ഇതു ശ്രവിക്കുന്നുണ്ടാകുമല്ലോ. ആദ്യകുർബാന ദിവസം നിങ്ങൾക്ക് ഒട്ടേറെ സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ടാകും. അതിൽ ഒരെണ്ണം മാത്രമാണല്ലോ നിങ്ങൾ ഉപയോഗിക്കാൻ

സാധ്യതയുള്ളത്. ലഭിച്ച കുടകളിൽനിന്നും പുത്തൻ ഉടുപ്പുകളിൽ നിന്നും നിങ്ങൾക്ക് ആവശ്യമുള്ളവ എടുത്തതിനുശേഷം ബാക്കി യുള്ളവ സന്തോഷത്തോടെ ഇടവകയിലെ പാവപ്പെട്ടവർക്കു നൽകാൻ വികാരിയച്ചനെയോ സിസ്റ്റേഴ്സിനോ ഏൽപ്പിക്കണം. അത്തരം ഒരു സത്പ്രവർത്തിയോടെ ഈ പഠനവർഷം നിങ്ങൾക്കാരംഭിക്കാൻ കഴിയട്ടെ.

രണ്ടുള്ളവൻ ഒന്ന് ഇല്ലാത്തവന് കൊടുക്കട്ടെയെന്ന ഈശോ യുടെ ആഹ്വാനത്തെ ഹൃദയപൂർവ്വം സ്വീകരിച്ചുകൊണ്ട്, ജീവിതത്തിൽ ലഭിച്ച നന്മകൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനുള്ള ഒരു പുതിയ മനസ്സോടെ ഈ പഠനവർഷം നമുക്ക് ആരംഭിക്കാം. മാതാപിതാക്ക ളുടെ കഷ്ടപ്പാടും ബുദ്ധിമുട്ടും മനസ്സിലാക്കി അവരോടു സഹാനുഭൂതി യുള്ളവരായി നിങ്ങൾ വളരണം. വർഷങ്ങൾ കഴിയുമ്പോൾ ഉന്നതമായ ജോലികളൊക്കെ ലഭിച്ച് ഉത്തമമായ ജീവിതാന്തസിൽ പ്രവേശിക്കു മ്പോൾ വളർത്തിയവരെയും പ്രോത്സാഹിപ്പിച്ചവരെയും കഷ്ടപ്പെട്ട് പഠിപ്പിച്ചവ രെയും നമുക്കുവേണ്ടി പ്രാർത്ഥിച്ചവരെയും ഒരിക്കലും മറന്നുപോക രുത്. നന്ദി ചൊല്ലി തീർക്കുവാൻ ഈ ജീവിതം പോരാ എന്ന തിരിച്ചറിവോടെ, കഴിഞ്ഞ വർഷം പഠിപ്പിച്ച അധ്യാപകർക്ക് നന്ദി പറഞ്ഞ് മാതാപിതാക്കളുടെ അനുഗ്രഹം വാങ്ങി, വികാരിയച്ചന്റെയും സിസ്റ്റേഴ്സിന്റെയും പ്രാർത്ഥനകൾ ചോദിച്ച് പുതിയ പഠനവർഷ ത്തിലേക്ക് ദൈവാനുഗ്രഹത്തോടെ പ്രവേശിക്കാൻ നിങ്ങൾക്ക് സാധിക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
22-06-2017 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ

---

**പ്രത്യേക ശ്രദ്ധക്ക് :** ഈ സർക്കുലർ ജൂൺ 11-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകദൈവാലയങ്ങളിലും കുട്ടികൾക്കുവേണ്ടിയുള്ള വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

Prot. No. 0918/2017

# സർക്കുലർ
# യുവജനസിനഡ് 2018

*സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

യുവജനപ്രേഷിതത്വത്തെക്കുറിച്ച് 2018 ഒക്ടോബറിൽ ഒരു സിനഡ് നടത്തുന്നതിനെപ്പറ്റി ഇക്കഴിഞ്ഞ ജനുവരി 13-ാം തീയതി പരി.പിതാവ് ഫ്രാൻസിസ് മാർപാപ്പാ ഒരു കത്തിലൂടെ പ്രഖ്യാപിക്കുകയുണ്ടായല്ലോ. സിനഡിന്റെ പ്രമേയം "Young People, the Faith and Vocational Discernment" എന്നതാണ്. Vocational discernment എന്നത് ദൈവവിളി വിവേചിച്ചറിയൽ അഥവാ തിരിച്ചറിയൽ എന്നു പരിഭാഷപ്പെടുത്താമെങ്കിലും "ജീവിതപാത കണ്ടെത്തൽ" എന്ന മൊഴിമാറ്റമാണ് കൂടുതൽ സാർഥകം. കാരണം എല്ലാ യുവജനങ്ങളും തങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം മനസ്സിലാക്കുക, മനസ്സിലാക്കുവാൻ അവരെ സഹായിക്കുക എന്നതാണ് Vocational Discernment-ൽ ചർച്ച ചെയ്യപ്പെടാൻ മാർപാപ്പാ ആഗ്രഹിക്കുന്നത്. അതിനാൽ, സിനഡിന്റെ പ്രമേയത്തെ "യുവജനങ്ങൾ, വിശ്വാസവും ജീവിതപാത കണ്ടെത്തലും" എന്നു മലയാളത്തിൽ നമുക്കു വിവക്ഷിക്കാം.

സിനഡിന്റെ പ്രാരംഭരേഖയും (Preparatory Document) 2017 ജനുവരി 13-നു തന്നെ സിനഡു സെക്രട്ടറിയേറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. വത്തിക്കാൻ വെബ്സൈറ്റിൽ അതു ലഭ്യമാണ്. മലയാളതർജമ പി.ഒ.സി.യിൽ നിന്നു താമസിയാതെ ലഭിക്കുമെന്നാണ് അറിയുന്നത്. ഈ പ്രാരംഭരേഖയെക്കുറിച്ച് എല്ലാത്തലങ്ങളിലുമുള്ള പഠനങ്ങൾക്കു സഹായകമായ രീതിയിൽ ചില ചിന്തകൾ ഇവിടെ ചേർക്കുന്നു. ഇവയിൽ പലതും പ്രാരംഭരേഖയിൽ നിന്നുതന്നെ എടുത്തിട്ടുള്ളവയാണ്.

### *1. എല്ലാ യുവജനങ്ങളും സഭയുടെ അജപാലനത്തിൽ ഉൾപ്പെടണം*

യുവജനങ്ങളുടെ ജീവിതം വൈവിധ്യമാർന്ന മേഖലകളിലാണ് നടക്കുന്നത്. കലാലയവിദ്യാഭ്യാസത്തിൽ മാത്രം ശ്രദ്ധവച്ച് ഭാവിയിൽ ഒരു ജോലിയും ഉയർന്ന ജീവിതനിലവാരവും ആഗ്രഹിച്ചുകഴിയുന്നവർ, പരിമിതമായ പഠനം കഴിഞ്ഞ് പലവിധ ജോലികളിൽ വ്യാപൃത

രായി കഴിയുന്നവർ, പഠനത്തോടൊപ്പവും പഠനം കഴിഞ്ഞും കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ, പഠനം കഴിഞ്ഞ് സ്വന്തം നാട്ടിൽ ജോലി സമ്പാദിക്കാൻ കഴിയാത്തതുകൊണ്ടോ കൂടുതൽ പുരോഗതി കാംക്ഷിച്ചോ വിദേശത്ത് ജോലി തേടി പോകുന്നവർ എന്നിങ്ങനെ. ഇപ്രകാരം വിവിധ മേഖലകളിൽ കഴിയുന്ന യുവജനങ്ങളുടെ സംഘടനാപ്രവർത്തനങ്ങൾക്കും വൈവിധ്യമുണ്ട്. സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന യുവജനസംഘടനകളിൽ അംഗങ്ങളായി തങ്ങളുടെ നേതൃത്വഗുണങ്ങളും കഴിവുകളും വികസിപ്പിക്കുവാൻ പരിശ്രമിക്കുന്നവരുണ്ട്. അതുവഴി സമൂഹത്തിൽ സാമ്പത്തികമോ, രാഷ്ട്രീയമോ, സാംസ്കാരികമോ ആയ നിലകളിൽ ഉയർന്ന് പ്രശോഭിക്കുവാൻ കഴിയുന്നവരും കുറവല്ല. ഇതിൽനിന്നും വ്യത്യസ്തമായി, തികച്ചും പ്രാർഥനയുടെയും ദൈവവചനാനുഭവത്തിന്റെയും സംഗീതാദികലകളുടെയും അനുഭവം സമ്മാനിക്കുന്ന കരിസ്മാറ്റിക് യുവജനപ്രസ്ഥാനങ്ങളിൽ ചേർന്നു പ്രവർത്തിക്കുന്നവരുമുണ്ട്. ഇനിയൊരു കൂട്ടർ പ്രേഷിതാഭിമുഖ്യമുള്ള പ്രസ്ഥാനങ്ങളിലോ സംഘടനകളിലോ ചേർന്നു പ്രവർത്തിക്കുവാൻ ഇഷ്ടപ്പെടുന്നു.പഠനകാലത്തും പഠനത്തിനുശേഷവും യാതൊരുവിധ സംഘടനാപ്രവർത്തനങ്ങളിലോ പ്രസ്ഥാനങ്ങളിലോ ചേരാതെ ജീവിതായോധനത്തിനുള്ള മാർഗങ്ങൾ കണ്ടെത്തുകയും സഭയുടെ പൊതുവായ അജപാലനത്തോടുമാത്രം ചേർന്നുപ്രവർത്തിക്കുന്നവരായ യുവജനങ്ങളുമുണ്ട്. ഓരോ വിഭാഗത്തിനും യോജിച്ച അജപാലനശൈലി ഇടവകകളുടെയും രൂപതകളുടെയും നേതൃത്വത്തിൽ രൂപപ്പെടുത്തിയെടുക്കണം. എല്ലാ വിഭാഗങ്ങളിലും ഉള്ളവർക്കു അവരുടെ ദൗത്യനിർവഹണത്തിന് ഉപകരിക്കുന്ന രീതിയിൽ അവരെ അജപാലനത്തിൽ ഉൾപ്പെടുത്തുവാൻ കഴിയണം. എല്ലാ വിഭാഗങ്ങളിലും ഉള്ളവരെ ഇടവകാതലത്തിലോ രൂപതാതലത്തിലോ വ്യക്തിസഭയുടെ തലത്തിലോ ദേശീയതലത്തിലോ സംഘടിപ്പിച്ച് യുവജനങ്ങളുടെ കൂട്ടായ്മയെ പരിപോഷിപ്പിക്കുവാൻ വൈദികർക്കും മെത്രാന്മാർക്കും കഴിയണം.

***2.യുവജനപ്രേഷിതത്വം യുവജനങ്ങളുടെതന്നെ ഉത്തരവാദിത്വമാണ്***

യുവജനപ്രേഷിതത്വം യുവജനങ്ങളുടെതന്നെ ഉത്തരവാദിത്വമായി അജപാലകരും യുവജനങ്ങളും ഒരുപോലെ തിരിച്ചറിയണം. സുവിശേഷദർശനം ഉൾക്കൊള്ളുവാനും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാനും ഓരോ യുവാവിനും യുവതിക്കും വേണ്ട പരിശീനവും അവബോധവും നല്കുകയാണ് അജപാലകരുടെ ധർമം. ഈ പരിശീലനത്തിലും ബോധ്യങ്ങളുടെ സൃഷ്ടിയിലും യുവജനങ്ങൾ സജീവമായി പങ്കുചേരണം. അത് അവരുടെതന്നെ ഒരു ആവശ്യമാണെന്നു മനസ്സി

ലാക്കിക്കൊണ്ടുവേണം അവർ ഈ പ്രക്രിയയിൽ ഉൾച്ചേരുവാൻ. സഭയിലും സമൂഹത്തിലും നവീകരണത്തിന്റെ വക്താക്കളും പ്രയോക്താക്കളുമായി യുവജനങ്ങൾ മാറണം. യുവജനങ്ങളെ അനുയാത്രചെയ്യുകയാണ് അജപാലരുടെ ഉത്തരവാദിത്വം.തങ്ങളെതന്നെ ശാക്തീകരിക്കുവാൻ യുവജനങ്ങളെ സഹായിക്കുക-അതാണ് യുവജനപ്രേഷിതത്വത്തിൽ അജപാലകരുടെ ദൗത്യം. യുവജനങ്ങൾക്കുവേണ്ടിയുള്ള എല്ലാ സഭാശുശ്രൂഷകളും ഈ പുതിയ ആഭിമുഖ്യത്തോടുകൂടി നിർവഹിച്ചാലേ ഇക്കാലഘട്ടത്തിൽ അതു ഫലപ്രദമാകൂ.

സഭയ്ക്കുള്ളിലും സമൂഹത്തിലും സ്വാതന്ത്ര്യത്തോടുകൂടി പ്രവർത്തിക്കുവാനാണ് യുവജനങ്ങൾ ഇഷ്ടപ്പെടുന്നത്. സ്വാതന്ത്ര്യത്തെ ഹനിക്കുന്ന അധികാരപ്രയോഗങ്ങളോ കാർക്കശ്യമുള്ള തിരുത്തലുകളോ നിയമങ്ങൾ അനുസരിപ്പിക്കുന്ന ശൈലിയോ ഇന്ന് അവർക്കു സ്വീകാര്യമല്ല. എന്നാൽ ചർച്ചകളിലൂടെയും ആശയവിനിമയത്തിലൂടെയും അവരെക്കൂടി ഉൾപ്പെടുത്തിയെടുക്കുന്ന തീരുമാനങ്ങളുടെയും വെളിച്ചത്തിൽ തങ്ങളെതന്നെ ശാക്തീകരിക്കുവാനും സഭയുടെയും സമൂഹത്തിന്റെയും നവീകരണത്തിനുവേണ്ടി പ്രവർത്തനനിരതരാകാനും യുവജനങ്ങൾ സന്നദ്ധരാകും. അതുതന്നെയാണ് യുവജനങ്ങളോടും യുവജനപ്രസ്ഥാനങ്ങളോടും അജപാലകർ സ്വീകരിക്കേണ്ട സമീപനരീതി.

യുവജനപ്രേഷിതത്വത്തെക്കുറിച്ചുള്ള സിനഡിൽ പരിശുദ്ധപിതാവ് വിശ്വാസം ഒരു പ്രധാനവിഷയമായി ഉന്നയിച്ചിരിക്കുകയാണ്. ക്രിസ്തുവിലുള്ള വിശ്വാസവും സഭാകൂട്ടായ്മയിലുള്ള പങ്കാളിത്തവുമാണ് ഒരോ ക്രൈസ്തവയുവാവിനും യുവതിക്കും ഉണ്ടായിരിക്കേണ്ട അവശ്യഗുണം. ക്രിസ്തുവിനോടുകൂടിയേ സ്വന്തം ജീവിതലക്ഷ്യവും സഭയുടെയും സമൂഹത്തിന്റെയും ജീവിതലക്ഷ്യങ്ങളും നേടിയെടുക്കുവാൻ യുവജനങ്ങൾക്കു കഴിയൂ. അതിനു യുവജനങ്ങൾ തങ്ങളുടെതന്നെ സ്വാർഥതയിൽനിന്നു പുറത്തുവരണം. അബ്രാഹം തന്റെ നാടും പിതാവിന്റെ ഭവനവും ബന്ധുമിത്രാദികളെയുമെല്ലാം ഉപേക്ഷിച്ച് ദൈവം കാണിച്ചുകൊടുത്ത ഭൂമിയിലേക്കു പോയതുപോലെ ലോകത്തിൽ തങ്ങളെ അടിമപ്പെടുത്തുന്ന എല്ലാവിധ അനീതികളെയും കൈവെടിഞ്ഞ് നീതിപൂർവകമായ ഒരു സമൂഹനിർമിതിക്കുവേണ്ടി ഇറങ്ങിത്തിരിക്കുവാൻ ഇന്നത്തെ യുവജനങ്ങൾക്കു കഴിയണം. അതിനാവശ്യമായ പഠനങ്ങളും അധ്വാനവും ക്ലേശങ്ങളും ഏറ്റെടുക്കുവാൻ യുവജനങ്ങൾ ശാക്തീകരിക്കപ്പെടേണ്ടതുണ്ട്.ഹൃദയവിശാലതയോടുകൂടി ഇപ്രകാരം ക്രിസ്തുവിനുവേണ്ടി നിലകൊള്ളുവാനും ക്രൈസ്തവമൂ

ല്യങ്ങളിൽ അടിയുറച്ചു സഭയിൽ പ്രവർത്തിക്കുവാനും യുവജനങ്ങൾ മുന്നോട്ടുവരണം.

***3. യുവജനപ്രേഷിതത്വത്തിന് അനുകൂലസാഹചര്യങ്ങൾ സഭയിലുണ്ടാകണം***

തങ്ങളെ സംബന്ധിക്കുന്ന ദൈവവിളി വിവേചിച്ചറിയുവാൻ അഥവാ തങ്ങളുടെ ജീവിതപാത കണ്ടെത്തുവാൻ യുവജനങ്ങൾക്കു സാധ്യമാകുന്ന സാഹചര്യങ്ങൾ സഭയിൽ ഉണ്ടാകണം. സ്നാപക യോഹന്നാന്റെ ശിഷ്യന്മാരെപ്പോലെ, 'ഗുരോ, അങ്ങ് എവിടെ താമസിക്കുന്നു' (യോഹ 1:38) എന്നു ചോദിക്കുന്നവരാണ് ഇന്നത്തെ യുവജനങ്ങളും. 'വന്നു കാണുക' എന്നായിരിക്കും ഇന്നും ഈശോ അവരോട് പറയുന്നത്. സഭാസമൂഹത്തിൽ, സുവിശേഷങ്ങളിലെ ഈശോയെ കണ്ടെത്തുവാൻ, ആദിമസഭയിലേതുപോലെ ആർജവത്വമുള്ള കൂട്ടായ്മ അനുഭവിക്കുവാൻ, ഇന്നത്തെ യുവജനങ്ങൾക്കു സഭയിൽ സാഹചര്യം ഉണ്ടാകണം. സഭാശുശ്രൂഷകരുടെ അധികാരപ്രയോഗങ്ങളോ, എതിർസാക്ഷ്യങ്ങളോ, കഴിവുകേടുകളോ, ആത്മീയദാരിദ്ര്യമോ, സഭയുടെ നേതൃതലത്തിൽ നിന്നുണ്ടായാൽ യുവജനങ്ങൾ അസംതൃപ്തരാകും. ആത്മീയതയും ജീവിതാനുഭവങ്ങളും തേടി അവർ അന്യമേഖലകളിൽ അഭയം തേടിയെന്നുവരാം. അതിനാൽ സഭ ജാഗ്രതയോടെ നിർവഹിക്കേണ്ട ഒന്നാണ് യുവജനപ്രേഷിതത്വം.

***യുവജനങ്ങളോട് ഒരു വാക്ക്***. ക്രിസ്തുവിൽ കവിഞ്ഞൊരു സമ്മാനം ലോകത്തിനു നല്കുവാൻ ദൈവത്തിനില്ല. തന്റെ ഏകജാതനെ തന്നെ നല്കിക്കൊണ്ട് ലോകത്തിനു ജീവൻ നല്കുവാൻ അവിടുന്നു തിരുമനസ്സായി എന്നുള്ളതാണ് ദൈവത്തിനു ലോകത്തോടുള്ള സ്നേഹത്തിന്റെ ഏറ്റവും ഉന്നതമായ പ്രകാശനം. ഈശോയുടെ സുവിശേഷത്തിന്റെ സന്തോഷവും ഇതുതന്നെയാണ്. ദൈവം ഈശോയിലൂടെതന്നെ നമ്മെ സ്നേഹിക്കുന്നു. അവിടുത്തെ കാരുണ്യം നമുക്കു നല്കുന്നു. ഈ സ്നേഹവും കാരുണ്യവുമാണ് ക്രൈസ്തവജീവിതത്തെ മഹത്തരമാക്കുന്നത്. 'നമ്മുടെ മതത്തിന്റെ രഹസ്യം ശ്രേഷ്ഠമാണ്' (1 തിമോ. 3:16) എന്നു വി. പൗലോസ് ശ്ലീഹാ തിമോത്തയോസിനോടു പറയുന്നതിന്റെ അർഥവും ഇതുതന്നെ. എല്ലാ മതങ്ങളിലും നന്മകൾ ഉണ്ട്. എല്ലാ നന്മകളും ക്രൈസ്തവർക്കു സ്വീകാര്യവുമാണ്. എല്ലാ നന്മകൾക്കും ഔന്നത്യം പകരുന്ന നന്മയാണ് ക്രിസ്തു നമുക്കു നല്കിയിരിക്കുന്നത്. ആയിരക്കണക്കിനു വിശുദ്ധർക്കു പ്രചോദനവും സന്ദേശവും സാക്ഷ്യവുമായ കർത്താവായ ക്രിസ്തുവിനെ പൂർണമായും നമ്മുടെ ജീവിതത്തിലേക്കു സ്വീകരിച്ചുകൊണ്ട്, സത്യസന്ധമായി അനു

കരിച്ചുകൊണ്ട്, നമുക്കു നമ്മെ അതിനായി സമർപ്പിക്കാം. സഭാജീവിതത്തിൽ ഉൾച്ചേർന്നുകൊണ്ടുമാത്രമേ ഇപ്രകാരം ക്രിസ്തുവിനെ സ്വീകരിക്കുവാനും അനുകരിക്കുവാനും സാധിക്കുകയുള്ളൂ. സഭയുടെ കൂട്ടായ്മയിൽ നിന്നു ലഭിക്കുന്ന ദൈവവചന അനുഭവവും കൂദാശകളുടെ സ്വീകരണവും പ്രാർഥനാജീവിതവും കൂട്ടായ്മയുടെ പ്രവർത്തനങ്ങളും സംഘടനാപരമായ പരിശ്രമങ്ങളും ക്രിസ്തുവിനെ സ്വന്തം ജീവിതത്തിൽ സ്വീകരിക്കുവാനും മറ്റുള്ളവരുടെ മുമ്പിൽ സാക്ഷ്യപ്പെടുത്തുവാനും യുവജനങ്ങളെ സഹായിക്കുന്ന ഘടകങ്ങളാണ്. അതുവഴി സഭയിലെ നവീകരണയത്നങ്ങളിൽ പങ്കുചേരുവാനും സമൂഹത്തിന്റെ സമുദ്ധാരണത്തിൽ ഭാഗഭാക്കുകളാകുവാനും യുവജനങ്ങൾക്കു കഴിയും. സിനഡിനൊരുക്കമായുള്ള ചർച്ചകളിൽ ഈവക ചിന്തകൾ ഉണ്ടാകുമെന്നു പ്രതീക്ഷിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**+ കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2017-ാം ആണ്ട് മേയ് മാസം 22-ാം തീയതി നൽകപ്പെട്ടത്.

---

**N.B:** 1. ഈ സർക്കുലർ 2017 ജൂൺ 18-ാം തീയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.

2. പ്രാരംഭരേഖയെ അടിസ്ഥാനമാക്കി നമ്മുടെ രൂപതകളിലും സമർപ്പിതസമൂഹങ്ങളിലും ചർച്ചകൾ നടക്കേണ്ടിയിരിക്കുന്നു. യുവജനസംഘടനകളിലും പ്രസ്ഥാനങ്ങളിലും ഈ രേഖ പഠനവിഷയമാക്കി റിപ്പോർട്ടുകൾ തയ്യാറാക്കണം. ഇടവകകളിലും കലാലയങ്ങളിലുമുള്ള എല്ലാ കത്തോലിക്കായുവജനങ്ങളെയും വിളിച്ചുകൂട്ടി സിനഡിന്റെ പ്രാരംഭരേഖ അവതരിപ്പിച്ച് ചർച്ചകൾ നടത്തി ആശയാവിഷ്ക്കരണം നടത്തുന്നതും നന്നായിരിക്കും. ഒരു രൂപതയിലെ എല്ലാ തലങ്ങളിലും നടക്കുന്ന പഠനങ്ങളുടെ സംയുക്തറിപ്പോർട്ട് രൂപതാമെത്രാന്മാർ 2017 ജൂലൈ 30-നകം അയച്ചുതരണമെന്നു നിർദ്ദേശിക്കുന്നു. രൂപതാ യുവജനഡയറക്ടർമാർ ഇക്കാര്യത്തിൽ മെത്രാന്മാരുടെ മാർഗനിർദ്ദേശമനുസരിച്ച് നേതൃത്വം കൊടുക്കുമല്ലോ. എല്ലാ വൈദികരും ഈ സംരഭത്തിനുവേണ്ട സഹകരണം നല്കുമെന്നു പ്രത്യാശിക്കുന്നു.




## 1. ബഹു. വൈദികരുടെ സ്ഥലംമാറ്റവും നിയമനവും (14.05.2016)

| | | | |
|---|---|---|---|
| 1 | അച്ചാണ്ടിയിൽ ജോർജ് | വികാരി | പരിയാരം |
| 2 | ആലവേലിൽ കുര്യാക്കോസ് | പഠന അവധി | |
| 3 | ആനക്കല്ലിൽ ജെയിംസ് | വികാരി | ചരൾ |
| 4 | ആനകുത്തിയിൽ മാത്യു | ,, | പാടിയോട്ടുചാൽ |
| 5 | ആനാനിക്കൽ ജോസ് | ,, | കാഞ്ഞിരക്കൊല്ലി |
| 6 | ആനിക്കാത്തോട്ടത്തിൽ ജേക്കബ് | ,, | കല്ലുമുതിരക്കുന്ന് |
| 7 | ചക്യാരത്ത് മാത്യു | ,, | ശാന്തിനഗർ |
| 8 | ചക്കാനിക്കുന്നേൽ തോമസ് | ,, | പടിമരുത് |
| 9 | ചെമ്പനാനിക്കൽ ജോൺ | ,, | പറമ്പ |
| 10 | ചേന്നാട്ട് അഗസ്റ്റ്യൻ | പ്രൊഫസർ | മംഗലപ്പുഴ സെമിനാരി |
| 11 | ചേന്നോത്ത് സെബാസ്റ്റ്യൻ | വികാരി | പരപ്പ |
| 12 | ചെരിയംപുറത്ത് വർഗ്ഗീസ് | മാനേജർ | കുന്നോത്ത് എസ്റ്റേറ്റ് & വികാരി എടക്കാനം |
| 13 | ചിറയിൽ ജോർജ് | വികാരി | മുടയരഞ്ഞി |
| 14 | എടമുള മാത്യു | ,, | മാനടുക്കം |
| 15 | എളംപുരയിടം ജോസഫ് | ,, | അൽഫോൻസാഗിരി |
| 16 | ഇലവുങ്കുന്നേൽ ജോർജ് (ജൂനി.) | ,, | തടിക്കടവ് |
| 17 | ഇലവുങ്കുന്നേൽ ജോർജ് (സീനി.) | ,, | മണിക്കടവ് |
| 18 | കദളിയിൽ ജോസഫ് | മെഡിക്കൽ അവധി | |
| 19 | കല്ലുങ്കൽ വർഗ്ഗീസ് ഒ.എസ്.എസ്.റ്റി. | വികാരി | ഹൊസങ്കടി |
| 20 | കാനക്കാട്ട് ജോസഫ് | ,, | കള്ളാർ |
| 21 | കണിവേലിൽ ജോസ് | ആത്മീയ പിതാവ് പൊന്ന്യം ഫോർമേഷൻ സെന്റർ | |
| 22 | കാരിക്കൽ മാത്യു | പ്രൊജക്ട് കറസ്പോൻഡന്റ് (അഡീഷണൽ) | |
| 23 | കാരിമറ്റം മൈക്കിൾ | റിട്ടയർമെന്റ് | ശാന്തിഭവൻ |
| 24 | കരിങ്ങാലിക്കാട്ടിൽ ജോർജ് | വികാരി | കൊന്നക്കാട് |
| 25 | കരിങ്ങാലിക്കാട്ടിൽ തോമസ് | പഠന അവധി | |
| 26 | കരോട്ട് ജേക്കബ് | വികാരി | പെരിങ്കരി |
| 27 | കാവനാടി ജോസഫ് | ,, | കണ്ണൂർ |
| 28 | കവിയിൽ ഫിലിപ്പ് | ഡയറക്ടർ | കരുണാലയം, സാന്ത്വനം |
| 29 | കീഴാരത്തിൽ തോമസ് | വികാരി | മഞ്ഞളാംപുറം |

| | | | |
|---|---|---|---|
| 30 | കിഴുതറ ജോർജ് | ,, | ഏറ്റുപാറ |
| 31 | കോച്ചാപ്പള്ളി റോയി സി.എം. | ,, | പച്ചാണി |
| 32 | കോലക്കുന്നേൽ കുര്യാക്കോസ് | വൈസ് റെക്ടർ &പ്രൊക്യുറേറ്റർ, മൈനർ സെമിനാരി | |
| 33 | കൊളുത്താപ്പള്ളി ജോസഫ് | വികാരി | അട്ടക്കണ്ടം |
| 34 | കൂനങ്കിയിൽ ഇമ്മാനുവൽ | ,, | കോഴിച്ചാൽ |
| 35 | കോവാട്ട് ജോർജ് | ഡയറക്ടർ | ഫാമിലി അപ്പൊസ്റ്റൊലേറ്റ് |
| 36 | കുളത്തറ ജോസഫ് | വികാരി | രാജമുടി |
| 37 | കുരിശുംമൂട്ടിൽ ജോസഫ് | ,, | ഉദയപുരം & കോടോത്ത് |
| 38 | മമ്പള്ളിക്കുന്നേൽ ജോസഫ് | റസി. പ്രീസ്റ്റ് | തളിപറമ്പ, |
| 39 | മഞ്ചപ്പള്ളിൽ ജോസഫ് | വികാരി | ഇരിട്ടി, ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ് |
| 40 | മാണിക്കത്താഴെ ജോസ് | ,, | ചെമ്പന്തൊട്ടി |
| 41 | മണിമലത്തറപ്പേൽ മാത്യു | അവധി | |
| 42 | മഞ്ഞളാംകുന്നേൽ ജോസഫ് | സ്പിരിച്ചൽ ആനിമേറ്റർ, മലബാർ ക്രിസ്റ്റീൻ (അഡീഷണൽ) | |
| 43 | മണ്ണൂർ ജോസഫ് | വികാരി | വിമലശ്ശേരി |
| 44 | മേൽവെട്ടം തോമസ് | ,, | പൂപ്പറമ്പ(അഡീഷണൽ ചാർജ്) |
| 45 | മേനാച്ചേരി ലൂയിസ് | ,, | കാലിച്ചാനടുക്കം |
| 46 | മൂഞ്ഞേലിൽ പോൾ | ,, | എണ്ണപ്പാറ |
| 47 | മൂന്നാനപ്പള്ളി ജെയിംസ് | ,, | വിമലഗിരി |
| 48 | മുളങ്ങാട്ടിൽ ഇഗ്നേഷ്യസ് | ,, | കോടോപ്പള്ളി |
| 49 | മുല്ലമംഗലം സെബാസ്റ്റ്യൻ | മെഡിക്കൽ അവധി | |
| 50 | നിരപ്പേൽ അലക്സ് | വികാരി | ചാവറഗിരി |
| 51 | നൂറമ്മാക്കൽ തോമസ് | പാസ്റ്ററൽ മിനിസ്ട്രി, ജർമ്മനി | |
| 52 | ഓലിക്കൽ മാത്യു | വികാരി | തയ്യേനി, അത്തിയടുക്കം |
| 53 | ഓണംകുളം ജോൺ | ,, | പുലിക്കുരുമ്പ |
| 54 | ഒറ്റപ്ലാക്കൽ ജോസഫ് | ,, | പയ്യന്നൂർ |
| 55 | പടിഞ്ഞാറേഅനശ്ശേരിൽ ജോർജ് | ,, | ദീപഗിരി |
| 56 | പടിഞ്ഞാറേമുറിയിൽ പയസ് | ,, | രത്നഗിരി |
| 57 | പള്ളിക്കാമഠത്തിൽ ജോർജ് CMI | ,, | എടപ്പുഴ |
| 58 | പാംപ്ലാനിയിൽ ജോസഫ് | സിഞ്ചെല്ലൂസ് (പാസ്റ്ററൽ കോ-ഓർഡിനേറ്റർ) (അഡീഷണൽ) | |
| 59 | പണ്ടാരപ്പറമ്പിൽ ജോസഫ് | വികാരി | അടോട്ടുകയം & പുല്ലടി |
| 60 | പന്തലാടിക്കൽ ജോസഫ് | പഠന അവധി | |
| 61 | പതിയോട്ടിൽ ജോസഫ് | വികാരി | വെള്ളാട് |
| 62 | പയ്യനാട്ട് മാത്യു | മെഡിക്കൽ അവധി | |

| | | | |
|---|---|---|---|
| 63 | പോണാട്ട് അബ്രഹം | വികാരി | തളിപ്പറമ്പ, പുഷ്പഗിരി, ധർമ്മശാല |
| 64 | പൂവന്നിക്കുന്നേൽ ജോസ് | ,, | മണ്ടളം |
| 65 | പൂവത്താനിക്കൽ ജോൺ പോൾ | വികാരി | വിജയപുരം (ആശാൻകവല), തുരുമ്പി |
| 66 | പൂവത്തിങ്കൽ ഇമ്മാനുവേൽ | ,, | പുളിങ്ങോം |
| 67 | പൂവത്തോലിൽ ജോസഫ് | ,, | കോളയാട് |
| 68 | പൊട്ടനാനി ജോസഫ് | പഠനം | |
| 69 | പൗവ്വത്ത് ജോസഫ് | വികാരി | കുന്നുംകൈ |
| 70 | പുളിക്കക്കുന്നേൽ ജേക്കബ് | ,, | പെരുമ്പുന്ന, മേൽമുരിങ്ങോടി |
| 71 | പുളിന്താനം സെബാസ്റ്റ്യൻ | ആത്മീയ പിതാവ് | HGN സെമിനാരി, കരുണാപുരം |
| 72 | പുഞ്ചത്തറപ്പേൽ ജോർജ് | വികാരി | ചുള്ളി, ആനമഞ്ഞൾ |
| 73 | പുന്നൂർ ആന്റണി | „ | വെമ്പുവ |
| 74 | പുറത്തേമുതുകാട്ടിൽ ഡോൺ ബോസ്കോ | ,, | മാട്ടറ |
| 75 | പുതുപ്പള്ളിൽ സെബാസ്റ്റ്യൻ | അസി. ഡയറക്ടർ | മദർ ഹോം |
| 76 | പുതുശ്ശേരി അബ്രഹം | വികാരി | ബളാൽ |
| 77 | താരാമംഗലം അലക്സ് | പ്രോട്ടോ സിഞ്ചെല്ലൂസ് | |
| 78 | തട്ടാപറമ്പിൽ മാർട്ടിൻ | റെക്ടർ | മാണ്ഡ്യ, മൈനർ സെമിനാരി |
| 79 | തയ്യിൽ ജോസഫ് | വികാരി | പുന്നക്കുന്ന് |
| 80 | തെക്കേക്കുളം മാത്യു | „ | ചെങ്ങോം |
| 81 | തെരുവംകുന്നേൽ തോമസ് | ,, | സ്നേഹഗിരി (ഉമ്മറപൊയിൽ) |
| 82 | തുരുത്തിപ്പള്ളിൽ ജോസഫ് | കമ്മ്യൂണിക്കേഷൻ മീഡിയ (അഡീഷണൽ ചാർജ്) | |
| 83 | തൈക്കുന്നുംപുറം ജോസഫ് | വികാരി | മണിപ്പാറ |
| 84 | വടക്കൻ അഗസ്റ്റ്യൻ | മാനേജർ, | കീഴ്പള്ളി എസ്റ്റേറ്റ് |
| 85 | വടക്കേടം മൈക്കിൾ | റിട്ടയർമെന്റ് | ശാന്തിഭവൻ |
| 86 | വടശ്ശേരിൽ സ്കറിയ | യൂത്ത് ഡിറക്ടർ, & ലെക്ചറർ VJEC | |
| 87 | വാളിപ്ലാക്കൽ തോമസ് | വികാരി | പെരിങ്ങാല |
| 88 | വണ്ടർകുന്നേൽ ജോർജ് | ,, | ചെറുപുഴ |
| 89 | വണ്ടർകുന്നേൽ ജോസഫ് | ,, | ശ്രീകണ്ഠാപുരം, കോട്ടൂർ വയൽ |
| 90 | വരമ്പകത്ത് സ്കറിയ | VJEC വാർഡൻ | |
| 91 | വാരണത്ത് ജോസഫ് | വികാരി | വെളിമാനം |
| 92 | വെങ്കിട്ടക്കൽ ജോൺ | സ്റ്റഡി | |
| 93 | വെണ്ണായപ്പള്ളിൽ ജേക്കബ് | അസി. ഡയറക്ടർ, ഡിഎഫ്സി കോ-ഓർഡിനേറ്റർ | ആൽഫ ഇൻസ്റ്റിറ്റ്യൂട്ട്, |
| 94 | വെട്ടിയാനിക്കൽ ആന്റണി | വികാരി | ചട്ടമല |

**അസിസ്റ്റന്റ് വികാരിമാർ**

| | | |
|---|---|---|
| 1 | ആനചാരി ജോസഫ് | തോമാപുരം |
| 2 | ചിറ്റേട്ട് ആന്റണി | എടൂർ |
| 3 | എടത്തിനകത്ത് പോൾ | തിരുമേനി |
| 4 | കാച്ചപ്പിള്ളി ഡേവിസ് സി.എം. | പച്ചാണി |
| 5 | കാഞ്ഞിരത്തിങ്കൽ ജോസഫ് | ചന്ദനക്കാംപാറ |
| 6 | നടുവിലേക്കുറ്റ് തോമസ് | ആലക്കോട് |
| 7 | വെട്ടുവയലിൽ മാത്യു | കുന്നോത്ത് |
| 8 | ഞാമത്തോലിൽ അബ്രാഹം | പൈസക്കരി |
| 9 | പുതുകുളങ്ങര കുര്യക്കോസ് | മാലോം |
| 10 | വേങ്ങപറമ്പിൽ ജോൺസൺ | കാസർഗോഡ് |
| 11 | വെട്ടിയാനിക്കൽ വർഗ്ഗീസ് | പാലാവയൽ |
| 12 | വലിയപറമ്പിൽ മാത്യു | വെള്ളരിക്കുണ്ട് |
| 13 | മുകളേൽ മാണി സിഎംഎഫ് | നെല്ലിക്കാംപൊയിൽ |
| 14 | തടത്തിൽ സെബാസ്റ്റ്യൻ സിആർഎം | മേരിഗിരി |
| 15 | പാറവെട്ടിയേൽ ആന്റണി സിആർഎം | വെളിമാനം |

## 2. നന്ദിയും സ്വാഗതവും

പച്ചാണി ഇടവകയുടെ വികാരിയായി ആറുവർഷക്കാലം സേവനം ചെയ്ത് മാതൃഭവനത്തിലേക്ക് തിരികെ പോകുന്ന റവ. ഫാ. ബൈജു പാറോക്കാരൻ സി.എം.ന് നന്ദി അറിയിക്കുന്നു. അച്ചന്റെ പരിശ്രമഫലമായാണ് പച്ചാണിയിൽ മനോഹരമായ ഒരു ദൈവാലയം പണി കഴിപ്പിക്കാൻ സാധിച്ചത് എന്ന് പ്രത്യേകം അനുസ്മരിക്കുന്നു.

എടപ്പുഴ ഇടവകയുടെ വികാരിയായി മൂന്നു വർഷക്കാലം ശുശ്രൂഷ ചെയ്തശേഷം സ്വന്തം സന്യാസ സമൂഹത്തിലേക്ക് തിരികെ പോകുന്ന ഫാ. ഐസക് കൊങ്ങാപുഴ സി.എം.ഐ.ക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

തയ്യേനി ഇടവകയിൽ കഴിഞ്ഞ ഒരു വർഷക്കാലത്തോളം സേവനമനുഷ്ഠിച്ച നോർബർട്ടൈൻ സഭാംഗങ്ങളായ ഫാ. വർഗീസ് കുന്നത്ത്, ഫാ. ജോസഫ് ചെമ്പോട്ടിക്കൽ എന്നീ ബഹു. അച്ചന്മാർക്ക് തലശ്ശേരി അതിരൂപതയുടെ കൃതജ്ഞത അറിയിക്കുന്നു.

വിവിധ ഇടവകകളിൽ കൊച്ചച്ചന്മാരായി സേവനമനുഷ്ഠിച്ചിരുന്ന ഫാ. ജോസഫ് അറയ്ക്കൽപുത്തൻവീട് എം.എസ്.ടി. (തിരുമേനി), സെബസ്റ്റ്യൻ കണ്ടത്തിൽ സി.എം. (പച്ചാണി), ഫാ. തോമസ് പെരുമ്പുഴക്കടവിൽ എച്ച്.ജി.എൻ. (മാലോം), ഫാ. ജേക്കബ് പടിഞ്ഞാറേമുറിയിൽ സി.എം.എഫ്. (നെല്ലിക്കാംപൊയിൽ), ഫാ. ജോസഫ് മുല്ലത്തലശ്ശേരിൽ ഒ.എഫ്.എം.

(ക്യാപ്) (മണിക്കടവ്), ഫാ. കുര്യാക്കോസ് കന്നുകെട്ടിയേൽ എസ്.ഡി.ബി. (മണ്ടളം) ഫാ. സജീഷ് ആലപ്പാട്ട്, സി.എം.ഐ. (കൊളക്കാട്), ഫാ. തോമസ് പാറേക്കാട്ടിൽ എസ്.ഡി.ബി. (പൈസക്കരി), ഫാ. ജോസഫ് പേണ്ടാനത്ത് സി.എം.ഐ. (നെല്ലിക്കുറ്റി) എന്നിവർ മാതൃഭവനങ്ങളിലേക്ക് തിരിച്ചു പോവുകയാണ്. അവരുടെ സ്തുത്യർഹമായ സേവനം അതിരൂപത നന്ദിപൂർവ്വം ഓർമ്മിക്കുകയും പുതിയ പ്രവർത്തനമേഖലകളിൽ എല്ലാ ദൈവാനുഗ്രഹവും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അതിരൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ഫാ. മാണി മുകളേൽ സി.എം.എഫ്., ഫാ. സെബാസ്റ്റ്യൻ തടത്തിൽ സി.ആർ.എം., ഫാ. ആന്റണി പാറവെട്ടിയേൽ സി.ആർ.എം. എന്നീ വൈദികർക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു. അതിരൂപതയിലെ അവരുടെ സേവനം ദൈവാനുഗ്രഹപ്രദമാകട്ടെ.

## 3. കൃതജ്ഞത

പെരിയ ബഹു. അബ്രാഹം പോണാട്ടച്ചൻ 2012 മെയ് മാസം മുതൽ തലശ്ശേരി അതിരൂപതയുടെ സിൻചെല്ലൂസും പ്രോട്ടോ സിൻചെല്ലൂസുമായി സേവനം അനുഷ്ഠിച്ചുവരികയായിരുന്നു. 2017 മെയ് 27ന് അദ്ദേഹം തൽസ്ഥാനത്തുനിന്ന് വിരമിച്ച് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ഇടവകയുടെ വികാരിയായി ചുമതലയേറ്റെടുത്തു. തന്റെ പരിചയസമ്പന്നതയും നയചാതുര്യവുംകൊണ്ട് കഴിഞ്ഞ അഞ്ച് വർഷക്കാലം അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം അതിരൂപതയെ സ്തുത്യർഹമായ വിധത്തിൽ നയിക്കാൻ അച്ചന് സാധിച്ചു. അച്ചന്റെ നിസ്തുലമായ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുകയും പുതിയ പ്രവർത്തനരംഗത്ത് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുകയും ചെയ്യുന്നു.

കഴിഞ്ഞ ഒരുവർഷക്കാലം പ്രൊക്കുറേറ്ററച്ചന്റെ ഓഫീസിൽ സേവനുഷ്ഠിച്ചിരുന്ന സി. അഞ്ജലി എസ്.എ.ബി.എസ്. പുതിയ ശുശ്രൂഷ രംഗത്തേക്ക് മാറി. സിസ്റ്ററിന്റെ സേവനങ്ങൾക്ക് അതിരൂപത ഹൃദ്യമായ നന്ദി അറിയിക്കുന്നു.

## 4. അഭിനന്ദനങ്ങൾ

ഫാ. ഫിലിപ്പ് കവിയിൽ ഓസ്ട്രിയയിലെ ഇൻസ്ബ്രുർഗ് യൂണിവേഴ്സിറ്റിയിൽനിന്നും ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടറേറ്റ് നേടി തിരിച്ചെത്തിയിരിക്കുന്നു. അച്ചന്റെ തീസിസിന്റെ വിഷയം Table fellowship and Kingdom of God എന്നതാണ്. അച്ചൻ ചെമ്പേരി കരുണാലയം, സാന്ത്വനം സ്ഥാപനങ്ങളുടെ ഡയറക്ടറായി നിയമിതനായിരിക്കുകയാണ്. അച്ചന് ഹൃദയംഗമമായ അഭിനന്ദനങ്ങൾ!

## 5. പുതിയ ഇടവകകൾ

**ശാന്തിഗിരി (കള്ളാർ) :** പനത്തടി ഇടവകാതിർത്തിയിൽ 2003ൽ ഉണ്ണിമിശിഹായുടെ നാമത്തിൽ സ്ഥാപിതമായ ശാന്തിഗിരി (കള്ളാർ) കുരിശുപള്ളി ഇടവകയെ 2017 മെയ് 14ന് അഭിവന്ദ്യ പിതാവ് സ്വതന്ത്ര ഇടവകയായി ഉയർത്തി. ഇപ്പോൾ 250-ഓളം കുടുംബങ്ങൾ ഉള്ള ഈ ഇടവക കാഞ്ഞങ്ങാട് - പാണത്തൂർ ദേശീയപാതയിൽ വളരെയധികം വികസന സാധ്യതയുള്ള സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. അതിരൂപതയിലെ 195-ാമത്തെ ഇടവകയായ ശാന്തിഗിരി ഇടവകയുടെ പ്രഥമ വികാരി ഫാ. ജോസഫ് കാനക്കാട്ട് ആണ്.

വിലാസം : ഇൻഫന്റ് ജീസസ് ചർച്ച്, ശാന്തിഗിരി - കള്ളാർ
മാലക്കല്ല് പി.ഒ. - 671532

**പറമ്പ :** മാലോം ഇടവകാതിർത്തിയിൽ പറമ്പ പ്രദേശത്ത് 2008ൽ പരിശുദ്ധ കന്യകാമറിയത്തിന്റെ നാമത്തിൽ സ്ഥാപിതമായ പറമ്പ കുരിശുപള്ളി ഇടവകയെ 2017 മെയ് 14-ാം തീയതി അഭിവന്ദ്യ പിതാവ് സ്വതന്ത്ര ഇടവക യായി ഉയർത്തി. ഇപ്പോൾ 160-ഓളം കുടുംബങ്ങൾ ഉള്ള ഈ ഇടവക മലയോര ഹൈവേയിൽ വള്ളിക്കടവ് - ചിറ്റാരിക്കാൽ റോഡിന് സമീപ ത്തായാണ് സ്ഥിതി ചെയ്യുന്നത്. തലശ്ശേരി അതിരൂപതയിലെ 196-ാമത്തെ ഇടവകയായ പറമ്പയുടെ പ്രഥമ വികാരി ഫാ. ജോൺ ചെമ്പനാനിക്കൽ ആണ്.

വിലാസം : സെന്റ് മേരീസ് ചർച്ച്
പറമ്പ പി.ഒ. - 671326 കാസർഗോഡ് ജില്ല

**ഹൊസങ്കടി :** കാസർഗോഡ് ഇടവകയുടെ കീഴിൽ മഞ്ചേശ്വരം പ്രദേശത്തെ വിശ്വാസികൾക്കുവേണ്ടി 2013-ൽ ഉണ്ണിമിശിഹായുടെ നാമ ത്തിൽ സ്ഥാപിതമായ ദൈവാലയമാണ് ഹൊസങ്കടി (ഉദയനഗർ). 40-ഓളം ഇടവകക്കാർ ഉള്ളതും അതിവിശാലമായ സ്ഥലത്തു പരന്നു കിടക്കുന്നതുമായ ഈ കുരിശുപള്ളി ഇടവകയെ 2017 മെയ് 21-ാം തീയതി അഭിവന്ദ്യ പിതാവ് അർദ്ധ സ്വതന്ത്ര ഇടവകയായി ഉയർത്തിയിരിക്കുന്നു. ഈ ഇടവകയുടെ വികാരിയായി കാസർഗോഡ് ബേളയിൽ സ്ഥിതി ചെയ്യുന്ന ഓർഡർ ഓഫ് മോസ്റ്റ് ഹോളി ട്രിനിറ്റി (ഒ.എസ്.എസ്.ടി) സന്ന്യാസ സമൂഹത്തിലെ ഫാ. വർഗീസ് കല്ലൂങ്കൽ അച്ചനെ നിയമിച്ചിരിക്കുന്നു. ഹൊസങ്കടി അർദ്ധസ്വതന്ത്ര ഇടവകയുടെ താല്ക്കാലിക ചുമതല ഏറ്റെടുക്കാനുള്ള സന്മനസ്സു കാണിച്ച ഹോളിട്രിനിറ്റി സന്യാസസമൂഹ ത്തിന്റെ അധികാരികൾക്ക് നന്ദി അറിയിക്കുന്നു.

വിലാസം : ഇൻഫന്റ് ജീസസ് ചർച്ച്, ഹൊസങ്കടി
മഞ്ചേശ്വരം പി.ഒ. - 671323
ഫാ. വർഗീസ് (മെബി) കല്ലുങ്കൽ, ഫോൺ: 8089176805

## 6. വികാരി മാറ്റ റിപ്പോർട്ട്

ബഹു. വികാരിച്ചന്മാരുടെ സ്ഥലം മാറ്റത്തോടനുബന്ധിച്ച് സ്ഥലം മാറുന്ന വികാരിയും പുതിയ വികാരിയും ഒപ്പിട്ട വികാരി മാറ്റ റിപ്പോർട്ടിന്റെ കോപ്പി ഇനിയും ഏതാനും ഇടവകകളിൽനിന്നുകൂടി അതിരൂപതാ കച്ചേരിയിൽ ലഭിക്കാനുണ്ട്. ഇനിയും വികാരി മാറ്റ റിപ്പോർട്ട് അയയ്ക്കാത്ത ഇടവകകൾ 2017 ജൂൺ 15ന് മുമ്പ് കച്ചേരിയിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

## 7. പത്രോസിന്റെ കാശ് പിരിവ്

എല്ലാവർഷവും ജൂൺ മാസത്തിൽ വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ചാണ് പത്രോസിന്റെ കാശ് പിരിക്കുന്നത്. ഈ സംഭാവന നല്കുന്നതിലൂടെ സാർവ്വത്രിക സഭയുടെ പ്രവർത്തനങ്ങളിൽ ഓരോ വിശ്വാസിയും പങ്കാളിയാവുകയാണ്. ജൂൺ 29നാണ് വി. പത്രോസ്, പൗലോസ് ശ്ലീഹാന്മാരുടെ തിരുനാൾ. അതിന്റെ തലേ ഞായറാഴ്ച ജൂൺ 25-ാം തീയതി ഈ തിരുനാളിനെക്കുറിച്ചും പത്രോസിന്റെ കാശ് പിരിവിനെക്കുറിച്ചും ജനങ്ങളെ അറിയിച്ച് അന്നത്തെ സ്തോത്രക്കാഴ്ചയെടുത്ത് അതിരൂപതാകേന്ദ്രത്തിൽ എത്തിക്കുമല്ലോ.

## 8. സീറോ-മലബാർ സഭാദിനം - ജൂലൈ 3

നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാനത്തിരുനാൾ ദിനമായ ജൂലൈ-3 സീറോ-മലബാർ സഭാദിനമായാണല്ലോ നാം ആചരിക്കുന്നത്. അന്നത്തെ സ്തോത്രക്കാഴ്ച സീറോ-മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ പ്രവർത്തനഫണ്ടിലേക്ക് നല്കുന്നതിനുവേണ്ടിയാണ് സമാഹരിക്കുന്നത്. ഒരു വ്യക്തി കുറഞ്ഞത് രണ്ടു രൂപയെങ്കിലും സ്തോത്രക്കാഴ്ചയായി നല്കണം. പിരിഞ്ഞു കിട്ടുന്ന തുക ജൂലൈ 15-നുമുമ്പ് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

## 9. പാരീഷ് കൗൺസിൽ അംഗങ്ങൾക്കുള്ള പരിശീലനപരിപാടി

പുതിയ പാരീഷ് കൗൺസിൽ അംഗങ്ങൾക്കുവേണ്ടി ഒരു പരിശീലന പരിപാടി ജൂൺ മാസം 17,18 തീയതികളിലായി നടത്തപ്പെടുന്നു. എല്ലാ ഫൊറോനാ കേന്ദ്രങ്ങളിലും വച്ച് നടത്തപ്പെടുന്ന ഈ പരിശീലന പരിപാടിയിലേക്ക് പുതുതായി രൂപീകരിച്ച പാരീഷ് കൗൺസിലുകളിലെ അംഗങ്ങളെ നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്. അംഗങ്ങളുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചുള്ള ഒരു ക്ലാസ്സും നവംബറിൽ നടക്കുന്ന അതിരൂപതാ യോഗത്തിന്റെ മാർഗ്ഗരേഖയെക്കുറിച്ചുള്ള ഒരു ക്ലാസ്സും അവർക്ക് നല്കുന്നതാണ്. ഓരോ

ഫൊറോനയിലും ക്ലാസ്സുകൾ നടത്തുന്ന ദിവസവും സമയവും പെരിയ ബഹു. ഫൊറോന വികാരിമാരെ അറിയിക്കുന്നതാണ്.

## 10. അതിരൂപതായോഗം മാർഗ്ഗരേഖ

2017 നവംബർ മാസത്തിൽ നടക്കുന്ന അതിരൂപതായോഗത്തിൽ ചർച്ച ചെയ്യാനുള്ള വിഷയങ്ങളുടെ മാർഗ്ഗരേഖ തയ്യാറായിട്ടുണ്ട്. അത് എല്ലാ ഇടവകകളിലും ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി വാർഡ് പ്രാർത്ഥനാ യോഗങ്ങൾ, പാരീഷ് കൗൺസിൽ യോഗം, സംഘടനകളുടെയും സൺഡേ സ്കൂൾ അധ്യാപകരുടെയും മീറ്റിംഗുകൾ എന്നിവയിൽ ചർച്ച ചെയ്ത് ക്രോഡീകരിച്ചു ഒരു റിപ്പോർട്ട് 2017 ആഗസ്റ്റ് 20-നു മുമ്പ് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. മാർഗ്ഗരേഖയുടെ കോപ്പികൾ ജൂൺ 17, 18 തീയതികളിൽ ഫൊറോന കേന്ദ്രങ്ങളിൽ വിതരണം ചെയ്യുന്നതാണ്.

## 11. ബഹു. വൈദികരുടെ വാർഷികധ്യാനം

നമ്മുടെ അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. വൈദികരുടെ വാർഷികധ്യാനം 2017 ജൂലൈ മാസം 9 മുതൽ 14 വരെ തലശ്ശേരി മൈനർ സെമിനാരിയിൽവച്ചും ജൂലൈ 17 മുതൽ 21 വരെ പരിയാരം മദർ ഹോം ധ്യാനകേന്ദ്രത്തിൽവച്ചും നടത്തപ്പെടുന്നതാണ്. ഓരോ ബാച്ചിലും സംബന്ധിക്കേണ്ട വൈദികരുടെ ലിസ്റ്റ് ഈ ലക്കം ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്. നിശ്ചയിക്കപ്പെട്ടിരിക്കുന്ന ബാച്ചുകളിൽത്തന്നെ എല്ലാ ബഹു. വൈദികരും ധ്യാനത്തിന് സംബന്ധിക്കാൻ ശ്രദ്ധിക്കുമല്ലോ.

## 12. ഫൊറോന വികാരിമാരുടെ യോഗം

നമ്മുടെ അതിരൂപതയിലെ എല്ലാ ബഹു. ഫൊറോന വികാരിമാരുടെയും ഒരു യോഗം 2017 ജൂൺമാസം 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ആർച്ച്ബിഷപ്പ് ഹൗസിൽവച്ച് ചേരുന്നതാണ്. എല്ലാ ഫൊറോന വികാരിയച്ചന്മാരും പ്രസ്തുത മീറ്റിംഗിൽ കൃത്യസമയത്തുതന്നെ എത്തി സംബന്ധിക്കണമെന്ന് അറിയിക്കുന്നു.

## 13. അഭിനന്ദനം

തലശ്ശേരി കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസി ഏർപ്പെടുത്തിയ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പുരസ്ക്കാരത്തിന് അർഹനായ മോൺ മാത്യു എം. ചാലിലിന് അതിരൂപതയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. അച്ചന്റെ വിദ്യാഭ്യാസരംഗത്തെ സംഭാവനകൾ പരിഗണിച്ചാണ് ഈ അവാർഡ് സമ്മാനിച്ചിരിക്കുന്നത്.

## 14. ആദരാഞ്ജലി

**സി. ആനി ജോസ് വെള്ളാനാൽ എസ്.എച്ച്. :** തിരുഹൃദയസന്യാസിനീ സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗ



മായ സി. ആനി ജോസ് വെള്ളാനാൽ എസ്.എച്ച് (88) 2017 മെയ് 8ന് നിര്യാതയായി. നിർമ്മലഗിരി സാൻജോസ് ഭവനിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്നു. തരിയോട്, കൂരാച്ചുണ്ട്, കല്ലാനോട്, വായാട്ടുപറമ്പ്, പൈസക്കരി, പേരാവൂർ, മാങ്ങോട്, കരുവഞ്ചാൽ, സിദ്ധാപുരം എന്നീ സ്ഥലങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. പേരാവൂർ ഫോറോനാ പള്ളിയിൽ നടന്ന മൃതസംസ്ക്കാരശുശ്രൂഷകൾക്ക് മാർ ജോർജ് വലിയമറ്റം, മോൺ. അലക്സ് താരാമംഗലം എന്നിവർ നേതൃത്വം കൊടുത്തു. പരേതയുടെ നിസ്തുലമായ സേവനങ്ങളെ നന്ദിയോടെ അനുസ്മരിക്കുകയും ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 15. സ്നേഹസ്മൃതി

| | | | |
|---|---|---|---|
| 1. | റവ. ഫാ. ഷാബോർ വള്ളവന്തറ സി.എം.ഐ | - | 01-06-1963 |
| 2. | റവ. ഫാ. റാഫേൽ തറയിൽ | - | 03-06-2007 |
| 3. | റവ. ഫാ. സിറിയക് ചെമ്മാഴം | - | 04-06-1985 |
| 4. | റവ. ഫാ. മാത്യു വില്ലന്താനം | - | 05-06-2015 |
| 5. | റവ. ഫാ. തോമസ് കാട്ടൂർ | - | 08-06-1977 |
| 6. | റവ. ഫാ. ജോൺ വിയാനി സി.എം.ഐ. | - | 09-06-1986 |
| 7. | റവ. ഫാ. ഫ്രെഡറിക് ആലഞ്ചേരി സി.എം.ഐ. | - | 10-06-1982 |
| 8. | റവ. ഫാ. സെബാസ്റ്റ്യൻ പുളിയന്മാക്കൽ | - | 10-06-1994 |
| 9. | റവ. ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര | - | 11-06-2005 |
| 10. | റവ. ഫാ. മാത്യു കുരുവൻപ്ലാക്കൽ | - | 15-06-2015 |
| 11. | റവ. ഫാ. പോൾ മൂശാരിയേട്ട് | - | 19-06-2006 |
| 12. | റവ. മോൺ. ജേക്കബ് വാരികാട്ട് | - | 21-06-2001 |
| 13. | റവ. ഫാ. ജോസഫ് അടിപുഴ | - | 21-06-2008 |
| 14. | റവ. ഫാ. സെബാസ്റ്റ്യൻ സി.എം.ഐ. | - | 24-06-1974 |
| 15. | റവ. മോൺ. വർക്കി കുഴികുളത്തിൽ | - | 24-06-2009 |
| 16. | റവ. ഫാ. ഫുൾജെൻസിയൂസ് തെക്കേമാളിയേക്കൽ സി.എം.ഐ. | - | 25-06-1970 |
| 17. | റവ. ഫാ. മരിയാനൂസ് കുഴുപ്പിൽ സി.എം.ഐ. | - | 24-06-2003 |
| 18. | റവ. ഫാ. ജോൺ വിയാനി സി.എം.ഐ. | - | 26-06-1986 |
| 19. | റവ. ഫാ. അന്തോണിനൂസ് കണിയാംകുന്നേൽ സി.എം.ഐ. | - | 28-06-2004 |
| 20. | റവ. ഫാ. അഗസ്റ്റിൻ വിലങ്ങപ്പാറ സി.എം.ഐ. | - | 30-06-2007 |

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# <u>Participants of Annual Retreat</u>

## At St. Josephs' Minor Seminary, Tellicherry

## (09-14 July 2017)

## Rev. Fathers:

1. Alappattu George
2. Anacharil Joseph
3. Anakuthiyil Mathew
4. Ananickal Jose
5. Anickathottathil Jacob
6. Anthyamkulam Johnson
7. Arackal Kuriakose
8. Asarikunnel George
9. Asariparambil Mathew
10. Chakeyarath Mathew
11. Chakkittamuriyil Thomas
12. Chanakkattil Antony
13. Chellamkott James
14. Chellamkott Mathew
15. Chennatt Philip
16. Cheruvil Thomas
17. Edathinakath Paul
18. Edayadiyil Sebastian
19. Elampurayidom Joseph
20. Elavumkunnel George (Sr)
21. Eruppakkatt Philip
22. Ezhuparayil Sebastian
23. Kakkaramattathil Joseph
24. Kalappura George
25. Kalarimuriyil George
26. Kallumkal Mathew
27. Kandathil Paul
28. Kanivelil Joseph
29. Kanjirakkatu George
30. Karakkattu Kuriakose
31. Karakkattu Philip
32. Karimpoozhickal Joseph
33. Karingalikkattil George
34. Karott George
35. Kaviyil Philip
36. Keechankeriyil Joseph
37. Keezharathil Thomas
38. Kidarathil Thomas
39. Kizhakarakkatt Joseph
40. Kizhakethalackal Martin
41. Kizhuthara George
42. Kochukarott Thomas
43. Kochupurackal Abraham
44. Kochuveettil Peter
45. Kodimattathil George
46. Kolakunnel Kuriakose
47. Kollakombil George
48. Koonanickal Thomas
49. Koonankiyil Emmanuel
50. Kottarathil Joseph
51. Kovattu George
52. Kovoorputhenpurayil John
53. Kudiparambil Chacko
54. Kulathara Joseph
55. Kumbuckal Joseph
56. Kurisummoottil Joseph
57. Kuzhianimattam Joseph
58. Kuzhippallil Mathew
59. Manappathuparambil Sebastian
60. Manavath Thomas
61. Manjalamkunnel Joseph
62. Mannaprambil Varghese
63. Mappilaparambil Thomas (Jr.)
64. Mattathil Francis
65. Mattathil Isaac
66. Mechirakath Francis
67. Mookkilikkattu Sebastian

68. Mukalel Mani CMF
69. Mullakkara John
70. Mullappallil Mathew
71. Mundamattam Thomas
72. Muthukunnel Antony
73. Naduvilekuttu Thomas
74. Narikuzhi Mathew
75. Neendoor Thomas
76. Nellithanathil Dennis
77. Nelluvelil John OPraem
78. Nirappel Alex
79. Nirappel Scaria
80. Noorammackal John
81. Njamatholil Abraham
82. Orathel Kuriakose
83. Ottaplackal Abraham
84. Padinjaremuri Pious
85. Palakuzhi Sebastian
86. Pallineerackal Jacob
87. Pandaraparambil Joseph
88. Panthalady Joseph
89. Parappalliath Martin
90. Parathepathickal Antony
91. Paravarakath Mathew
92. Pathickal Thomas
93. Pazheparambil George
94. Poovatholil Joseph
95. Poovathanikunnel Scaria
96. Pothanamala Mathew
97. Pottanani Joseph
98. Pravarthummalayil Mathew
99. Pullolickal Thomas
100. Punchatharappel George
101. Purathemuthukattil Don Bosco
102. Puthenpurackal Xavier (Sr)
103. Puthukulangara Kuriakose
104. Puthumana George
105. Puthuppallil Sebastian
106. Rathappillil Joseph
107. Sasthampadavil Mathew
108. Thadathil Sebastian CRM
109. Tharamangalam Alex
110. Thayyil Thomas
111. Thazhappallil Sebastian
112. Thekemuiryil Mathew
113. Thekekulam Mathew
114. Thengumpallil Thomas
115. Thuruthippallil Joseph
116. Thykunnumpuram Joseph
117. Thythottam Thomas
118. Vadakemulanjanal Thomas
119. Vadakkan Augustine
120. Vadaserry Scaria
121. Valavanal Mathew
122. Valiaparambil Mathew
123. Valiplackal Thomas
124. Valloppilly Paul
125. Vanderkunnel George
126. Vanderkunnel Joseph
127. Varambakath Lazar
128. Varambakath Scaria
129. Varanath Joseph
130. Vayalumkal Joseph
131. Vazhakatt John
132. Vellaringattu George
133. Vengakunnel Mathew
134. Vengaparambil Johnson
135. Venkittackal John
136. Vennayappilly Jacob
137. Vettiyanickal Antony
138. Vettiyanickal Varghese
139. Veettiyankal Joseph
140. Vettuvayalil Mathew

# Participants of Annual Retreat

## At Mother Home, Pariyaram (16-21 July 2017)

**Rev. Fathers :**

1. Achandy George
2. Adatt Mathew HGN
3. Alamkott Mathew
4. Alosius Polackal OFM (CONV)
5. Amakkattu Thomas
6. Ambattu Sebastian
7. Anakkallil Antony
8. Anakkallil James
9. Anithanam Joseph
10. Areekunnel George
11. Attangattil Thomas
12. Attel Mani
13. Chakkananickal Scaria
14. Chakkanikunnel Thomas
15. Chalil Mathew
16. Chathampadathil Sebastian SDB
17. Chathanattu Joseph
18. Chathanattu Joseph CST
19. Chelamaram George
20. Chempananickal John
21. Chennappally George
22. Chennoth Sebastian
23. Cheriampurath Varghese
24. Cheripuram Sebastian
25. Chirayil George
26. Chittettu Antony
27. Chittilappally Thomas
28. Edamulayil Mathew
29. Elamthuruthipadavil Mathew
30. Elavumkunnel George (Jr)
31. Elukunnel George
32. Enacheril Joseph
33. Ittiyeppara Sebatian
34. Kalarickal Joseph
35. Kalarickal Kuriakose
36. Kanakkattu Joseph
37. Kanjirathinkal Joseph
38. Kannamkulathel Joseph
39. Karickal Mathew
40. Karickathadathil George
41. Karinattu Joseph
42. Karingalikkattil Thomas
43. Karottu Jacob
44. Karukamalil Joseph
45. Kattakkayam Thomas
46. Kavanadiyil Joseph
47. Kayammackal Mathew
48. Kochappilly Roy CM
49. Kodakanady George
50. Koluthappally Joseph
51. Konickal Mathew
52. Korattiparambil Joseph
53. Kottukappally Thomas
54. Koyipuram Joseph
55. Kureekkattil Jose
56. Kuttikkattukunnel Jacob
57. Madassery Lukose
58. Madathimyalil Abraham
59. Malakkaran Joseph
60. Mampallikunel Joseph
61. Manchappally Joseph
62. Manickathazhe Jose
63. Manimalatharappil Mathew
64. Manjalamkunnel Antony
65. Mannoor Jose
66. Mannoramparambil Thomas
67. Mattappallil Lukose
68. Melvettath Thomas
69. Melvettom Mani

70. Menacherry Louis
71. Moonjelil Paul
72. Moonnanappally James
73. Mulangattil Ignatius
74. Mullamangalam Sebastian
75. Mundackal Jose
76. Mundaplackal Kuriakose
77. Muttathupara Sebastian
78. Nedungattu Jacob
79. Nelluvelil George
80. Nirappel Joseph
81. Nooranmackal Joseph
82. Olickal Mathew
83. Onamkulam John
84. Ottaplackal Joseph
85. Padinjareanisseril George
86. Paimpillil Thomas
87. Palamattam Mathew
88. Pallickamadathil George CMI
89. Pallikunnel Antony
90. Pampackal Thomas
91. Pamplani Joseph
92. Pandiammackal Augustine
93. Paravettiel Antony CRM
94. Pathiyottil Joseph
95. Pattamkulam Thomas
96. Payyanatt Mathew
97. Podimattam Sebastian
98. Ponatt Abraham
99. Ponnambel John
100. Poothottal Joseph CSJBP
101. Poovannikunnel Joseph
102. Poovathanickal John Paul
103. Poovathinkal Emmanuel
104. Pottemplackal Mathew
105. Poweth Joseph
106. Pulickakunnel Jacob
107. Pulickal George
108. Pulickal Sebastian
109. Pulimalayil Paul MST
110. Pulinthanam Sebastian
111. Punnure Antony
112. Puthennadayil James
113. Puthenpura James OFM (Cap)
114. Puthenpurackal Xavier (Jr)
115. Puthiakunnel Joseph
116. Puthuppallimyalil Mathew MST
117. Puthussery Abraham
118. Puthussery Joseph
119. Rathappallil Francis
120. Rathappallil Joseph CMI
121. Thadathimackal Varkey
122. Thayyil Joseph
123. Thekemuriyil Antony
124. Thekkel Andrews
125. Thekumcheril George
126. Thelakkattu Xavier
127. Thenammackal Joseph
128. Theruvamkunnel Thomas
129. Thonippara Abraham
130. Thotteethara Antony VC
131. Thottiyil Jomy PSDP
132. Thundathil Joseph
133. Thykunnunmpuram George
134. Vadakemuriyil Abraham CMI
135. Vadakemuriyil Thomas
136. Vadakeparambil Joseph
137. Valimalayil Joseph CST
138. Vallimala George
139. Varghese Kallumkal OSST
140. Varickanickal Martin
141. Vazhakattu Sebastian
142. Vemmenikkattayil Sebastian
143. Vettickal Jose

# Priests' Home Construction

## Priests' Contribution

| | | |
|---|---|---|
| 1. | Rev. Fr. Mathew Kallumkal | 5,000 |
| 2. | Rev. Fr. John Mannoor | 50,761 |
| 3. | Rev. Fr. Mathew M. Chalil | 25,000 |
| 4. | Rev. Fr. Joseph Kumbuckal | 1,50,000 |
| 5. | Rev. Fr. John Kaniyampalackal | 48,100 |
| 6. | Rev. Fr. Thomas Mudavanattu | 48,230 |
| 7. | Rev. Fr. Thomas Mappilapparambil | 1,39,356 |
| 8. | Rev. Fr. Joseph Vanderkunnel | 10,000 |
| 9. | Rev. Fr. Joby Karintholil | 1,00,000 |

## Institutions' Contribution

| | | |
|---|---|---|
| 1. | Little Flower School Karuvanchal | 25,000 |
| 2. | St. Mary's Church, Manippara | 50,000 |
| 3. | St. Thomas Church, Deepagiri | 10,000 |
| 4. | St. Antony'sl Church, Peratta | 10,000 |
| 5. | Merciful Jesus Church, Kanakakunnu | 25,000 |
| 6. | St. John's Church, Palavayal | 2,00,000 |
| 7. | MSMI Provincial House, Kannur | 10,000 |

# ഇന്റർനെറ്റ് മിഷൻ

അതിരൂപതാ ഇന്റർനെറ്റ് മിഷന്റെ പ്രവർത്തനങ്ങളോട് സഹകരിക്കുന്നതിൽ എല്ലാ പ്രിയപ്പെട്ട വൈദികരോടും ഇടവക സെക്രട്ടറിമാരോടും നന്ദി അറിയിക്കുന്നു. കണക്കുകൾ കമ്പ്യൂട്ടർ വത്കരിക്കാനുള്ള ഏതാനും ഇടവകകൾകൂടി ബാക്കിയുണ്ടല്ലോ. ഉടൻതന്നെ തങ്ങളുടെ അക്കൗണ്ടുകൾ കമ്പ്യൂട്ടർവത്കരിക്കാൻ പ്രസ്തുത ഇടവകകൾ ശ്രദ്ധിക്കുമല്ലോ.

## 1. കമ്പ്യൂട്ടർവത്കൃത മാസതിരട്ട്

ഈ സാമ്പത്തികവർഷം മുതൽ ഏപ്രിൽ മാസംമുതലുള്ള ഇടവകകളുടെ മാസതിരട്ട് ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ എന്ന കാര്യം ഓർമ്മിക്കുമല്ലോ. പേപ്പർ രീതിയിലുള്ള തിരട്ട് സംവിധാനം അതിനാൽ തന്നെ അവസാനിച്ചതാണ്. ചാരിറ്റബിൾ അക്കൗണ്ടുകളായി സൂക്ഷിക്കപ്പെടേണ്ട ഇടവകകണക്കുകൾ എപ്പോൾ ആവശ്യപ്പെട്ടാലും ഓഡിറ്റേഴ്സിന് ലഭ്യമാക്കേണ്ടതിനാൽ കമ്പ്യൂട്ടർവത്കരിക്കാനുള്ള കാര്യത്തിൽ ഒരു ഇളവും നൽകരുതെന്ന് ഓഡിറ്റേഴ്സിന്റെയും കർശനനിർദ്ദേശമുണ്ട്. ആയതിനാൽ കണക്കുകൾ കമ്പ്യൂട്ടർവത്കരിക്കുന്നതിലും മാസതിരട്ട് കൃത്യമായി ഓൺലൈനിൽ അയക്കുന്നതിലും എല്ലാവരും ശ്രദ്ധിക്കുമല്ലോ.

## 2. മാസതിരട്ട് അയ്ക്കാൻ

കഴിഞ്ഞമാസത്തെ കണക്ക് പാരീഷ്കൗൺസിലിൽ പാസാക്കിയതിനുശേഷം സോഫ്റ്റ്വെയറിലെ സബ്മിറ്റിംഗ് സംവിധാനത്തിലൂടെ കണക്കുകൾ അതിരൂപതയിലേയ്ക്ക് അയക്കാനാകും. അതിനുള്ള സ്റ്റെപ്പുകൾ താഴെ ചേർക്കുന്നു. കണക്ക് അതിരൂപതയ്ക്ക് അയച്ചു കഴിഞ്ഞാൽ അതിൽ തിരുത്തലുകൾ നടത്താൻ സാധിക്കുകയില്ല.

go to side menu

↓

select **verify and approve accounts**

↓

select **financial year and month**

↓

click **send for verification**

## 3. ആത്മസ്ഥിതി രജിസ്റ്റർ കമ്പ്യൂട്ടർ വത്കരിക്കാൻ

ആത്മസ്ഥിതി രജിസ്ട്രറിലെ വിവരങ്ങൾ കമ്പ്യൂട്ടർവത്കരിക്കാൻ ആഗ്രഹിക്കുന്ന ഇടവകകൾ, ഇന്റർനെറ്റ് മിഷൻ ഓഫീസിൽ അറിയിച്ചാൽ

ഓൺലൈനായി പ്രസ്തുത സോഫ്റ്റ് വെയർ നൽകുന്നതാണ്. ഇടവകയിലെ മുഴുവൻ കുടുംബാംഗങ്ങളുടെയും വിവരശേഖരണം പൂർത്തിയാക്കിയേശഷം പ്രസ്തുത കാര്യം ചെയ്താൽ കൂടുതൽ കാര്യക്ഷമമായിരിക്കും.

## 4. ഇടവകയിൽ കമ്പ്യൂട്ടറുകൾ വാങ്ങാൻ

ഇടവകയുടെ അക്കൗണ്ടിംഗ് സംവിധാനങ്ങൾ പ്രവർത്തിപ്പിക്കാൻ എല്ലാ ഇടവകകൾക്കും സ്വന്തമായി ഒരു കമ്പ്യൂട്ടർ വാങ്ങുക ഏറ്റവും ഉചിതമാണ്. ഏത് സംവിധാനങ്ങൾ ഉള്ള, എത്ര വിലയുള്ള കമ്പ്യൂട്ടർ വാങ്ങണമെന്ന സംശയങ്ങൾക്ക് ഓഫീസിൽ ബന്ധപ്പെടുമല്ലോ.

കമ്പ്യൂട്ടർ വാങ്ങാൻ സാമ്പത്തികപരാധീനതയുള്ള ഇടവകകളിൽ വികാരിയച്ചന്മാരുടെ കമ്പ്യൂട്ടറിൽ കണക്കുകൾ ചെയ്യാൻ സാധിക്കും. മാത്രമല്ല ഇന്റർനെറ്റ് ഉള്ള ടാബ്ലെറ്റ്, സ്മാർട്ട് ഫോൺ തുടങ്ങിയവയിലും അക്കൗണ്ട് സോഫ്റ്റ്‌വെയർ പ്രവർത്തിക്കുന്നതാണ്.

## 5. ഇടവകയിൽ ഇന്റർനെറ്റ് സംവിധാനം ക്രമീകരിക്കാൻ

BSNL ലാൻഡ്‌ലൈൻ സംവിധാനമുള്ള പള്ളികൾക്ക് ഇന്റർനെറ്റ് ലഭ്യമാക്കാൻ ബുദ്ധിമുട്ടില്ലല്ലോ. ലാൻഡ് ഫോൺ സംവിധാനമില്ലെങ്കിൽ വിവിധ മൊബൈൽ കമ്പനികൾ ലഭ്യമാക്കുന്ന 'നെറ്റ് സെറ്ററുകൾ' ഉപയോഗിച്ച് ഈ പ്രശ്നം പരിഹരിക്കാം. അതുകൂടാതെ മൊബൈൽ ഫോണിൽ ലഭിക്കുന്ന ഇന്റർനെറ്റ്, കമ്പ്യൂട്ടറിലേക്കുകൂടി ഷെയർ ചെയ്ത് അക്കൗണ്ടുകൾ പ്രവർത്തിപ്പിക്കാം.

## 6. അതിരൂപതാ മൊബൈൽ ആപ്ലിക്കേഷൻ

നമ്മുടെ അതിരൂപതയുടെ ഡിപ്പാർട്ട്മെന്റ് സംവിധാനങ്ങളെയും ഇടവകകളെയും കോർത്തിണക്കുന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി വരുന്നു. ഇതിൽ എല്ലാ ഇടവകകളുടെയും ഫാമിലി ഡയറക്ടറി കൂടി ഉൾചേർക്കാൻ ആഗ്രഹിക്കുന്നു. അതിനുവേണ്ടിയുള്ള ഒരു ഇടവക ഫോറം എല്ലാ വികാരിയച്ചന്മാർക്കും അയച്ചുനൽകുന്നതാണ്. കൂടുതൽ വിശദാംശങ്ങൾ ഒപ്പം നൽകുന്നതാണ്. ബഹു. വികാരിയച്ചൻമാർ പ്രത്യേകം സഹകരിക്കുമല്ലോ.

## 7. ഇന്റർനെറ്റ് മിഷൻഓഫീസ്

ഞായർ ഒഴികെ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണി വരെ ബിഷപ്സ് ഹൗസിൽ അതിരൂപതാ ഇന്റർനെറ്റ് മിഷന്റെ ഓഫീസ് പ്രവർത്തനമാരംഭിച്ചിരിക്കുന്നു.

**ഓഫീസ് നമ്പർ: 95 44 91 86 83,** Email: internetthalassery@gmail.com

**ഫാ. ഡയസ് തുരുത്തിപ്പള്ളി**
ഡയറക്ടർ

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).**

## 1. മതബോധന ഞായർ ജൂൺ 04

2017-18 അധ്യയനവർഷത്തെ പ്രഥമ സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്ക് 2017 ജൂൺ 4ന് ഞായറാഴ്ച പന്തക്കുസ്താത്തിരുനാൾ ദിനത്തിൽ തുടക്കം കുറിക്കുന്നു. കഴിഞ്ഞ അധ്യയനവർഷത്തിൽ നല്കിയ സഹകരണത്തിനും പ്രോത്സാഹനത്തിനും പ്രത്യേകം നന്ദി പറയുന്നു. 2017-18 അധ്യയനവർഷത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. ജൂൺ 04ന് ഞായറാഴ്ച സൺഡേ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ സർക്കുലർ (മതബോധന ഞായർ) മെയ് 28ന് ഞായറാഴ്ച കുർബാന മധ്യേ വായിച്ചുകാണുമല്ലോ.

2. സൺഡേസ്കൂൾ വർഷാരംഭത്തിനുമുമ്പ് ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും സ്റ്റാഫ് ഫിക്സേഷൻ നടത്തുകയും പുതിയ അധ്യയനവർഷം നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്യുമല്ലോ. എല്ലാ മാസവും ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ഓരോ മാസത്തേയും അതിരൂപതാ ബുള്ളറ്റിനിൽ വിശ്വാസപരിശീലനത്തെ സംബന്ധിച്ച് കൊടുക്കുന്ന കാര്യങ്ങൾ സ്റ്റാഫിൽ പൊതുവായി വായിക്കേണ്ടതും ചർച്ച ചെയ്യേണ്ടതുമാണ്. ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃത്യസമയത്തുതന്നെ ചെയ്ത് സഹകരിക്കുക. എല്ലാ അദ്ധ്യാപകരും ടീച്ചിംഗ് നോട്ട് എഴുതുകയും ഹാൻഡ് ബുക്ക് ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. ബഹു. വികാരിയച്ചനോ, ഹെഡ്മാസ്റ്ററോ അവ പരിശോധിക്കുകയും വേണം.

3. കുട്ടികൾക്ക് ക്ലാസിലെ പഠനം കൂടാതെ മാസത്തിലൊരിക്കൽ ക്ലാസ്സടിസ്ഥാനത്തിലോ പല ക്ലാസുകൾകൂടിയോ ഒരു മണിക്കൂർ ആരാധന നടത്തുമല്ലോ. പ്രായോഗിക മതബോധനത്തിന്റെ ഭാഗമായി ടേമിൽ ഒരിക്കൽ ആതുരാലയങ്ങൾ സന്ദർശിക്കുന്നതിനും അന്തേവാസികളെ ശുശ്രൂഷിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കികൊടുക്കേണ്ടതാണ്. കൂടാതെ എൽ.സി.ഡി പ്രോജക്ടർ ഉപയോഗിച്ച് പാഠങ്ങളും, വിശുദ്ധരുടെ ജീവചരിത്രവും ധാർമികമൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന നല്ല ഫിലിമുകളും കുട്ടികളെ പൊതുവായി കാണിക്കേണ്ടതാണ്. അതിനായി സ്മാർട്ട് ക്ലാസ്സുറൂമുകൾ തയ്യാറക്കേണ്ടതാണ്.

4. വേദപാഠ ക്ലാസുകൾക്ക് 2 മണിക്കൂർ സമയം കിട്ടുന്ന രീതിയിൽ ക്ലാസുകളുടെ സമയം പുനഃക്രമീകരിക്കുക.

5. പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പോകുന്ന കുട്ടികൾ അവർ പഠിക്കാൻ പോകുന്ന സ്ഥലത്തുള്ള ഇടവക ദൈവാലയത്തിൽ വേദപാഠ ക്ലാസുകളിൽ സംബന്ധിക്കേണ്ടതാണെന്നും പഠനം പൂർത്തിയാക്കിയതായ കത്ത് ഹാജരാക്കിയാൽ വാർഷികപരീക്ഷ സ്വന്തം ഇടവകയിൽ നടത്താൻ അവസരമുണ്ടായിരിക്കുമെന്നും ബഹു. അച്ചന്മാർ പള്ളിയിൽ അറിയിക്കുമല്ലോ.

6. എല്ലാ സൺഡേസ്കൂളിലും ഓഫീസും സ്റ്റാഫ്മീറ്റിംഗ് കൂടുന്നതിനാവശ്യമായ സൗകര്യങ്ങളും ക്രമീകരിക്കേണ്ടതാണ്. ഓഫീസ് വൃത്തിയായി സൂക്ഷിക്കുകയും റിക്കോർഡുകളും ഫയലുകളും മറ്റു രേഖകളും കൃത്യമായും ക്രമമായും അലമാരകളിൽ സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിന് പുറത്ത് സൺഡേസ്കൂൾ ഓഫീസ് എന്നെഴുതിയ ബോർഡ് സ്ഥാപിക്കേണ്ടതും ഓഫീസിനുള്ളിൽ ആപ്തവാക്യം (ലൂക്ക 2.52) ഭംഗിയായി എഴുതി വയ്ക്കേണ്ടതുമാണ്.

## 2. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് ജൂൺ 10

2017-2018 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് സന്ദേശഭവനിൽവച്ച് ജൂൺ 10ന് രാവിലെ 9.30 ന് ആരംഭിച്ച് ഉച്ചക്കഴിഞ്ഞ് 03.00 മണിക്ക് സമാപിക്കുന്നതാണ്. എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും കോൺഫറൻസിൽ സംബന്ധിക്കേണ്ടതാണ്. കോൺഫറൻസ് ദിവസം പുസ്തകവിതരണം ഉണ്ടായിരിക്കുന്നതല്ല.

## 3. ആമുഖസെമിനാർ ജൂൺ 15-18

മതാധ്യാപനരംഗത്ത് ആദ്യമായി കടന്നുവരുന്നവർക്കുള്ള സെമിനാറാണിത്. പുതിയതായി ചേർന്നവരെയും മുമ്പ് സെമിനാറിൽ സംബന്ധിക്കാത്ത അധ്യാപകരെയും ബഹു. വികാരിയച്ചന്മാർ പറഞ്ഞയക്കുമല്ലോ. സെമിനാർ ജൂൺ 15ന് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 18ന് ഞായറാഴ്ച ഉച്ചയോടുകൂടി അവസാനിക്കുന്നു. ഫീസ് 700 രൂപയായിരിക്കും പങ്കെടുക്കുന്നവരുടെ വിവരം ഓഫീസിൽ അറിയിക്കേണ്ടതാണ്.

## 4. ഉപപാഠം ക്ലാസ് XI

അതിരൂപതാമതബോധന കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് ഈ അധ്യായനവർഷം മുതൽ XI ക്ലാസുകളിലെ കുട്ടികൾക്ക് പഠിക്കാനുള്ളത് ഭാരതസഭാചരിത്രത്തെക്കുറിച്ചുള്ള പുസ്തകമായിരിക്കും.

## 5. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നട

ത്തേണ്ടതാണ്. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

## 6. VII-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

**അതിരൂപതാ റാങ്ക് ലിസ്റ്റ്**

| | | |
|---|---|---|
| 1. തെരേസ തോമസ് കലയാത്താങ്കൽ | തയ്യേനി | ഒന്നാം റാങ്ക് |
| 2. മരിയറ്റ് ചാന്തുരുത്തിൽ | പനത്തടി | രണ്ടാം റാങ്ക് |
| 3. ആൻ മരിയ തയ്യിൽ | നെല്ലിക്കുറ്റി | മൂന്നാം റാങ്ക് |
| **ഫൊറോന റാങ്ക് ലിസ്റ്റ്** | **ഇടവക** | **ഫൊറോന** |
| 1. തെരേസ ആന്റണി പൗവത്ത് | നെല്ലിപ്പാറ | ആലക്കോട് |
| 2. റോസ്മേരി വെട്ടുകല്ലുങ്കൽ | നടുവിൽ | ചെമ്പന്തൊട്ടി |
| 3. ആൻ മരിയ തയ്യിൽ | നെല്ലിക്കുറ്റി | ചെമ്പേരി |
| 4. ആൻ ഫിലോ മമ്പള്ളിക്കുന്നേൽ | ജോസ്ഗിരി | ചെറുപുഴ |
| 5. തെരേസ വട്ടുകളത്തിൽ | മാങ്ങോട് | എടൂർ |
| 6. അന്ന ചെറിയാൻ പാപ്പിനിശ്ശേരിൽ | എണ്ണപ്പാറ | കാഞ്ഞങ്ങാട് |
| 7. ശ്രേയ ട്രിസ വയലുങ്കൽ | കുന്നോത്ത് | കുന്നോത്ത് |
| 8. അഗസ്റ്റിൻ ആലവേലിൽ | മേരിഗിരി | മേരിഗിരി |
| 9. അൽഫോൻസ കാവനാൽ | കല്ലുവയൽ | നെല്ലിക്കാംപൊയിൽ |
| 10. അലീന മരിയ പള്ളിച്ചിറ | പൈസക്കരി | പൈസക്കരി |
| 11. മരിയറ്റ് ചാന്തുരുത്തിൽ | പനത്തടി | പനത്തടി |
| 12. അന്ന കോക്കാട്ട് | പേരാവൂർ | പേരാവൂർ |
| 13. ലിസ്മരിയ ചെരുവിൽ | പരിയാരം | തളിപ്പറമ്പ് |
| 14. തെരേസ തോമസ് കലയാത്താങ്കൽ | തയ്യേനി | തോമാപുരം |
| 15. ജോൺസ് തടിക്കൽ | കരുവൻചാൽ | വായാട്ടുപറമ്പ് |
| 16. മരിയ കിഴുചിറ | പുന്നക്കുന്ന് | വെള്ളരിക്കുണ്ട് |

## 7. ആസ്പെക്ട്

2017-2018 അധ്യായനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി ഏർപ്പെടുത്തിയിരിക്കുന്നത് '**ഭാരതകത്തോലിക്കാസഭ ഇന്നലെയും ഇന്നും**' എന്ന ഭാരതസഭാചരിത്ര ഗ്രന്ഥമാണ്. കഴിഞ്ഞ വർഷം പഠിച്ച പുസ്തകത്തിന്റെ രണ്ടാം ഭാഗമാണ് ഈ വർഷം പഠിക്കാനുള്ളത്. കഴിഞ്ഞ വർഷം പുസ്തകം വാങ്ങിക്കാത്തവർ ഈ വർഷം വാങ്ങേണ്ടതാണ്.

## 8. എയ്ഞ്ചൽ നേഴ്സറി ടീച്ചേഴ്സ് ട്രെയിംനിഗ്

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കുളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി

ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ്ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകവും സി.ഡിയും ഓഫീസിൽ ലഭ്യമാണ്. എയ്ഞ്ചൽസ് നേഴ്സറി ടീച്ചേഴ്സിനായി ജൂൺ 24ന് ശനിയാഴ്ച രാവിലെ 9.30 മുതൽ 3.00 വരെ സന്ദേശഭവനിൽവച്ച് പരിശീലന ക്ലാസ്സ് നല്കുന്നതായിരിക്കും. നിലവിലുള്ളവരെയും പുതിയതായി നിയമിക്കാൻ ഉദ്ദേശിക്കുന്ന എല്ലാ ടീച്ചേഴ്സിനെയും പറഞ്ഞയ്ക്കുമല്ലോ.

## 9. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലൂടെ (catechismthalassery.org) എല്ലാ മാസത്തേയും ബുള്ളറ്റിൻ വാർത്തകൾ, admission form, Transfer certificate, ഡിപ്ലോമ, ആസ്പെക്ട് പരീക്ഷകളുടെ മാർക്കുകൾ മുൻകാലപരീക്ഷകളുടെ ചോദ്യപേപ്പറുകൾ ഓരോ ടേമിലെയും പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യോത്തരങ്ങൾ മുതലായവ ലഭ്യമാണ്. മുഴുവൻ അധ്യാപകരുടേയും കുട്ടികളുടേയും പേരു വിവരങ്ങൾ കൃത്യതയോടും തെറ്റുകൂടാതെയും വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്. ബഹു. അച്ചന്മാർ വെബ്സൈറ്റ് ഉപയോഗിക്കുവാൻ അധ്യാപകരെയും കുട്ടികളെയും പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതിന് അധ്യാപകരെ സഹായിക്കുകയും ചെയ്യുമല്ലോ.

## 10. പാഠപുസ്തകവിതരണം

സൺഡേസ്കൂൾ ആരംഭദിനത്തിൽതന്നെ കുട്ടികൾക്കാവശ്യമായ പുസ്തകങ്ങളുടെ എണ്ണം ശേഖരിക്കുവാൻ വേണ്ടക്രമീകരണങ്ങൾ നടത്തുമല്ലോ. താഴെകൊടുത്തിരിക്കുന്ന ക്രമത്തിൽ വേണം ഫൊറോനായിൽനിന്ന് വരുവാൻ. **മൂന്നോ നാലോ ഇടവകകൾ ഒരുമിച്ചുവരുന്നത് ഉചിതമായിരിക്കും.** (ഓഫീസിലെ തിരക്കൊഴിവാക്കുവാൻ അതു സഹായിക്കും).

**ജൂൺ 6 ചൊവ്വ:** ചെറുപുഴ, മേരിഗിരി, ആലക്കോട് **ജൂൺ 7 ബുധൻ:** തളിപ്പറമ്പ്, ചെമ്പന്തൊട്ടി, വായാട്ടുപറമ്പ് **ജൂൺ 12 തിങ്കൾ:** ചെമ്പേരി, പൈസക്കരി, എടൂർ, **ജൂൺ 13 ചൊവ്വ:** കുന്നോത്ത്, പേരാവൂർ, **ജൂൺ 14 ബുധൻ**: നെല്ലിക്കാംപൊയിൽ

## 11. കാസർഗോഡ് റീജൻ

കാസർഗോഡ് റീജനിൽപ്പെട്ട കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, പനത്തടി, തോമാപുരം എന്നീ ഫൊറോനകളിലെ ഇടവകകൾക്കുള്ള പുസ്തകങ്ങൾ പടന്നക്കാട് പാസ്റ്ററൽ സെന്ററിൽവച്ച് **ജൂൺ 5ന് തിങ്കളാഴ്ച** വിതരണം ചെയ്യുന്നതായിരിക്കും. സമയം രാവിലെ പത്തു മുതൽ 3 വരെ.

## 12. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്.

ഫൊറോന ഭാരവാഹികളുടെ കാലാവധി മൂന്നു വർഷമാണ്. ജൂൺ മാസം ആരംഭത്തിൽത്തന്നെ ഫൊറോന കമ്മിറ്റി കൂടുകയും പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ ലിസ്റ്റും ഫൊറോനാ വിസീറ്ററുടെ പേരും ഓഫീസിലേക്കു അയച്ച് തരേണ്ടതാണ്.

## 13. വിശ്വാസോത്സവ ആൽബം

വിശ്വാസോത്സവത്തോടനുബന്ധിച്ച് "കേരള ക്രൈസ്തവ സഭയുടെ സംഭാവനകൾ" എന്ന വിഷയത്തെ ആസ്പദമാക്കി തയ്യാറാക്കിയ ആൽബത്തിന് പുറവയൽ, വെമ്പുവ, കുന്നോത്ത് എന്നീ ഇടവകകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

## 14. വാർഷിക കലണ്ടർ 2017-18

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 2017-18 അധ്യയന വർഷത്തിൽ അതിരൂപതയിലെ മുഴുവൻ സൺഡേ സ്കൂളുകളിലും നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾ അടങ്ങിയ കലണ്ടർ വിശ്വാസ പരിശീലന ഡിപ്പാർട്ടുമെന്റിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

## 15. നന്ദി...

അതിരൂപതാ വിശ്വാസപരിശീലന ഓഫീസിൽ സെക്രട്ടറിയായി ആറു വർഷക്കാലം സ്തുത്യർഹമായ രീതിയിൽ സേവനം അനുഷ്ഠിച്ചതിനു ശേഷം സ്ഥലം മാറിപ്പോകുന്ന ബഹു. സി. സ്റ്റെല്ലാ മരിയ എൻ.എസിന് അതിരൂപതയിലെ എല്ലാ മതാധ്യാപകരുടെയും കുട്ടികളുടെയും ഹൃദയപൂർവ്വകമായ നന്ദി അറിയിക്കുന്നു. സിസ്റ്ററിന്റെ പഠനവും തുടർന്നുള്ള ശുശ്രൂഷകളും ദൈവാനുഗ്രഹപ്രദമായിത്തീരട്ടെയെന്ന് ആശംസിക്കുന്നു. പുതിയതായി നിയമിതയായിരിക്കുന്ന ബഹു. സി. ടെർസിറ്റ എൻ.എസിന് ഹൃദ്യമായ സ്വാഗതം...

## 16. ആദരാജ്ഞലികൾ

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട തോമാപുരം സൺഡേസ്കൂൾ അധ്യാപികയായിരുന്ന താര ടോം മച്ചിയാനിക്കൽ ടീച്ചറിന്റെ കുടുംബാംഗങ്ങൾക്ക് വിശ്വാസപരിശീലനകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. കഴിഞ്ഞ 18 വർഷക്കാലം സൺഡേസ്കൂൾ അധ്യാപിക എന്ന നിലയിൽ ചെയ്ത എല്ലാ ശുശ്രൂഷകളെയും നന്ദിയോടെ അനുസ്മരിക്കുന്നു. ടിച്ചറിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

2017-2018 പുതിയ അധ്യയനവർഷം ദൈവാനുഗ്രഹപ്രദമായി തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. അഭിനന്ദനങ്ങളും ആശംസകളും

ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെയും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ഡയറക്ടറായ ബഹു. ജോസഫ് പാംപ്ലാനിയച്ചനെ അതിരൂപതാ സിഞ്ചെല്ലൂസ് ആയി അഭിവന്ദ്യ പിതാവ് നിയമിച്ചു. തലശ്ശേരി അതിരൂപതയുടെ പുതിയ വികാരിജനറാളായി നിയമിതനായിരിക്കുന്ന ബഹു. പാംപ്ലാനിയച്ചന് ബൈബിൾ അപ്പൊസ്റ്റൊലേറ്റ് കുടുംബത്തിന്റെയും ആൽഫാ ദൈവശാസ്ത്ര വിദ്യാർത്ഥികളുടെയും പ്രാർത്ഥനാനിർഭരമായ ആശംസകൾ നേരുന്നു.

## 2. ആൽഫാ ബിരുദദാന ചടങ്ങ് (Convocation)

350 ദൈവശാസ്ത്രബിരുദ വിദ്യാർത്ഥികളും 20 MTh ബിരുദ വിദ്യാർത്ഥികളും പഠനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് സ്വീകരിച്ച ബിരുദദാന ചടങ്ങ് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓർമ്മകളിൽ സൂക്ഷിക്കുന്ന സുന്ദരമായ ചടങ്ങായിരുന്നു. അഭിവന്ദ്യപിതാവിന്റെ സാന്നിധ്യത്തിൽ കണ്ണൂർ സർവ്വകലാശാലയുടെ പരീക്ഷാ കൺട്രോളർ മുഖ്യാതിഥിയായ പ്രൗഢഗംഭീരചടങ്ങ് വിജയകരമാക്കിത്തീർക്കാൻ യത്നിച്ച എല്ലാവർക്കും കൃതജ്ഞതയുടെ നറുമലരുകൾ അർപ്പിക്കുന്നു.

## 3. ല്യൂമെൻ എക്ലേസിയ : പുതിയ അഡ്മിഷൻ

അനേകം പേർ ആവശ്യപ്പെട്ടതനുസരിച്ച് മതാധ്യാപകർക്കുവേണ്ടിയുള്ള ല്യൂമെൻ എക്ലേസിയ എന്ന ദൈവശാസ്ത്രപഠന പരിപാടി ഈ വർഷം കൂടി മാത്രം ദീർഘിപ്പിച്ചിരിക്കുന്നു. നമ്മുടെ അതിരൂപതയിൽ ദൈവശാസ്ത്ര പഠനത്തിനുശേഷിക്കുന്ന മതാധ്യാപകർ ഈ വർഷംതന്നെ പ്രവേശനം നേടി പഠനം തുടരണമെന്ന് സ്നേഹപൂർവ്വം അപേക്ഷിക്കുന്നു. പഠനപരിപാടിയിൽ ചേർന്നിട്ടില്ലാത്ത അധ്യാപകരുടെ രജിസ്ട്രേഷൻ ജൂൺ 30നു മുൻപു നടത്താൻ ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ.

## 4. ദൈവശാസ്ത്ര ഉപരിപഠനം (MTh)

വർഷങ്ങൾ നീണ്ട ദൈവശാസ്ത്ര പഠനത്തിന്റെ പൂർത്തീകരണമായി ദൈവശാസ്ത്ര ബിരുദം കരസ്ഥമാക്കിയ മതാദ്ധ്യാപകർക്ക് അഭിനന്ദനങ്ങൾ. ഈ ഉദ്യമത്തിന് മുൻകൈ എടുത്ത അതിരൂപതാ മതബോധന ഡയറക്ടറും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ റജിസ്ട്രാറുമായ ഫാ. ജോർജ്ജ് കാഞ്ഞിരക്കാട്ടച്ചനും മതാദ്ധ്യാപകരെ പ്രോൽസാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്ത ബഹു. വികാരിയച്ചൻമാർക്കും പ്രത്യേകം നന്ദി പറയുന്നു. ദൈവീകരഹ

സ്യങ്ങൾ വീണ്ടും ആഴത്തിൽ പഠിക്കുവാൻ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് അവസരം ഒരുക്കുന്നു. ഈ അധ്യയന വർഷത്തിൽ MTh നേടിയെടുക്കാനുള്ള ക്ലാസ്സുകൾ LE സെന്ററുകളിൽ ആരംഭിക്കുകയാണ്. 4 സെമസ്റ്ററുകളിലായി 2 വർഷം മാത്രം നീണ്ട് നിൽക്കുന്ന കോഴ്സിൽ പങ്കെടുക്കുവാൻ പ്രത്യേകം ക്ഷണിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## ലോഗോസ് ക്വിസ് 2017

ഈ വർഷത്തെ ലോഗോസ് ക്വിസ് പരീക്ഷ സെപ്റ്റംബർ 24 ന് നടത്തുന്നതായിരിക്കും.

| ഈ വർഷത്തെ പഠനഭാഗങ്ങൾ | |
|---|---|
| **സംഖ്യ** | **22 – 36** |
| **സുഭാഷിതങ്ങൾ** | **21 – 31** |
| **മത്തായിയുടെ സുവിശേഷം** | **1 – 9** |
| **വെളിപാട്** | **4 – 9** |

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിൽ ആയിരിക്കും.

എ : വിഭാഗം 01-01-2006 ന് ശേഷം ജനിച്ചവർ

ബി : വിഭാഗം 01-01-2001 നും 31-12-2005 നും ഇടയ്ക്ക് ജനിച്ചവർ

സി : വിഭാഗം 01-01-1986 നും 31-12-2000 നും ഇടയ്ക്ക് ജനിച്ചവർ

ഡി : വിഭാഗം 01-01-1966 നും 31-12-1985 നും ഇടയ്ക്ക് ജനിച്ചവർ

ഇ : വിഭാഗം 01-01-1953 നും 31-12-1965 നും ഇടയ്ക്ക് ജനിച്ചവർ

എഫ് : വിഭാഗം 31-12-1952 നു മുമ്പ് ജനിച്ചവർ

Online രജിസ്ട്രേഷന് www. logos Quiz.org എന്ന വെബ്സൈറ്റ് സന്ദർശിച്ച് താഴെപ്പറയുന്ന രീതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. സെന്ററിന്റെ Username/Password ഉപയോഗിച്ച് (ഇവ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽനിന്നും ലഭിക്കുന്നതാണ്) Log in ചെയ്യുക. 25 പേരുള്ള ഗ്രൂപ്പുകളായി പ്രായവിഭാഗമനുസരിച്ച് രജിസ്റ്റർ ചെയ്യാം. റജി. നമ്പർ, പേര്, വീട്ടുപേര്, ജനനതീയതി, ലിംഗം, ഭാഷ, ജോലി എന്നിവ പൂരിപ്പിച്ചശേഷം Add Group Team ബട്ടൺ ക്ലിക്കു ചെയ്യുക. തിരുത്തലുകൾ വേണ്ടതുണ്ടെങ്കിൽ Edit ബട്ടൺ ക്ലിക്കു ചെയ്യണം. കൃത്യമായ ഗ്രൂപ്പിൽ തന്നെയാണ് ഓരോ രജിസ്ട്രേഷനും നടത്തിയിരിക്കുന്നത് എന്നു ഉറപ്പുവരുത്തുക. സംശയങ്ങളുടെ ദൂരീകരണത്തിന് 0484 – 2405678, 944611044 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

മുൻവർഷങ്ങളിലേതുപോലെ രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്യേണ്ട താണ്. എല്ലാ ഇടവകകളും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാ ണെന്ന് ഓർമിപ്പിക്കുന്നു. നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളെയും ഇടവകയെയോ ഒരു കത്തോലിക്കാസ്ഥാപനത്തെയോ ഒരു പരീക്ഷ സെന്ററായി അംഗീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ. **രജി സ്ട്രേഷൻ ആരംഭിക്കുന്നത് 2017 ജൂൺ 1നും, രജിസ്ട്രേഷൻ അവസാ നിക്കുന്നത് 2017 ജൂലൈ 31 നും** ആയിരിക്കും. പരീക്ഷാ സമയം രൂപതാ തലത്തിൽ 2017 സെപ്റ്റംബർ 24 -ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയാണ്.

## സമ്മാനങ്ങൾ

വിശുദ്ധ നാടുതീർത്ഥാടനം, ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സിഡികൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു.

### അഖില കേരളതലത്തിൽ

**(കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ നിൽകുന്നത്)**

1-ാം സമ്മാനം 15000/- രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 10000/- രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും
3-ാം സമ്മാനം 5000/- രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും
4-ാം സമ്മാനം 1000/- രൂപയും വെള്ളിമെഡലും സർട്ടിഫിക്കറ്റും 7 പേർക്കു വീതം
5-ാം സമ്മാനം 500 രൂപയുടെ ബൈബിൾ സംബന്ധമായ പുസ്തകങ്ങൾ

### അതിരൂപതാതലത്തിൽ

**(അതിരൂപതാ ബൈബിൾ അപ്പൊസ്തൊലേറ്റ് നൽകുന്നത്)**

1-ാം സമ്മാനം 1000/- രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം - 700/- രൂപയും സർട്ടിഫിക്കറ്റും
3-ാം സമ്മാനം - 500/- രൂപയും സർട്ടിഫിക്കറ്റും
4-ാം സമ്മാനം 250/- രൂപയും സർട്ടിഫിക്കറ്റും (7 പേർക്ക് വീതം)
5-ാം സമ്മാനം 50 രൂപാ വിലവരുന്ന സമ്മാനങ്ങൾ + സർട്ടിഫിക്കറ്റ് (15 പേർക്ക് വീതം)

### ഇടവകാതലത്തിൽ

* 25 പേരടങ്ങുന്ന ഒരു ഗണത്തിന് ഒരു സമ്മാനം എന്ന അനുപാതത്തിൽ (50, 75, 100, 125, 150 etc... എന്ന ക്രമത്തിൽ) എല്ലാ കേന്ദ്രങ്ങൾക്കും സമ്മാനം ഉണ്ടായിരിക്കും. രൂപതാതലത്തിൽ സമ്മാനാർഹരായവർക്ക് ഇടവകാതലത്തിലെ സമ്മാനത്തിന് അർഹത ഉണ്ടായിരിക്കുകയില്ല.
* 60% ൽ കൂടുതൽ മാർക്ക് വാങ്ങുന്ന 'A' പ്രായവിഭാഗത്തിലുള്ളവർക്കും 70%ൽ കൂടുതൽ മാർക്ക് വാങ്ങുന്ന B,C,D,E,F പ്രായവിഭാഗത്തിലുള്ള വർക്കും KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

## ലോഗോസ് ഫാമിലിയ ക്വിസ്

ഒരു കുടുംബത്തിൽനിന്ന് പിതാവ്, മാതാവ് ഒരു കുട്ടി എന്നിവർ മാത്രമാണ് പരീക്ഷയിൽ പങ്കെടുക്കേണ്ടത്. ഏറ്റവും കൂടുതൽ മാർക്കു വാങ്ങിക്കുന്ന കുടുംബങ്ങൾക്ക് അതിരൂപതാതലത്തിൽ പ്രത്യേക ക്യാഷ് അവാർഡുകൾ നല്കുന്നു. **1–ാം സമ്മാനം 1000 രൂപ, 2–ാം സമ്മാനം 750 രൂപ, 3–ാം സമ്മാനം 500 രൂപ.**

രജിസ്ട്രേഷൻ ഷീറ്റിൽ ബൈബിൾ കുടുംബാംഗങ്ങളുടെ പേരിനുമുമ്പായി **'F'** എന്നുകൂടി രേഖപ്പെടുത്തേണ്ടതാണ് (ഇടതുസൈഡിൽ മാർജിനിൽ). ഒന്നിൽ കൂടുതൽ ബൈബിൾ കുടുംബങ്ങൾ ഒരിടവകയിൽ രജിസ്റ്റർ ചെയ്യുമ്പോൾ ഓരോ കുടുംബത്തിനും 'F1, F2, F3' എന്നിങ്ങനെ നമ്പർ നല്കാവുന്നതാണ്.

### 2017 ലെ പ്രത്യേക സമ്മാനങ്ങൾ

- ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് **3000 രൂപ സമ്മാനവും എവർ റോളിംഗ് ട്രോഫിയും** ലഭിക്കുന്നതാണ്. (1000–ൽ അധികം ആളുകളെ പങ്കെടുപ്പിക്കുന്ന ഇടവകകളെ മാത്രമേ സമ്മാനത്തിനു പരിഗണിക്കുകയുള്ളൂ).
- ഇടവകാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി അതിരൂപതാ തലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന ഇടവകയ്ക്ക് **3000 രൂപ സമ്മാനം.** (60%–ത്തിൽ കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകളെ മാത്രമേ സമ്മാനത്തിനു പരിഗണിക്കുകയുള്ളൂ).
- അതിരൂപതാതലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിൽ രണ്ടും, മൂന്നും സ്ഥാനം നേടുന്ന (800–ൽ അധികം ആളുകൾ) ഇടവകകൾക്ക് 1500/–,1000/– എന്ന ക്രമത്തിലും ഇടവകാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിൽ രണ്ടും, മൂന്നും സ്ഥാനം നേടുന്ന (60%–ൽ കൂടുതൽ ആളുകൾ) ഇടവകകൾക്ക് 1500/–, 1000/ എന്ന ക്രമത്തിലും സമ്മാനങ്ങൾ ലഭിക്കുന്നതാണ്. **വിശദവിവരങ്ങൾക്ക് അതിരൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസുമായി ബന്ധപ്പെടുക:**

  **ഫോൺ : 0490 – 2344727,2343707, 8086312826**

### പ്രത്യേക ശ്രദ്ധയ്ക്ക്

ലോഗോസ് പരീക്ഷയുടെ മൂല്യനിർണ്ണയത്തിൽ വരുന്ന അപാകതകൾ പരിഹരിക്കാനായി കഴിഞ്ഞ വർഷത്തേത് പോലെ മൂല്യനിർണ്ണയം ഇടവകാതലത്തിൽ നടത്തി ഓരോ ഗ്രൂപ്പിലെയും ഏറ്റവും കൂടുതൽ മാർക്കു ലഭിച്ച 3 പേരുടെ ഉത്തരക്കടലാസുകൾ മാത്രം പൊതുവായി മൂല്യനിർണ്ണയം നടത്തുന്നതാണ്.

## 5. ശാലോം ദൈവശാസ്ത്രക്ലാസ്സുകൾ

ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്യുന്ന ദൈവശാസ്ത്ര ക്ലാസ്സുകളിൽ BTh, MTh കോഴ്സുകളുടെ പാഠഭാഗങ്ങൾ സമഗ്രമായി വിശകലനം ചെയ്യുന്നതാണ്. കോൺടാക്ടുക്ലാസ്സുകളിൽ സംക്ഷിപ്തമായി മാത്രം ലഭിക്കുന്ന വ്യാഖ്യാനങ്ങൾ വിശദമായി ലഭിക്കുന്നത് ശാലോം ടെലിവിഷൻ ക്ലാസ്സുകളിലൂടെയാണ്. ഈ ക്ലാസ്സുകൾ ടെലിവിഷനിൽ സംപ്രേഷണം ചെയ്യുന്ന സമയക്രമം ചുവടെ ചേർക്കുന്നു.

| ജൂൺ | | | |
|---|---|---|---|
| വെള്ളി | 2,9,16,23,30 | രാവിലെ 8.00 | ദൈവശാസ്ത്രബിരുദം |
| ശനി | 3,10,17,24 | രാത്രി 12.00 | ദൈവശാസ്ത്രബിരുദം (ഗൾഫ് എഡിഷൻ) |
| ഞായർ | 4,11,18,25 | രാത്രി 7.30 | ദൈവശാസ്ത്രബിരുദാനന്തരബിരുദം |
| ബുധൻ | 7,14,21,28 | രാത്രി 11.30 | ദൈവശാസ്ത്ര ബിരുദാനന്തരബിരുദം (ഗൾഫ് എഡിഷൻ) |
| **ആവർത്തനം** | | | |
| ബുധൻ ഉച്ച -2.30 - ദൈവശാസ്ത്ര ബിരുദാനന്തരബിരുദം | | | |

## 6. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രതിവാരം മൂന്നു ക്ലാസ്സുകൾവീതം സ്കൈപ്പ് നെറ്റിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. ലോകത്തിന്റെ ഏതുഭാഗത്തുള്ള പഠിതാക്കൾക്കും ഈ തൽസമയക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ചശേഷം Alpha Thalassery എന്ന അക്കൗണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തു തരുന്നതാണ്. ഈ മാസത്തെ സ്കൈപ്പു നെറ്റുക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജൂൺ 4,11,18,25 (ഞായർ) | 21.00 - 22.00 (09.00 10.00 pm) |
| ജൂൺ 6,13,20,27 (ചൊവ്വ) | 21.00 - 22.00 (09.00 10.00 pm) |
| ജൂൺ 2,9,16,23,30 (വെള്ളി) | 21.00 - 22.00 (09.00 10.00 pm) |

വിദേശത്തുള്ള പഠിതാക്കളെ ലക്ഷ്യമാക്കിനടത്തുന്ന ഈ ക്ലാസ്സുകളിൽ സ്വദേശികൾക്കും പങ്കെടുക്കാവുന്നതാണ്. സ്കൈപ്പുവഴിയുള്ള നാലു ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്ക് ഒരു കോൺടാക്ട്ക്ലാസ്സിന് തുല്യമായ മാർക്ക് ലഭിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# സെമിനാരി വാർത്തകൾ

## 1. ദൈവവിളി ക്യാമ്പ്

**അകൈതവമായ കൃതജ്ഞതയും... അഭിനന്ദനങ്ങളും...**

2017 ഏപ്രിൽ മാസം 9 മുതൽ 12 വരെ നടന്ന റീജണൽ വൊക്കേഷൻ ക്യാമ്പുകൾ വിജയകരമാക്കി മാറ്റിയ എല്ലാവർക്കും നന്ദിയും... അഭിനന്ദനങ്ങളും... വലിയ ആഴ്ചയുടെ തിരക്കുകൾ ഉണ്ടായിട്ടും എല്ലാവരും ആത്മാർത്ഥമായി സഹകരിച്ചത് പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. ആൺകുട്ടികൾക്കായി ക്രമീകരിച്ച 4 സെന്ററുകളിൽ (തലശ്ശേരി മൈനർ സെമിനാരി, കുന്നോത്ത്-ബോയ്സ് ടൗൺ, പടന്നക്കാട്-പാസ്റ്ററൽ സെന്റർ, പുളിങ്ങോം ഇടവക) 370 പേരും. പെൺകുട്ടികൾക്കായ് നടന്ന മദർഹോമിൽ 125 പേരും പങ്കെടുക്കുകയുണ്ടായി. മുൻവർഷങ്ങളിൽനിന്നും വ്യത്യസ്തമായി പെൺകുട്ടികളുടെ ദൈവവിളിയിൽ വർദ്ധനവുണ്ടായി എന്നത് സന്തോഷകരമായ കാര്യമാണ്. ക്യാമ്പുകളെ വിജയപ്രദമാക്കി കുട്ടികളിലെ ദൈവവിളിയെ പരിപോഷിപ്പിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

ഓരോ സെന്ററുകളിലേയും ഡയറക്ടർമാർ, വികാരിയച്ചന്മാർ അവരോട് ചേർന്ന് പ്രവർത്തിച്ച് ക്യാമ്പുകൾ അവിസ്മരണീയമാക്കിയ അസിസ്തേന്തിമാർ, സഹപ്രവർത്തകർ, കൈക്കാരന്മാർ കമ്മിറ്റിക്കാർ, കോർഡിനേറ്റർസ് ഇടവകജനങ്ങൾ ഇവരുടെയെല്ലാം തീക്ഷ്ണമായ സഹകരണത്തിന് പ്രത്യേകം പ്രത്യേകം നന്ദിപറയുന്നു.

പ്രചോദനാത്മകമായി കുട്ടികളിലെ ദൈവവിളി കണ്ടെത്തി, പരിപോഷിപ്പിച്ച് ക്യാമ്പുകളുടെ സാരഥ്യം ഏറ്റെടുത്ത ബഹു. വൈദികർ, സിസ്റ്റേഴ്സ്, അല്മായ പ്രേഷിതർ എന്നിവരുടെ കഠിനാധ്വാനത്തെയും ആത്മസമർപ്പണത്തെയും നന്ദിയോടെ ഓർക്കുകയും കൃതജ്ഞത അറിയിക്കുകയും ചെയ്യുന്നു.

## 2017 ലെ സെലക്ഷൻ ക്യാമ്പ്

ഏപ്രിൽ 17 മുതൽ 20 വരെ തലശ്ശേരി മൈനർ സെമിനാരിയിൽവച്ച് നടന്ന സെലക്ഷൻ ക്യാമ്പിൽ 55 കുട്ടികൾ പങ്കെടുക്കുകയുണ്ടായി. ഇതിൽ 42 കുട്ടികളെ അഭിവന്ദ്യപിതാവുമൊത്തുള്ള ഇന്റർവ്യൂവിനായി തിരഞ്ഞെടുക്കുകയും ചെയ്തു. പരിചയസമ്പത്തും നേതൃത്വ പാടവവുംകൊണ്ട് ക്യാമ്പിനെ വിജയകരമായി മുന്നോട്ട് നയിച്ച ഫാ. അബ്രാഹം ഒറ്റപ്ലാക്കൽ, ഫാ. ജോസഫ് വടക്കേപ്പറമ്പിൽ, ഫാ. പ്രജിൽ പണ്ടാരപ്പറമ്പിൽ, ഫാ. പോൾ കണ്ടത്തിൽ, സി. വിനീത സി.എം.സി., സി. ലിൻസി എസ്.എച്ച്., സി.

നോയൽ എസ്.എ.ബി.എസ്., സി. ഷീന പോൾ എം.എസ്.എം.ഐ., ബഹു. ഡീക്കന്മാർ, ബ്രദേഴ്സ് ഇവരുടെ വിലയേറിയ സഹായസഹകരണങ്ങൾക്ക് ആഴമായ നന്ദി.

## മുപ്പത്തിയഞ്ച് (35) കുട്ടികൾ നമ്മുടെ അതിരൂപതയ്ക്ക്

ഏപ്രിൽ 30-ാം തീയതി നടന്ന അഭിവന്ദ്യപിതാവുമൊത്തുള്ള പുതിയ കുട്ടികളുടെ ഇന്റർവ്യൂ ഏപ്രിൽ മാസം 3-ാം തീയതി നടന്നു. 42 കുട്ടികളാണ് ഇന്റർവ്യൂന് വന്നത്. ഇതിൽ 35 പേരേ നമ്മുടെ അതിരൂപതയ്ക്കായും 3 പേരെ മാണ്ഡ്യരൂപതയ്ക്കായും 2 പേരെ മെൽബൺ രൂപതയ്ക്കും അഭിവന്ദ്യ പിതാവ് തിരഞ്ഞെടുത്തു. നല്ല കുട്ടികളെ പറഞ്ഞയച്ച ബഹു. വികാരിയച്ച ന്മാർക്കും മാതാപിതാക്കൾക്കും സ്നേഹനിർഭരമായ കൃതജ്ഞതയും അഭിനന്ദനങ്ങളും.

## 2. മേജർ സെമിനാരി വാർത്തകൾ

### പ്രാർത്ഥനകൾ... ആശംസകൾ...

ഏപ്രിൽ 21-ാം തിയതി നടന്ന വൈദികവസ്ത്ര സ്വീകരണത്തിൽ 17 പേരാണ് ഈ വർഷം തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി വൈദികവസ്ത്രം സ്വീകരിച്ചത്. കുറേ വർഷങ്ങൾക്കുശേഷമാണ് ഇത്രയധികംപേർ ഒരുമിച്ച് വൈദികവസ്ത്രം സ്വീകരിക്കുന്നത്. എല്ലാവിധ പ്രാർത്ഥനകളും ദൈവാനുഗ്ര ഹങ്ങളും അവർക്കെല്ലാവർക്കും നേരുന്നു.

## മേജർ സെമിനാരി കൂട്ടായ്മ ... അവിസ്മരണീയം...

ഈ വർഷത്തെ മേജർ സെമിനാരിക്കൂട്ടായ്മ ഏപ്രിൽ 20,21,22 തീയതികളിലായി തലശ്ശേരി മൈനർ സെമിനാരിയിൽവച്ച് നടത്തി. സമയ ക്രമീകരണംകൊണ്ടും വൈവിധ്യമാർന്ന പരിപാടികൾകൊണ്ടും ഈ വർഷ ത്തെ കൂട്ടായ്മ ബ്രദേഴ്സിനെല്ലാവർക്കും വളരെ ഇഷ്ടമായി. ക്ലാസ്സു കളെടുത്ത് സഹകരിച്ച മോൺ. അലക്സ് താരാമംഗലത്തിലച്ചനും മോൺ. ജോർജ് എളൂക്കുന്നേലച്ചനും ഡോ. ജോൺസൺ അന്ത്യാംകുളത്തിലച്ചനും ഡോ. ജോസഫ് പാംപ്ലാനിയച്ചനും ഹൃദയംഗമമായ നന്ദി അറിയിക്കുന്നു.

## സൈക്കോളജിയ്ക്കൽ വർക്ക്ഷോപ്പ്

വൈദികവിദ്യാർത്ഥികളിലെ ദൈവവിളി പരിപോഷണത്തിന്റെയും വ്യക്തിത്വവികസനത്തിന്റെയും ഭാഗമായി സിനഡിന്റെ ആവശ്യപ്രകാരമുള്ള സൈക്കോളജിയ്ക്കൽ വർക്ക്ഷോപ്പ്, നമ്മുടെ അതിരൂപതയിലെ രണ്ടാം വർഷ തത്വശാസ്ത്ര, ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി യഥാക്രമം മെയ്മാസം 4,5 & 8,9 തീയതികളിൽ പടന്നക്കാട് പാസ്റ്ററൽ സെന്ററിൽവച്ചു നടത്തുകയുണ്ടായി. ഇതിന് നേതൃത്വം നൽകിയ ശാന്തിതീരം ഡയറക്ടർ ബഹു. ചെരിപുറത്തച്ചനും ഭൗതീക സാഹചര്യങ്ങൾ ക്രമീകരിച്ച ബഹു. ഷിന്റോ ആലപ്പാട്ടച്ചനും സഹകരിച്ച എല്ലാ ബ്രദേഴ്സിനും പ്രത്യേകം നന്ദി.

## അഭിനന്ദനങ്ങൾ

വേനലവധിക്കാലത്ത് നമ്മുടെ അതിരൂപതയിലെ ഇടവകകളിൽ അവധിക്കാല ക്ലാസ്സുകൾ, സെമിനാറുകൾ, ധ്യാനങ്ങൾ ഇവ വിജയകരമായി നയിച്ച എല്ലാ ബ്രദേഴ്സിനെയും പ്രത്യേകം അഭിനന്ദിക്കുന്നു. വൈദിക വിദ്യാർത്ഥികളുടെ ഈ ശുശ്രൂഷയെ പ്രോത്സാഹിപ്പിച്ച എല്ലാ ബഹു. വികാരിയച്ചന്മാർക്കും ആത്മാർത്ഥമായ കൃതജ്ഞതയും പ്രാർത്ഥനകളും.

## മൈനർ സെമിനാരി വാർത്തകൾ

നീണ്ട രണ്ടരമാസത്തെ വേനലവധിക്കുശേഷം മെയ് 20-ാം തീയതി ശനിയാഴ്ച തലശ്ശേരി മൈനർ സെമിനാരി തുറന്നു. ആദ്യദിവസങ്ങളിൽ രണ്ടും മൂന്നും വർഷകാർക്കു ഭാഷ പരിശീലനമാണ് നടക്കുന്നത്. ക്ലാസ്സുകൾക്ക് നേതൃത്വം നല്കിയ ബ്രദർ അഖിൽ മുക്കുഴിക്ക് അഭിനന്ദനവും നന്ദിയും.

## കുഞ്ഞനുജന്മാർക്ക് ... സ്വാഗതം...

2017-18 വർഷത്തെ പുതിയ ബാച്ചിന്റെ സെമിനാരി പ്രവേശനം ജൂൺ 14-ാം തീയതി ബുധനാഴ്ചയാണ് പുതുതായി കടന്നുവരുന്ന 35 കുഞ്ഞനുജന്മാർക്ക് ഹൃദ്യമായ സ്വാഗതം.

## നന്ദി ... നന്ദി...

നമ്മുടെ സെമിനാരിയിൽ കഴിഞ്ഞ രണ്ട് വർഷക്കാലം വൈസ് റെക്ടറും പ്രൊക്കുറേറ്ററുമായി സേവനമനുഷ്ടിച്ചതിനുശേഷം മഞ്ഞളാംപുറം ഇടവകയുടെ പുതിയ ഇടയനായി ഉത്തരവാദിത്വമേറ്റെടുത്ത ബഹു. തോമസ് കീഴാരത്തിലച്ചന് സെമിനാരി കുടുംബാംഗങ്ങളുടെ ഹൃദയപൂർവ്വകമായ കൃതജ്ഞത അർപ്പിക്കുന്നു.

## സ്വാഗതം

നമ്മുടെ മൈനർ സെമിനാരിയുടെ പുതിയ വൈസ് റെക്ടറും പ്രൊക്കുറേറ്ററുമായി ചാർജ് ഏറ്റെടുത്ത ബഹു. ജയ്സൺ കോലക്കുന്നേൽ അച്ചന് സെമിനാരി കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതവും അഭിനന്ദനങ്ങളും!

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ

**ഫാ. മാത്യു തെക്കേമുറിയിൽ**
റെക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹം നിറഞ്ഞ അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞുപ്രേഷിതരെ,

കളിയും ചിരിയും സന്തോഷവുമെല്ലാം നിറഞ്ഞ ഒരവധിക്കാലം പിന്നിട്ട് ഗൗരവപൂർണ്ണമായ പഠനത്തിലേയ്ക്കും, പുതിയ അധ്യയനവർഷത്തിലേയ്ക്കും നമ്മൾ പ്രവേശിച്ചു കഴിഞ്ഞു. പുതുവസ്ത്രങ്ങളും, പുതിയ പുസ്തകങ്ങളും, പുത്തൻ കൂട്ടുകാരും നിറഞ്ഞ ഈ പുതുവർഷം എന്തുകൊണ്ടും ശ്രദ്ധേയമാണ്. എന്നാൽ അതിനെക്കാൾ ഉപരി ഈ പ്രവർത്തന വർഷം മിഷൻലീഗിനെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒരുവർഷമാണ്. ചെറുപുഷ്പമിഷൻലീഗ് സ്ഥാപിതമായതിന്റെ 70-ാം വാർഷികം നാം ആഘോഷിക്കുകയാണ്. തമ്പുരാന്റെ അനുഗ്രഹത്തിനായി ഈ വർഷത്തെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളെയും സമർപ്പിച്ച് പ്രാർത്ഥിക്കുന്നതോടൊപ്പം എഴുപതാം വർഷത്തിന്റെ സുകൃതങ്ങൾ നമ്മുടെ പ്രവർത്തനമേഖലകളിൽ പ്രസരിപ്പിക്കുവാനുള്ള കൃപയ്ക്കായി ഒരുമയോടെ നമുക്ക് അവിടുത്തെ മാദ്ധ്യസ്ഥം തേടാം...

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : ഈശോയുടെ തിരുഹൃദയത്തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. പൗലോസ് |
| പ്രാർത്ഥനാനിയോഗം | : സമർപ്പിതർക്കുവേണ്ടി |
| സുകൃതജപം | : ഈശോയുടെ തിരുഹൃദയമേ എന്നെ വിശുദ്ധീകരിക്കണമേ. |

ജൂൺ 4 ഞായർ : ശാഖാതല പ്രവർത്തന വർഷം ആരംഭിക്കുന്നു.
പുതിയ ഭാരവാഹികൾ ചുമതലയേൽക്കുന്നു.

ജൂൺ 11 ഞായർ : ഗ്രൂപ്പ് തിരിച്ച് മാനുവൽ ബുക്ക് പൂരിപ്പിക്കുക,
ബി.എം.ജി. ഗ്രൂപ്പ് ആരംഭിക്കുക.

## പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ്ഡയറക്ടേഴ്സ് മീറ്റിംഗും

ചെറുപുഷ്പമിഷൻലീഗ് 2017-18 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനവും വൈസ്ഡയറക്ടേഴ്സ് മീറ്റിംഗും തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദേവാലയത്തിലെ ഓഡിറ്റോറിയത്തിൽ വച്ച് ജൂൺ 3 ശനിയാഴ്ച രാവിലെ 9.15ന് വി. കുർബാനയോടുകൂടി ആരംഭിക്കും. 10.15ന് മോൺ. ജോസഫ് പാംപ്ലാനിയുടെ ക്ലാസ്സ് തുടർന്ന് 11.30ന് നടക്കുന്ന പ്രവർത്തന വർഷ ഉദ്ഘാടനകർമ്മത്തിൽ അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന്റെ സന്ദേശവും മാർഗ്ഗരേഖാപ്രകാശനവും ഉണ്ടായിരിക്കും. എല്ലാ വൈസ് ഡയറ

ക്ടേഴ്സും മേഖലാഭാരവാഹികളും ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ കൃത്യ സമയത്തുതന്നെ എത്തിച്ചേരണമെന്ന് ഓർമ്മിപ്പിക്കുന്നു. സംഘടനാ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനസാമഗ്രഹികൾ വാങ്ങുവാനും കുടിശ്ശിക അടയ്ക്കുവാനുമുള്ള സൗകര്യമുണ്ടായിരിക്കുന്നതാണ്.

## ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം

ഈ വർഷത്തെ ശാഖാതല പ്രവർത്തന വർഷ ഉദ്ഘാടനം അതിരൂപതാ തലത്തിൽ ജൂൺ 4 ഞായറാഴ്ച ആനറ ശാഖയിൽ വച്ച് നടക്കും. ജൂൺ 4 ഞായറാഴ്ച ശാഖകളിൽ പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി ശാഖാ ഭാരവാഹികളുടെ നേതൃത്വത്തിൽ ശാഖാതല പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ശാഖാ - മേഖലാ വാർഷികറിപ്പോർട്ട്

2016 - 17 പ്രവർത്തന വർഷത്തെ ശാഖാ-മേഖലാ വാർഷിക റിപ്പോർട്ട് മേഖലാ ഡയറക്ടറിന്റെ ഒപ്പോടുകൂടി ജൂൺ 30നുള്ളിൽ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.......

## ശാഖാ - മേഖലാതല തെരഞ്ഞെടുപ്പ്

ശാഖാ-മേഖലാഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഇനിയും നടത്താത്ത ശാഖകളും മേഖലകളും എത്രയുംവേഗം തെരഞ്ഞെടുപ്പ് പൂർത്തിയാക്കി അതിരൂപതയിൽ നിന്നും നൽകിയിരിക്കുന്ന ഭാരവാഹികളുടെ ഫോം പൂരിപ്പിച്ച് ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## സമർപ്പണഫണ്ട്

പാവപ്പെട്ടകുട്ടികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സമർപ്പണഫണ്ട് ലഭിക്കുന്നതിന് അർഹമായ അപേക്ഷകൾ ജൂൺ 30നു മുമ്പ് വികാരിയച്ചന്റെ കത്തോടുകൂടി ഓഫീസിൽ എത്തിക്കുമല്ലോ. സമർപ്പണഫണ്ട് രൂപതയിൽ അടയ്ക്കാത്ത ശാഖകളിൽനിന്നുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല എന്നും ഓർമ്മിപ്പിക്കുന്നു.

## ഉപരിപഠനസ്കോളർഷിപ്പ്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10-ാം ക്ലാസ്സ് കഴിഞ്ഞ മിഷൻലീഗ് സജീവഅംഗങ്ങൾക്ക് നൽകിവരുന്ന മിഷൻലീഗ് രജതജൂബിലി ഉപരിപഠന സ്കോളർഷിപ്പിലേക്ക് അർഹമായ അപേക്ഷകൾ ജൂൺ 30നു മുമ്പ് വികാരിയച്ചന്റെ സാക്ഷ്യപത്രം, അംഗത്വ കാർഡിന്റെ കോപ്പി എന്നിവയോടൊപ്പം ഓഫീസിൽ എത്തിക്കുമല്ലോ.

## അംഗത്വ സ്വീകരണം

ദുക്റാന തിരുനാളിനോടുബന്ധിച്ച് ജൂലൈ 3-നോ തൊട്ടടുത്ത

ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വസ്വീകരണം നടത്തി ജൂലൈ 30 നുള്ളിൽ കഴിഞ്ഞ വർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

## പ്രത്യേകം ശ്രദ്ധിക്കാൻ

14.05.2017ന് ചേർന്ന അതിരൂപതാമാനേജിംഗ് കമ്മിറ്റി തീരുമാന പ്രകാരം 2017-18 വർഷംമുതൽ അംഗത്വഫീസ് ഒരുകുട്ടിക്ക് 5 രൂപയും വാർഷിക വിഹിതം എല്ലാ ഇടവകകൾക്കും 500 രൂപയുമായിരിക്കും എന്ന കാര്യം ബഹു. അച്ചന്മാരും സിസ്റ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

## എം.റ്റി.സി. തീർത്ഥയാത്ര

അതിരൂപതാ എം.റ്റി.സി. ക്യാമ്പിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 35 കുട്ടികളും അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും ഏപ്രിൽ 28 മുതൽ മെയ് 2 വരെ മഹാരാഷ്ട്രയിലെ സാംഗ്ലീമിഷൻ ഗ്രാമങ്ങളിലേയ്ക്ക് തീർത്ഥയാത്ര നടത്തി. സാംഗ്ലിയിലെ 'ദിലാസ' ഭവനിലെ ഏയ്ഡ്സ് രോഗികളായ 150 ഓളം കുട്ടികളോടൊപ്പം താമസിച്ച് അവർക്ക് ശുശ്രൂഷ ചെയ്യുവാൻ സാധിച്ചത് കുട്ടികൾക്ക് മറക്കാനാവാത്ത അനുഭവമായിരുന്നു. മിഷൻഗ്രാമങ്ങളിലെ മാനസികരോഗികളായ സഹോദരങ്ങൾ വസിക്കുന്ന ഇടങ്ങളിലും സന്ദർശനം നടത്തി. ശാഖകളിൽ നിന്നും സാംഗ്ലിമിഷൻ സഹായഫണ്ടിലേയ്ക്ക് ലഭിച്ച തുകയും അതിരൂപത വിഹിതവും ചേർത്ത് ഏയ്ഡ്സ് രോഗികളായ കുട്ടികളുടെ പഠനത്തിനായി ബഞ്ച്, ഡസ്ക്, ഇൻസ്ട്രമെന്റ് ബോക്സ്, പഠനോപകരണങ്ങൾ, വസ്ത്രങ്ങൾ എന്നിവ നൽകി സഹായിച്ചു. തുടർന്ന് വി. ഫ്രാൻസീസ് സേവ്യറിന്റെ പൂജ്യശരീരം കുടികൊള്ളുന്ന ഗോവയിലെ ദേവാലയം സന്ദർശിച്ച് അനുഗ്രഹങ്ങൾ പ്രാപിച്ചു. മിഷൻ തീർത്ഥയാത്രയിലൂടെ തങ്ങൾക്ക് ദൈവം നൽകി യിരിക്കുന്ന അനുഗ്രഹങ്ങൾ എത്രയോ വലുതാണെന്ന് തിരിച്ചറിയുവാൻ അനാഥത്വത്തിന്റെ നൊമ്പരം പേറുന്നവരുടെ വേദനയിൽ ആശ്വാസമാകു വാൻ, തങ്ങൾക്കുള്ളവ ഇല്ലാത്തവരുമായി പങ്കുവയ്ക്കാനുള്ള മനസ്സ് സ്വന്തമാക്കുവാൻ കുട്ടികൾക്ക് സാധിച്ചു.

## അതിരൂപതാ മാനേജിംഗ് കമ്മിറ്റി

2016-17 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനും; 17-18 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പദ്ധതികൾ തയ്യാറാക്കു ന്നതിനും; 3വർഷത്തെ സ്നേഹനിർഭരമായ സേവനത്തിനുശേഷം സ്ഥലംമാറിപോകുന്ന അതിരൂപതാ വൈസ്ഡയറക്ടർ സി. ഡോണയ്ക്ക് യാത്രയയപ്പ് നൽകുന്നതിനുമായി 2017 മെയ് 14ന് തലശ്ശേരി സന്ദേശഭവനിൽ വച്ച് അതിരൂപതാമാനേജിംഗ് കമ്മറ്റി ചേരുകയും 60ഓളം മേഖലാ ഭാരവാഹികൾ പങ്കെടുക്കുകയും ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ.

ബേബി പ്ലാശ്ശേരിയുടെ അധ്യക്ഷതയിൽ ചേർന്ന മാനേജിംഗ് കമ്മറ്റിമീറ്റിംഗ് അതിരൂപതാഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് ഉദ്ഘാടനം ചെയ്തു. തുടർന്ന് അതിരൂപതാ സെക്രട്ടറി ശ്രീ. സുനിൽ കല്ലിടുക്കിൽ കണക്കും 2017-18 വർഷത്തെ കരട് ബഡ്ജറ്റും; ജോ. സെക്രട്ടറി ഷേർളി പാമ്പനാൽ റിപ്പോർട്ടും അവതരിപ്പിച്ചു. അതിനുശേഷം 2016-17 വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും; 2017 -18 വർഷത്തെ കരട് മാർഗ്ഗരേഖ അവതരിപ്പിച്ച് പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്തു.

## ഏയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ മേഖലാതല സംഗമം-ഏയ്ഞ്ചൽസ് മീറ്റ് 2017 ചെറുപുഴ, പേരാവൂർ, തോമാപുരം, കുന്നോത്ത്, എന്നീമേഖലകളിൽ നടന്നു. ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്, ശ്രീ. ബേബി പ്ലാശ്ശേരി, ശ്രീ. ജെയ്സൺ മർക്കോസ്, ശ്രീ. ജെയ്സൺ പുളിച്ചമാക്കൽ, ഏലിക്കുട്ടി എടാട്ട് എന്നിവർ ഏയ്ഞ്ചൽസ് മിറ്റിൽ പങ്കെടുത്ത് സന്ദേശം നൽകുകയും, സി.എം.എൽ. ബാഡ്ജ്, പ്രാർത്ഥനാപുസ്തകം, മാനുവൽബുക്ക് എന്നിവ നൽകി മിഷൻലീഗ് സംഘടനയിലേയ്ക്ക് കുഞ്ഞുങ്ങളെ ഔദ്യോഗികമായി സ്വീകരിക്കുകയും ദിവ്യകാരുണ്യ സ്വീകരണ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. ഏയ്ഞ്ചൽസ് മീറ്റ് മനോഹരമായി ക്രമീകരിച്ച എല്ലാ ഫൊറോന വികാരിയച്ചന്മാർക്കും മേഖലാ ഡയറക്ടർ അച്ചൻമാർക്കും, വൈസ്ഡയറക്ടേഴ്സ്, മേഖലാഭാരവാഹികൾ എന്നിവർക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## കയ്യെഴുത്തുമാസിക വിജയികൾ

കുഞ്ഞുമിഷനറിമാരുടെ കലാസാഹിത്യ കഴിവുകൾ വികസിപ്പി ക്കാനായി നടത്തിയ കയ്യെഴുത്ത് മാസിക മത്സരത്തിൽ ചെട്ട്യാംപറമ്പ് ശാഖയുടെ ഹിന്നേനി ഒന്നാംസ്ഥാനവും മേലെചൊവ്വ ശാഖയുടെ കാരുണ്യ സ്പർശം രണ്ടാം സ്ഥാനവും വെള്ളരിക്കുണ്ട് ശാഖയുടെ എലയോസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി ഇവർക്കുള്ള സമ്മാനങ്ങൾ പ്രവർത്തനവർഷ ഉദ്ഘാടനദിനത്തിൽ തളിപ്പറമ്പിൽവച്ച് അഭിവന്ദ്യ പിതാവ് നൽകുന്നതായി രിക്കും. മത്സരത്തിൽ പങ്കെടുത്ത എല്ലാ ശാഖകൾക്കും പ്രോത്സാഹന സമ്മാനങ്ങൾ ഉണ്ടായിരിക്കും. മത്സരത്തിൽ പങ്കെടുത്ത എല്ലാ കുഞ്ഞുമിഷ നറിമാർക്കും നേതൃത്വം നൽകിയ ബഹു. ഡയറക്ടർ അച്ചന്മാർക്കും വൈസ് ഡയറക്ടേഴ്സിനും ശാഖാഭാരവാഹികൾക്കും മതാധ്യാപകർക്കും പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

## ഹൃദ്യമായസ്വാഗതം

പുതിയതായി അതിരൂപതാ വൈസ്ഡയറ്കടറായി ചാർജ്ജെടുത്തിരി ക്കുന്ന സി. റോഷ്നി എഫ്.സി.സിയ്ക്ക് അതിരൂപതാ കുടുംബത്തിലേയ്ക്ക്

ഹൃദ്യമായ സ്വാഗതം. തമ്പുരാൻ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ പൂർണ്ണതയിൽ നിർവ്വഹിക്കുവാൻ എല്ലാവിധ ദൈവാനുഗ്രഹങ്ങളും ലഭിക്കട്ടെ യെന്ന് ആശംസിക്കുന്നു... പ്രാർത്ഥിക്കുന്നു.

## ക്രിസ്റ്റീൻധ്യാനം

മെയ് 7,8,9 തീയതികളിൽ മേലെചൊവ്വശാഖയിൽ അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്തിന്റെ നേതൃത്വത്തിൽ ക്രിസ്റ്റീൻ ധ്യാനംനടത്തി. ധ്യാനത്തിൽ ശാഖയിലെ മുഴുവൻ കുട്ടികളും പങ്കെടുത്തു. ധ്യാനത്തിന്റെ വിജയത്തിനാവശ്യമായ എല്ലാ സഹായസഹകണങ്ങളും ചെയ്ത ബഹു. വികാരിയച്ചനും, സിസ്റ്റേഴ്സിനും, മതാധ്യാപകർക്കും പ്രത്യേകം നന്ദി.

## അനുകരണീയമായ മാതൃകയ്ക്ക് അഭിനന്ദനങ്ങൾ

മണിക്കടവ് ഇടവകയിലെ ഷിജിന എന്ന കൊച്ചുകൂട്ടുകാരി തീർത്ഥ യാത്രയുടെ ഭാഗമായി സാംഗ്ലി മിഷൻ സന്ദർശിക്കുകയും അതിനുശേഷം തിരിച്ചുവന്ന് ആരും പറയാതെ തന്റെ വീടിന്റെ ചുറ്റുപാടുമുള്ള വീടുകൾ കയറിയിറങ്ങി പിരിവെടുത്ത് ഏതാണ്ട് 3500 രൂപയോളം ശേഖരിച്ച് സാംഗ്ലി യിലെ HIV ബാധിതരായ കുട്ടികളെ സഹായിക്കാനായി അയച്ചു കൊടുക്കു കയും ചെയ്തു. അനുകരീണയമായ മാതൃകയ്ക്ക് അഭിനന്ദനങ്ങൾ...

**അനുമോദിച്ചു:** ചെറുപുഷ്പ മിഷൻലീഗ് കണിച്ചാർ ശാഖയുടെ ആഭിമുഖ്യത്തിൽ 2016-17 വർഷത്തെ SSLC, +2 പരീക്ഷകളിൽ മുഴുവൻ വിഷയത്തിനും A+ നേടിയ ശാഖാംഗങ്ങളെ മിഷൻലീഗ് ശാഖാഡയറക്ടർ റവ. ഫാ. ജോർജ് തെക്കുംചേരിയിൽ, വൈസ് ഡയറക്ടർ സി. അലീന, മാസ്റ്റർ ജിയോ ചീരംവേലിൽ, മാസ്റ്റർ ആൻഡ്രൂസ് കുന്നുംപുറത്ത്, ശ്രീ. ജോസ് കുന്നുംപുറത്ത്, മാസ്റ്റർ ക്രിസ്റ്റോ വാളുവെട്ടിക്കൽ എന്നിവർ അനുമോദിക്കുകയും ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

## ദൈവദാസി സി. മരിയ സെലിൻ മെഗാക്വിസ്

ഉർസുലൈൻ സന്യാസ സഭയിലെ അംഗമായ ദൈവദാസി സി. മരിയ സെലിൻ കണ്ണനായ്ക്കലിന്റെ ജീവിതസന്ദേശവും ആദ്ധ്യാത്മികതയും വരും തലമുറയ്ക്ക് പകർന്ന് കൊടുക്കുന്നതിന്റെ ഭാഗമായി 2017 ജൂൺ 25 ഞായ റാഴ്ച 2. pm മുതൽ 3.30 pm വരെ അതിരൂപതയിലെ രജിസ്ട്രർ ചെയ്യുന്ന കേന്ദ്രങ്ങളിൽവെച്ച് മെഗാക്വിസ് നടത്തപ്പെടും...

### പൊതുനിർദ്ദേശങ്ങൾ

- മത്സരം തികച്ചും വ്യക്തിഗതമായിരിക്കും
- ആദ്യം പേര് രജിസ്ട്രർ ചെയ്യുന്ന 25 പേർക്ക് മാത്രമേ ഒരു ഇടവകയിൽ നിന്നും പങ്കെടുക്കുവാൻ അനുവാദമുള്ളൂ...
- അതിരൂപതാ തലത്തിൽ നടക്കുന്ന എഴുത്തു പരീക്ഷയിൽ നിന്നായിരിക്കും.

അതിരൂപതാ വിജയികളെയും മെഗാക്വിസ് വിജയികളെയും കണ്ടെത്തുന്നത്.

- കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, തൃശൂർ, പാലക്കാട്, ആലപ്പുഴ, തിരുവനന്തപുരം, നെയ്യാറ്റിൻകര എന്നീ രൂപതകളിൽവച്ച് ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്നവർക്ക് യഥാക്രമം 50,001; 30,001; 20,001 എന്നീ കാഷ് അവാർഡുകൾ നൽകുന്നതായിരിക്കും.
- പങ്കെടുക്കുന്നവർക്ക് പഠന സഹായി ഫ്രീയായി അതാത് ഇടവകയിൽ നിന്ന് ലഭിക്കുന്നതായിരിക്കും.
- അതിരൂപതാ വിജയികൾക്ക് യഥാക്രമം 5001, 3001, 2001 എന്നീ കാഷ് അവാർഡുകൾ നൽകുന്നതായിരിക്കും.
- മത്സരാർത്ഥികൾ 10 വയസിനും 35 വയസിനും ഇടയിലുള്ളവരായിരിക്കണം. സിസ്റ്റേഴ്സ് പങ്കെടുക്കാൻ പാടില്ല.
- പങ്കെടുക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കും.
- പഠനഭാഗങ്ങൾ : ഉർസുലൈൻ സുഗന്ധസൂനം, ഈശോയുടെ ബ്രിജിദ മൊറെല്ലോ എന്നീ പുസ്തകങ്ങൾ...
- രജിസ്ട്രേഷൻ സൗജന്യമായിരിക്കും.
- ആദ്യം രജിസ്ട്രേർ ചെയ്യുന്ന 100 ഇടവകകൾക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.
- ശാഖാ ഡയറക്ടർ, വൈസ് ഡയറക്ടർ എന്നിവർ പരീക്ഷകൾക്ക് നേതൃത്വം നൽകേണ്ടതാണ്.
- ചോദ്യപേപ്പറുകൾ അതാത് ഇടവകകളിൽ എത്തിക്കുന്നതായിരിക്കും.

## ഹൃദയംനിറഞ്ഞ നന്ദി

വിവിധ ഫൊറോനകളിൽ മിഷൻലീഗ് മേഖലാ ഡയറക്ടർ, വൈസ് ഡയറക്ടർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനത്തിനുശേഷം പുതിയ ഇടവകകളിലേയ്ക്ക് സ്ഥലംമാറിയ ഫാ. മാത്യു നരിക്കുഴി. ഫാ. ജോസ് ആനാനിക്കൽ, ഫാ. മാത്യു പൊട്ടനാനി, ഫാ. ജോർജ് പുഞ്ചത്തറപ്പേൽ, ഫാ. ജോസഫ് കൊളുത്താപ്പള്ളി, ഫാ. ജോൺ വെങ്കിട്ടയ്ക്കൽ, ഫാ. ജോസഫ് വണ്ടർകുന്നേൽ, സി. ജോസ്ന എസ്.എച്ച്., സി. ആഗ്നസ് എഫ്.സി.സി., സി. നീന എസ്.എം.എസ്., സി. അനില എസ്.എച്ച്., സി. റോഷ്നി എഫ്.സി.സി., സി. മരിയറ്റ് സി.എം.സി., സി. ജോർജിയ എസ്.ഡി., സി. ജയ മരിയ എൻ.എസ്., സി. റോസ്ന എസ്.എച്ച്., എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ നന്ദി.

## യാത്രാമംഗളങ്ങൾ

സ്നേഹത്തിന്റെ പാൽപുഞ്ചിരിയും ത്യാഗത്തിന്റെ ആർദ്രതയും മുഖമുദ്രയാക്കി സേവനസഹനങ്ങൾ കൈമുതലാക്കിക്കൊണ്ട് കഴിഞ്ഞ 3 വർഷക്കാലം അതിരൂപതാ വൈസ്ഡയറക്ടറായി സേവനമനുഷ്ഠി

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

രണ്ടുമാസത്തെ അവധിക്കാലത്തിനുശേഷം പുതിയ ഒരു പ്രവർത്തനത്തിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ നമ്മുടെ കുഞ്ഞുമനസ്സിന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും ഈ വർഷത്തെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും കൊച്ചുണ്ണീശോയ്ക്ക് സമർപ്പിച്ച് ഉണ്ണീശോയുടെ അനുഗ്രഹം സ്വീകരിച്ചുകൊണ്ട് ഈ വർഷത്തെ തിരുബാലസഖ്യ പ്രവർത്തനങ്ങൾ നമുക്കാരംഭിക്കാം. സുകൃതജപങ്ങളും തിരുവചനങ്ങളും പ്രാർത്ഥനകളും വിശുദ്ധരുടെ ജീവിതകഥകളുമൊക്കെ പഠിച്ച് വിശുദ്ധരായ കുഞ്ഞുങ്ങളായി വളരാൻ



ച്ചതിനുശേഷം ഭീമനടി ഇടവകയിലേയ്ക്ക് സ്ഥലം മാറിപ്പോയ സ്നേഹം നിറഞ്ഞ സി. ഡോണയ്ക്ക് അതിരൂപതാ കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ നന്ദിയും പുതിയ സ്ഥലത്ത് എല്ലാവിധ പ്രാർത്ഥനാമംഗളങ്ങളും നേരുന്നു.

2016-17 പ്രവർത്തനവർഷം ശാഖാ-മേഖലാതല പ്രവർത്തനങ്ങൾ വളരെ ഭംഗിയായി പൂർത്തിയാക്കാൻ അതിരൂപതാ നിർദ്ദേശങ്ങളോട് ചേർന്ന് സഹകരിച്ച ശാഖ-മേഖലാ ഡയറക്ടർ അച്ചന്മാർ, വൈസ് ഡയറക്ടേഴ്സ്, ഭാരവാഹികൾ എന്നിവർക്ക് പ്രത്യേകംനന്ദിയും അഭിനന്ദനങ്ങളും പുതിയ പ്രവർത്തനവർഷത്തിൽ കൂടുതൽ പ്രേഷിതതീഷ്ണതയോടും പുത്തൻ ഉണർവ്വോടും കൂടെ പ്രവർത്തിക്കുവാൻ കാരുണ്യത്തിന്റെ പ്രേഷിതരായി മാറാൻ നമുക്കൊരുമിച്ച് പ്രവർത്തിക്കാം.

## ആദരാഞ്ജലികൾ

വിടരുംമുമ്പേ നമ്മിൽ നിന്ന് സ്വർഗ്ഗീയഭവനത്തിലേയ്ക്ക് പറന്നുയർന്ന പാലാവയൽ ശാഖയിലെ അജൻ ബെന്നിയുടെയും തോമാപുരം മേഖലാ ഓർഗനൈസറിന്റെ ഭാര്യയും മതാധ്യാപികയുമായ താരാ ടോം മച്ചിയാനിയുടെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**

അതിരൂപതാ ഡയറക്ടർ

നമുക്ക് പരിശ്രമിക്കാം. ഉണ്ണീശോയുടെ അനുഗ്രഹം എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

| |
|---|
| പരിചയപ്പെടുന്ന വിശുദ്ധൻ : വി. പൗലോസ്ശ്ലീഹ<br>പ്രാർത്ഥനാ നിയോഗം : എല്ലാവിദ്യാർത്ഥികൾക്കുംവേണ്ടി<br>സുകൃതജപം : ഈശോയുടെ തിരുഹൃദയമേ, അങ്ങയുടെ രാജ്യം വരണമേ<br>വചനം : ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്നു (ലൂക്ക 2:52) |

ജൂൺ : 11 ഞായർ : ശാഖാതലപ്രവർത്തനങ്ങൾ ആരംഭിക്കുന്നു.

## ആനിമേറ്റേഴ്സ് മീറ്റിംഗ്

തിരുബാലസഖ്യം ആനിമേറ്റേഴ്സ് മീറ്റിംഗ് 2017 ജൂൺ 3 ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയം ഓഡിറ്റോറിയത്തിൽവച്ച് രാവിലെ 9.15ന് വി. കുർബാനയോടുകൂടി ആരംഭിക്കുന്നു. 10.15ന് മോൺ. ജോസഫ് പാംപ്ലാനിയുടെ ക്ലാസ്സ് തുടർന്ന് 11.30ന് നടക്കുന്ന പ്രവർത്തനവർഷ ഉദ്ഘാടനകർമ്മത്തിൽ അഭിവന്ദ്യ ഞറളക്കാട്ട്പിതാവിന്റെ സന്ദേശവും മാർഗ്ഗരേഖാപ്രകാശനവും മാർഗ്ഗരേഖാ വിശദീകരണക്ലാസ്സും ഉണ്ടായിരിക്കും. എല്ലാ ആനിമേറ്റേഴ്സും ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ഈശോയെപ്പോലെ വളരാം... വലുതാകാം...

തിരുബാലസഖ്യം കുട്ടികൾക്കായി ഈ വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ ഉൾക്കൊള്ളിച്ചുകൊണ്ട് കഥകൾ, പാട്ടുകൾ, നിറംകൊടുക്കാം, വചനം പൂരിപ്പിക്കാം തുടങ്ങിയ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കുട്ടികൾക്ക് ഉപകാരപ്രദവും വചനപഠനത്തിന് സഹായകരവുമായ വിധത്തിൽ കഴിഞ്ഞ വർഷത്തെ വർക്ക് ബുക്കിന്റെ തുടർച്ചയായി ഈശോയെപ്പോലെ വളരാം... വലുതാകാം... Vol. 3 എന്ന പുസ്തകം തയ്യാറായിട്ടുണ്ട്. 25 രൂപയാണ് ഇതിന്റെ വില. വേദപാഠ പുസ്തകം വാങ്ങുവാൻ വരുമ്പോൾ വർക്ക് ബുക്കും വാങ്ങാവുന്നതാണ്. 1 മുതൽ 4 വരെയുള്ള എല്ലാ കുട്ടികൾക്കും ഈ വർക്ക്ബുക്ക് നൽകാനും ബഹു. ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. പുസ്തകം മെയ് 28 മുതൽ തലശ്ശേരി ഓഫീസിൽനിന്നും വാങ്ങാവുന്നതാണ്.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

## യാത്രാമംഗളങ്ങൾ



"എനിക്കിഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്കു തരും അവർ ജ്ഞാനത്തോടും വിവേകത്തോടുംകൂടെ നിങ്ങളെ പാലിക്കും." (ജറെ. 3:15) ഇടയധർമ്മത്തിന്റെ കൃപകളും ദാനങ്ങളും സ്വീകരിച്ച് ചെറുപുഞ്ചിരിയോടെ, നിർമ്മല ഹൃദയത്തോടെ, നിഷ്കളങ്കസ്നേഹത്തോടെ, വിശാല മനസ്സോടെ പ്രാർത്ഥനയാകുന്ന തേരിലേറി കഴിഞ്ഞ അഞ്ചു വർഷക്കാലം യുവജന പ്രസ്ഥാനത്തെ നെഞ്ചോടു ചേർത്ത് സ്നേഹിച്ച് വളർത്തി ശക്തമായ നേതൃത്വനിരകളെ സഭയ്ക്കായി വാർത്തെടുത്ത് എല്ലാവർക്കും എല്ലാമായി, ഓരോരുത്തരുടെയും ഹൃദയങ്ങളിൽ സ്ഥാനംപിടിച്ച ഞങ്ങളുടെ പ്രിയപ്പെട്ട ബിജു കരിങ്ങാലിക്കാട്ടിലച്ചൻ പുതിയ മേച്ചിൽ സ്ഥലമായ കൊന്നക്കാട് സെന്റ് മേരീസ് ഇടവകയിലേക്ക് സ്ഥലം മാറിപ്പോയി.

സഭയുടെ ഊർജ്ജവും പ്രതീക്ഷയുമായ യുവജനങ്ങളെ ശക്തിപ്പെടുത്താനും രൂപപ്പെടുത്താനുമായി ബഹു. ബിജു അച്ചൻ കടന്ന് വരുന്നത് 2012-ലാണ്. ക്രിസ്തുവിനും സഭയ്ക്കും പ്രിയപ്പെട്ട യുവജനങ്ങളെ ചേർത്തുനിർത്തുന്നതിനും വളർത്തുന്നതിനും നവയുഗസൃഷ്ടികളായി മാറ്റുന്നതിനും അച്ചനു സാധിച്ചു. 5 വർഷം നീണ്ട വ്യത്യസ്ഥങ്ങളായ പ്രവർത്തനങ്ങൾ ഒരിക്കലും വാക്കുകളുടെ ആലങ്കാരികതയിൽ ഒതുങ്ങി നിന്നില്ല മറിച്ച് അവയെല്ലാം ജീവൻ തുടിക്കുന്ന ക്രൈസ്തവ സാക്ഷ്യമായി മാറി.

യുവതയുടെ എല്ലാപ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിച്ചുകൊണ്ട് എപ്പോഴും മക്കളുടെ നന്മമാത്രം ഉയർത്തിക്കാണിക്കാനും അവരുടെ ഉയർച്ചയിൽ, വളർച്ചയിൽ സന്തോഷിക്കാനും അവരുടെ ദുഃഖത്തിൽ പങ്കുചേരാനും എപ്പോഴും സഹായഹസ്തം നീട്ടി ഒരപ്പനായി, സഹോദരനായി നൂറുശതമാനവും യുവജനങ്ങളുടെ കൂടെയായിരിക്കാൻ അച്ചൻ ശ്രദ്ധിച്ചു. സ്വന്തം രൂപതയിൽ മാത്രമല്ല സംസ്ഥാനത്തും മറ്റുരൂപതകളിലുമുള്ള യുവജനങ്ങളുടെയും ഡയറക്ടേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെയും ഇടയിലുള്ള അച്ചന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. ചുരുക്കത്തിൽ കെസിവൈഎം തലശ്ശേരി അതിരൂപതയ്ക്ക് സംസ്ഥാനത്തിൽ ഒരു നല്ല ലേബൽ ഉണ്ടാക്കുവാൻ അച്ചനു സാധിച്ചു.

കഴിഞ്ഞ അദ്ധ്യായങ്ങളിലൂടെ ഒന്നു കണ്ണോടിച്ചാൽ യുവജനങ്ങളുടെ വളർച്ചയെ മാത്രം ലക്ഷ്യംവച്ചുകൊണ്ട് തലശ്ശേരി അതിരൂപതയ്ക്ക് അച്ചൻ നല്കിയ സംഭാവന - കരിയർ വിഷൻ, ഡിൽറ്റ്, യുവജനദിനങ്ങൾ, അഗതി ദിനങ്ങൾ, പരിസ്ഥിതി ദിനങ്ങൾ, തീരദേശക്യാമ്പുകൾ, ലീഡർഷിപ്പ് ക്യാമ്പുകൾ, മാർ വള്ളോപ്പിള്ളി അനുസ്മരണം, തോമസ് മൂർ ദിനാചരണം, പ്രവാസിയുവജനസംഗമം, ഷട്ടിൽ ടൂർണ്ണമെന്റ്, സ്പോഴ്സ്, യുവജനധ്യാനം, കുടുംബസംഗമങ്ങൾ, നൈറ്റുവിജിലുകൾ, കുരിശുമല തീർത്ഥാടനങ്ങൾ, സത്യം മറിയാൻ ടിവി ഗുഡ് നെസ് പ്രോഗ്രാം, C-cat ശാലോം ടിവി പ്രോഗ്രാം, മുൻകാല ഭാരവാഹിസംഗമം, യൂണിറ്റ് ഫൊറോനസന്ദർശനം, രക്തദാന ക്യാമ്പ്, കേശദാനം, കാരുണ്യവിരുന്ന് (തലശ്ശേരി ജനറൽ ഹോസ്പിറ്റലിൽ എല്ലാ ദിവസവും സൗജന്യഭക്ഷണം) സ്നേഹവീട് പദ്ധതി, വനിതാ ഫോറം, കർമ്മ പദ്ധതി പ്രകാശനം, ജൂബിലി പ്രയാണം, മെഗാക്വിസ്, ലഹരി വിമുക്ത ദിനങ്ങൾ, മദർ തെരേസ തിരുശേഷിപ്പ് പ്രയാണം, കാരുണ്യതീർത്ഥാടനം, രോഗീസന്ദർശനം, ബത്‌ലഹേംമീറ്റ്, ഒപ്പുശേഖരണം (ഫാ. ടോം ഉഴുന്നാലിന്) എക്സ്പ്ലോറ, വെബ്സൈറ്റ്, ശ്രമദാനം, സാമൂഹികപ്രവർത്തനങ്ങളിലുള്ള സജീവമായ ഇടപെടൽ, യുവജന സംഗമങ്ങൾ, വിശുദ്ധനാട് തീർത്ഥാടനം, ഗാന്ധിജയന്തി, ശിശുദിനം, യുവജന അവാർഡുകൾ, സമ്പൂർണ്ണ കെസിവൈഎം ഫൊറോനതലം, സ്മരണിക, കെസിവൈഎം രജത ജൂബിലി സമാപനം, അതിരൂപതാ ഫൊറോന കലാസാഹിത്യ മത്സരങ്ങൾ, തലശ്ശേരി അതിരൂപത അതിഥേയത്വം വഹിച്ച് സംസ്ഥാന കലോത്സവം മുതലായവ വളരെ വിജയകരമായി നടത്തി. തുടർച്ചയായി സംസ്ഥാന കലോത്സവത്തിൽ മൂന്നുതവണ ട്രോഫി നേടി. ട്രോഫി സ്വന്തമാക്കി മാർ വള്ളോപ്പിള്ളി അനുസ്മരണത്തിനായി പുതിയ ട്രോഫി സംസ്ഥാനത്തിനു നല്കി. കൂടാതെ സംസ്ഥാനത്തെ എല്ലാ പ്രോഗ്രാമുകളിലും നാഷണൽ കൺവെഷനുകളിലും സജീവമായി പങ്കെടുക്കുവാനും പങ്കെടുപ്പിക്കുവാനും അച്ചൻ ശ്രദ്ധിച്ചു. യുവജനങ്ങളിലൊരുവനായി അവരുടെ മുന്നിൽനിന്ന് നയിച്ച അച്ചൻ യുവ ജനങ്ങൾക്ക് എന്നും ആവേശമായിരുന്നു. എല്ലാം നന്ദിയോടെ ഓർക്കുന്നു. അച്ചന്റെ കൂടെ ഞങ്ങളെന്നും ഏതാവശ്യങ്ങളിലും ഉണ്ടായിരിക്കും.

കൊന്നക്കാട് ഇടവകയുടെ ഇടയനായി ഉത്തരവാദിത്വം ഏറ്റെടുത്ത ബിജു അച്ചന് കെസിവൈഎം കുടുംബത്തിന്റെ എല്ലാ വിജയാശംസകളും പ്രാർത്ഥനകളും നേരുന്നു. പുതിയ പ്രവർത്തനമേഖലയിൽ ഇടവക ജന ങ്ങളെ നയിക്കുന്ന നല്ല ഇടയനായി ജീവിക്കുവാൻ ദൈവം അനുഗ്രഹിക്കട്ടെ. അഞ്ചുവർഷംകൊണ്ട് നേടിയെടുത്ത ആത്മവിശ്വാസവും കർമ്മശേഷിയും വിജ്ഞാനപാടവവുമെല്ലാം ഇനിയും അനേകം യുവജനങ്ങളുടെ വിശ്വാസ ജീവിതയാത്രയിൽ വഴിവിളക്കായി മാറട്ടെ. നിലയില്ലാകയത്തിൽ മുങ്ങി ത്താഴുന്നവർക്കും ദിശാബോധം നഷ്ടപ്പെട്ട് അലയുന്നവർക്കും അത്താണി യാകാൻ അച്ചനു സാധിക്കട്ടെ.

## പ്രകൃതി പഠന സഹവാസക്യാമ്പ്

ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് അതിരൂപതാതല പ്രകൃതി പഠനസഹവാസക്യാമ്പ് ജൂൺ 2,3,4 തീയതികളിലായി ചെമ്പേരി ഫൊറോന യുടെ ആതിഥേയത്വത്തിൽ കനകക്കുന്ന് പാൽക്കയം തട്ടിൽവച്ച് നടത്തപ്പെ ടുന്നു. ഭൂമിയെ സ്നേഹിക്കാനും സംരക്ഷിക്കാനും പഠിക്കാനും പ്രചോദനം നല്കുന്ന ഈ ക്യാമ്പിൽ എല്ലാ ഫൊറോനകളിലെയും യുവജനങ്ങൾ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## അഫിലിയേഷൻ

കെസിവൈഎം/എസ്എംവൈഎം അംഗത്വമാസം ജൂൺ മാസമാണ്. 15 മുതൽ 30 വയസുവരെ പ്രായമുള്ള എല്ലാ യുവജനങ്ങളും അംഗത്വം സ്വീകരിക്കേണ്ടതാണ്. ജൂൺ 30നകം അഫിലിയേഷൻ പൂർത്തിയാക്കി അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. യഥാക്രമം രജിസ്ട്രേഷൻ പൂർത്തിയാക്കുന്നവർക്കു മാത്രമേ ഇലക്ഷനിലും മത്സരങ്ങളിലും പങ്കെടുക്കാൻ സാധിക്കുകയുള്ളു. അഫിലിയേഷൻ ഫീസ് ഇടവകയുടെ ഗ്രേഡ് അടിസ്ഥാനത്തിലായിരിക്കും. എ-ഗ്രേഡ് - 1000/, ബി-ഗ്രേഡ് - 800/, സി-ഗ്രേഡ് - 600/, ഡി-ഗ്രേഡ് - 500/ രൂപ നിരക്കിലായിരിക്കും അതിരൂപതാ ഓഫീസിൽ അടയ്ക്കേണ്ടത്.

## അംഗത്വകാർഡ്

കെസിവൈഎം/എസ്എംവൈഎം-ൽ അംഗങ്ങളായി ചേരുന്ന എല്ലാവരും ഐഡി കാർഡ് സ്വന്തമാക്കാൻ ശ്രദ്ധിക്കുക. കലാകായികമത്സര ങ്ങളിലും സംഘടനയുടെ പ്രധാന പരിപാടികളിലെല്ലാം ഫൊറോനതലത്തി ലും അതിരൂപതാതലത്തിലും ഐഡി കാർഡ് നിർബന്ധമായിരിക്കും.

## ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റേഴ്സിനെയും തെരഞ്ഞെ ടുക്കുക

ഫൊറോനകളിൽനിന്ന് സ്ഥലംമാറിപ്പോയ ഡയറക്ടർമാർക്കും ആനിമേറ്റേഴ്സിനും പകരം പുതിയ ഡയറക്ടർമാരെയും ആനിമേറ്റേഴ്സിനെ യും അടുത്ത മാസധ്യാനത്തിൽ കണ്ടെത്തി അതിരൂപതാ ഓഫീസിൽ അറിയിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ് മീറ്റ്

ജൂൺ 24 - ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാ ലയ ഓഡിറ്റോറിയത്തിൽവച്ച് ഡയറക്ടേഴ്സിന്റെയും ആനിമേറ്റേഴ്സി ന്റെയും മീറ്റിംഗ് നടത്തപ്പെടുന്നു. നിലവിലുള്ളവരും പുതിയതായി തെര ഞ്ഞെടുക്കപ്പെട്ടവും മീറ്റിംഗിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മി പ്പിക്കുന്നു. രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയായിരിക്കും മീറ്റിംഗ്.

## ഹൃദയപൂർവ്വം... നന്ദി

തലശ്ശേരി അതിരൂപതയുടെ കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന് ഊർജ്ജവും ആത്മീയ ഉണർവ്വും നല്കി ഫൊറോന ഡയറക്ടേഴ്സായി സേവനമനുഷ്ഠിച്ച ഞങ്ങളുടെ പ്രിയപ്പെട്ട മാത്യു ഓലിക്കലച്ചനും (പനത്തടി), മാത്യു ആനുകുത്തിയിൽ അച്ചനും (വെള്ളരിക്കുണ്ട്), ജോസഫ് കുളത്തറയച്ചനും (ചെറുപുഴ), ജോസഫ് കാനക്കാട്ടച്ചനും (വായാട്ടുപറമ്പ്), ജോസഫ് ഇളംപുരയിടം അച്ചനും (എടൂർ), ജോൺസൻ വേങ്ങപ്പറമ്പില ച്ചനും (മേരിഗിരി) ജോസഫ് ആനചാരി അച്ചനും (പൈസക്കരി), തലശ്ശേരി അതിരൂപതാ കെസിവൈഎം കുടുംബത്തിന്റെ പ്രത്യേക നന്ദിയും പുതിയ സ്ഥലത്ത് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

## വി. തോമസ് മൂർ ദിനാചരണം

കെസിവൈഎമ്മിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെ തിരുനാൾ ജൂൺ 22ന് ആഘോഷിക്കുമ്പോൾ അന്നേദിവസം എല്ലാ യൂണിറ്റുകളും പ്രാർത്ഥനാദിനമായി ആചരിക്കുമല്ലോ. അതിരൂപതാ തോമസ് മൂറിന്റെ ദിനാചരണം നെല്ലിക്കാംപൊയിൽ ഫൊറോനയടെ ആതിഥേയത്വ ത്തിൽ ജൂൺ 25ന് നടത്തെപ്പടുന്നു.

## വിശുദ്ധ നാട് സന്ദർശനം

കെസിവൈഎമ്മിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട വിശുദ്ധനാട് സന്ദർശനത്തിന്റെ രണ്ടാമത്തെ യാത്ര ഏപ്രിൽ 28ന് പുറപ്പെട്ട് മെയ് 8ന് തിരിച്ചെത്തി. വളരെ ദൈവാനുഗ്രഹത്തിന്റെ അവസരങ്ങളായിരുന്നു തീർത്ഥാടനം.

## മൈഗ്രന്റ് ഫോം

പ്രവാസികളുടെ അജപാലനത്തെക്കുറിച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ സർക്കുലർ പ്രകാരം ഓരോ ഇടവകകളിലും എത്ര മൈഗ്രന്റ് ഫോം വേണമെന്ന് ജൂൺ 15-നകം തലശ്ശേരി അതിരൂപത കെസി വൈഎം ഓഫീസിൽ അറിയിക്കുമല്ലോ.

## സത്യമറിയാൻ

ഗുഡ്നെസ് ചാനലും, തലശ്ശേരി കെസിവൈഎമ്മുംകൂടി നടത്തുന്ന സത്യമറിയാൻ എന്ന പ്രോഗ്രാമിന്റെ ഷൂട്ടിങ് മെയ് 20, 21, 22 തീയതി കളിലായി കാഞ്ഞങ്ങാട് മേഖലയിൽ പടന്നക്കാടുവച്ചും പേരാവൂർ മേഖല യിൽ മടപ്പുരച്ചാലിൽവച്ചും ആലക്കോട് ഫൊറോനയിൽ പരപ്പയിൽവച്ചും നടത്തപ്പെട്ടു. പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും അഭിനന്ദനങ്ങൾ. ഇതിനായി അധ്വാനിച്ച എല്ലാ ഡയറക്ടേഴ്സിനും മേഖല യൂണിറ്റ് ഭാരവാഹി കൾക്കും പ്രത്യേകം നന്ദി.

**ആദരാഞ്ജലി**

കെസിവൈഎം തലശ്ശേരി അതിരൂപതാ മുൻ പ്രസിഡന്റും ഇപ്പോൾ പനത്തടി മേഖലയുടെ ആനിമേറ്ററുമായ ശ്രീ. പീയൂസ് പറയിടത്തിന്റെ വത്സല മാതാവ് മേരിയുടെ നിര്യാണത്തിൽ അതിരൂപതാസമിതി ഭവനം സന്ദർശിക്കുകയും സംസ്ക്കാരശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു.

*"പ്രിയ യുവജനങ്ങളെ ... മതനിരപേക്ഷതയുടെയും അയുക്തീകമായ മതവിശ്വാസങ്ങളുടെയുമൊക്കെ ആരവങ്ങളുയരുന്ന കാലഘട്ടത്തിൽ, വിശ്വാസം എന്നത് ജീവിതം മുഴുവൻ ഉൾക്കൊള്ളുന്ന വ്യക്തിപരമായ ഒരു തീരുമാനമാണ് എന്ന് തെളിയിക്കാനുള്ള കടമ നിങ്ങൾക്കുണ്ട്".* (വി. ജോൺ പോൾ രണ്ടാമൻ)

സ്നേഹപൂർവ്വം,

**ഫാ. സ്ക്കറിയ വടശ്ശേരിൽ**
യുവജന ഡയറക്ടർ

## സ്നേഹോഷ്മളമായ സ്വാഗതം



ചെമ്പേരി എഞ്ചിനീയറിങ്ങ് കോളേജിൽ അദ്ധ്യാപകനായിരുന്നുകൊണ്ട് യുവജനങ്ങളുടെ ഹൃദയസ്പന്ദനം തിരിച്ചറിഞ്ഞ് അതിരൂപതാ യുവജന ഡയറക്ടറായി സ്ഥാനമേറ്റിരിക്കുന്ന ബഹു. സോണി വടശ്ശേരി അച്ചന് അതിരൂപതാ കെസിവൈഎം കുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതം. യുവജനങ്ങളെ നയിക്കുവാൻവേണ്ട എല്ലാ കഴിവുകളും നന്മകളും നേതൃത്വപാടവവും ഒത്തിണങ്ങിയ സോണി അച്ചനിലൂടെ അതിരൂപതയിലെ യുവജന ശുശ്രൂഷ ഉത്തരോത്തരം വളർന്നു വരട്ടെ എന്നാശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

**കെസിവൈഎം അതിരൂപതാ സമിതി - 2017**

# കുടുംബ പ്രേഷിതത്വം

## 1. MGC - 2017

| MONTH | PERAVOOR | PADANNAKKAD | SANDESABHAVAN |
|---|---|---|---|
| JUNE | Nil | 13 - 15 | 27 - 29 |
| JULY | 4 - 6 | Nil | 25 - 27 |
| AUGUST | 8 - 10 | Nil | 22 - 24 |
| SEPTEMBER | Nil | 12 - 14 | 26 - 28 |
| OCTOBER | 10 - 12 | Nil | 24 - 26 |
| NOVEMBER | 7 - 9 | 14 - 16 | 28 - 30 |
| DECEMBER | 19 - 21 | 5 - 7 | 12 - 14 |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

**1.** കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ടപ്രകാരം എം.ജി.സി യുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുവേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

For details please contact : Ph: 0490 2343414, Mob: 9400206974

## 2. എം.ജി.സി ബുക്ക് ചെയ്യേണ്ട വിധം

**www.familytly.com** എന്ന വെബ്സൈറ്റ് തുറക്കുക.

എം.ജി. സി രജിസ്ട്രേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

കോഴ്സ് ബുക്ക് ചെയ്യേണ്ട ആളിന്റെ മുഴുവൻ ബയോഡാറ്റ ഫിൽ ചെയ്യുക.

പേജിന്റെ താഴെ കാണുന്ന സബ്മിറ്റ് ബട്ടണിൽ ക്ലിക്ക് ചെയ്യുക.

അപ്പോൾ കിട്ടുന്ന പേജിന്റെ പ്രിന്റൗട്ട് എടുത്ത് വികാരിയച്ചന്റെ സീലും ഒപ്പുംവെച്ച് കോഴ്സിന് വരുമ്പോൾ കൊണ്ടുവരിക.

കുടാതെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും 900 രൂപ കോഴ്സ് ഫീസും കൊണ്ടുവരിക.

അഡ്വാൻസ് പേയ്മെന്റ് ആവശ്യമില്ല.

സെന്ററുകളിൽ പോയി ബുക്ക് ചെയ്യുന്നത് ഇനിമുതൽ പ്രോത്സാഹിപ്പിക്കേണ്ടതില്ലല്ലോ. വെബ്സൈറ്റിൽ കിട്ടുന്ന ഡാറ്റ സർട്ടിഫിക്കേറ്റ് തയ്യാറാക്കാൻ വളരെ സഹായകരമാണ്.

**3. വിവാഹ ഒരുക്കസെമിനാർ**

789, 790, 791 എന്നീ എം.ജി.സി കോഴ്സുകൾ ഏപ്രിൽ 18-20, 25-27, മെയ് 2-4 എന്നീ തീയതികളിൽ യഥാക്രമം പടന്നക്കാട് ഗുഡ് ഷെപ്പേർഡ് ചർച്ച്, പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം എന്നീ സെന്ററുകളിൽവച്ച് നടക്കുകയുണ്ടായി. മൂന്ന് കോഴ്സുകളിലായി 172 ആൺകുട്ടികളും 191 പെൺകുട്ടികളും ഉൾപ്പെടെ ആകെ 363 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

**4. എം.ജി.സി. പേരന്റ്സ് മീറ്റ്**

പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്ററിൽവച്ച് ഏപ്രിൽ 20, 27 തീയതികളിൽ എം.ജി.സി. 789, 790 എന്നീ കോഴ്സുകളിൽ സംബന്ധിക്കുന്നവരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് നടത്തുകയുണ്ടായി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി നയിച്ചു.

## 2. മാതൃവേദി

**1. മാതൃസംഗമം - ഇരിട്ടി റീജിയൻ :** 'മാതൃത്വം യുവകുടുംബ രൂപീകരണത്തിന്' ആപ്തവാക്യം ഉൾകൊണ്ട് അതിരൂപതാ സീറോമലബാർ മാതൃവേദിയുടെ ഇരിട്ടി റീജിയണിന്റെ മാതൃസംഗമം 2017 ഏപ്രിൽ 27-ാം തീയതി തിങ്കളാഴ്ച ഇരിട്ടി സെന്റ് ജോസഫ്സ് ചർച്ച് ഓഡിറ്റോറിയത്തിൽവെച്ച് നടത്തപ്പെട്ടു. കല്ലുമുതിരക്കുന്ന് യൂണിറ്റിന്റെ ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച പരിപാടിക്ക് മാതൃവേദി ദേശീയ സെനറ്റ് അംഗം ശ്രീമതി ലൈസ സോജൻ സ്വാഗതം ആശംസിച്ചു. പേരാവൂർ ഫൊറോന വികാരി ഫാ. തോമസ് കൊച്ചുകരോട്ട് ഉദ്ഘാടനം ചെയ്ത ചടങ്ങിന് സീറോ മലബാർ മാതൃവേദി ദേശീയ വൈസ് പ്രസിഡന്റ് ശ്രീമതി സിസിലി ബേബി പുഷ്പക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ഫാമിലി അപ്പസ്റ്റൊലേറ്റിന്റെ പുതിയ വെബ്സൈറ്റായ www.familytly.com ന്റെ ഉദ്ഘാടനം ഇരിട്ടി ഇടവക വികാരി ഫാ. ജോർജ്ജ് വണ്ടർകുന്നേൽ നിർവ്വഹിച്ചു. ഫാമിലി അപ്പസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി, ആനിമേറ്റർ സി. ലിയ റോസ് സി.എച്ച്.എഫ്. എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് യുവകുടുംബ രൂപീകരണത്തിൽ മാതൃത്വത്തിന്റെ പങ്ക് എന്ന വിഷയത്തെക്കുറിച്ച് ബൈബിൾ അപ്പസ്റ്റൊലേറ്റ് ഡയറക്ടർ റവ. ഡോ. ജോസഫ് പാംപ്ലാനി മനോഹരമായ ക്ലാസ്സെടുത്തു. അതിരൂപതാ മാതൃവേദിയുടെ ജോ. സെക്രട്ടറി ശ്രീമതി സീന സുനിൽ നല്ലൂർ നന്ദിയർപ്പിച്ചു. മാതൃവേദി ആന്തവും തുടർന്ന് ഉച്ചഭക്ഷണവും ഉണ്ടായിരുന്നു. നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്, പേരാവൂർ എന്നീ മേഖലകൾ ഒന്നുചേർന്ന സംഗമം 2 മണിയോടെ സമാപിച്ചു. മാതൃസംഗമം വിജയകരമാക്കാൻ യത്നിച്ച ഏവർക്കും അതിരൂപതാ ഫാമിലി അപ്പസ്റ്റൊലേറ്റിന്റെ നന്ദിയും ആശംസകളും അറിയിക്കുന്നു.

**2. മുത്തിയൂട്ടും വലിയ കുടുംബങ്ങളെ ആദരിക്കലും**

കാഞ്ഞങ്ങാട് മേഖല മാതൃവേദിയുടെ ആഭിമുഖ്യത്തിൽ വി. യൗസേ

പ്പിതാവിന്റെ മരണതിരുനാൾ ആചരണത്തിന്റെ ഭാഗമായി മുത്തിയൂട്ട് നേർച്ച മാർച്ച് 25-ന് പടന്നക്കാട് നല്ലിടയൻ ദേവാലയത്തിൽവച്ച് നടന്നു. കുരിശിന്റെ വഴിയ്ക്കും ദിവ്യബലിയ്ക്കുംശേഷം നടന്ന മീറ്റിംഗ് ഫാ. പയസ് പടിഞ്ഞാറെമുറിയിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് മുത്തിയൂട്ടിന്റെ പ്രാധാന്യത്തെ ക്കുറിച്ച് ബഹു. അച്ചൻ ക്ലാസ്സെടുത്തു. ശ്രീമതി മേരി കിഴക്കേക്കര അദ്ധ്യക്ഷയായി. മീറ്റിംഗിൽ മുത്തിയൂട്ട് കർമ്മങ്ങൾക്ക് റവ. ഫാ. ജോസഫ് കരോട്ട്, ഫാ. പയസ് പടിഞ്ഞാറെമുറിയിൽ എന്നിവർ നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നായി 10 കുടുംബങ്ങൾ മുത്തിയൂട്ട് നേർച്ചകൾക്കായി എത്തിയിരുന്നു. മികച്ച സാമൂഹ്യ പ്രവർത്തകയ്ക്കുള്ള പുരസ്കാരം ശ്രീമതി ഷീല ചാക്കോയ്ക്ക് (ന്യൂ മലബാർ പുനരധിവാസ കേന്ദ്രം) മോൺ. ഫാ. ജോർജ് എളൂക്കുന്നേൽ നൽകി. വലിയ കുടുംബങ്ങളെ ആദരിക്കലിന്റെ ഭാഗമായി വന്ന കുടുംബങ്ങൾക്കുള്ള പുരസ്കാരം ഫൊറോന വികാരി റവ. ഫാ. മാത്യു ആലംങ്കോട്ട് സമ്മാനിച്ചു. വിവിധ ഇടവകകളിൽനിന്ന് ആനിമേറ്റർമാരും അമ്മമാരും ഉൾപ്പടെ 150 പേർ ചടങ്ങിൽ പങ്കെടുത്തു. പരിപാടികൽക്ക് നേതൃത്വം നൽകിയ മേഖല ആനിമേറ്റർ സി. ജോസ്നയ്ക്കും മേഖല ഭാരവാഹികൾക്കും അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ അഭിനന്ദനങ്ങൾ.

## 3. ഫാമിലി അപ്പൊസ്റ്റോലേറ്റ് വെബ് സൈറ്റ് ഉദ്ഘാടനം

കുടുംബ പ്രേഷിതോന്മുഖമായ പ്രവർത്തനങ്ങളിലൂടെ ശ്രദ്ധേയമായ ഫാമിലി അപ്പസ്റ്റോലേറ്റ് കൂടുതൽ കാര്യക്ഷമമായ രീതിയിൽ പ്രവർത്തനങ്ങൾ മുന്നോട്ടു നയിക്കാൻ പുതിയ വെബ്സൈറ്റ് ആരംഭിച്ചു. www.familytly.com എന്ന പേരിൽ അതിരൂപതാ ഫാമിലി അപ്പസ്റ്റോലേറ്റിന്റെ വെബ്സൈറ്റ് ഇരിട്ടിയിൽ വെച്ച് നടന്ന മാതൃസംഗമത്തിൽ വെച്ച് ഇരിട്ടി ഫൊറോന വികാരി ഫാ. ജോർജ്ജ് വണ്ടർകുന്നേൽ ഉദ്ഘാടനം ചെയ്തു. എം.ജി.സി. വിവാഹ ഒരുക്കസെമിനാറുകൾ, മാതൃവേദി, പ്രൊലൈഫ്, ഹോം മിഷൻ, ഏകസ്ഥർ തുടങ്ങി കുടുംബപ്രേഷിത മേഖലയുമായി ബന്ധമുള്ള സംവിധാനങ്ങളുടെ നല്ല പ്രവർത്തനത്തിന് വെബ്സൈറ്റ് സഹായകരമാണ്. എം.ജി.സി. ബുക്കു ചെയ്യുന്നതിന് ഇനി മുതൽ ഈ വെബ്സൈറ്റിനെ ആശ്രയിക്കാവുന്നതാണ്. സെന്ററുകളിൽ പോയും ഫോൺ വിളിച്ചും ബുക്കു ചെയ്യാതെ വെബ്സൈറ്റ് മുഖേന ബുക്ക് ചെയ്യാം. നമ്മുടെ യുവജനങ്ങൾ മിക്കവരും തന്നെ മൊബൈലിലും മറ്റും ഇന്റർനെറ്റ് ഉപയോഗിക്കുന്നവരാണ്. എം.ജി.സി. രജിസ്ട്രേഷൻ മൊബൈലിൽ നിന്നും സാധ്യമാണ്. ഓഫീസ് സംബന്ധമായ സർട്ടിഫിക്കറ്റ് പ്രിന്റിംഗ് തുടങ്ങിയവ ആയാസരഹിതമാക്കാനും ഇത് വളരെ ആവശ്യമാണ്. മാതൃവേദിയിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനും അംഗങ്ങളുടെ ഐഡി നമ്പർ തുടങ്ങിയവ സ്വീകരിക്കുന്നതിനും പരിശോധിക്കുന്നതിനും കലോത്സവങ്ങളുടെയും മറ്റും ഫലം അറിയുന്നതിനും www.familytly.com-ൽ

സാധ്യതകൾ ഉണ്ട്. കുടുംബപ്രേഷിതത്വത്തിന്റെ എല്ലാ മേഖലകളുടെയും വാർത്തകൾ അറിയാനും വെബ്സൈറ്റ് സഹായകരമാണ്. ബഹു. വികാരിയച്ചന്മാർ ഇതേകുറിച്ച് ഇടവകകളിൽ അറിയിക്കുമല്ലോ.

## 4. നന്ദിയോടെ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഡയറക്ടറായി കഴിഞ്ഞ 5 വർഷക്കാലം സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് പുതിയ കർമ്മ മേഖലയിലേക്ക് ദൈവഹിതാനുസരണം കടന്നുചെന്നിരിക്കുന്ന ഞങ്ങളുടെ സ്നേഹമുള്ള സാബു അച്ചന് ഫാമിലി അപ്പസ്റ്റൊലേറ്റ് കുടുംബാംഗങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി. കർമ്മോത്സുകതയോടും അർപ്പണ ബോധത്തോടുംകൂടെ ത്യാഗനിർഭരവും ചിട്ടയുമായ പ്രവർത്തനങ്ങളിലൂടെ അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾവഴി കുടുംബങ്ങളുടെ ഉന്നമനത്തിനായി കാഴ്ചവെച്ച സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. ബളാൽ ഇടവകയുടെ വികാരിയായി ദൈവീകപദ്ധതിയാൽ നിയമിതനായിരിക്കുന്ന സ്നേഹമുള്ള അച്ചന്റെ പ്രവർത്തന മേഖലകൾ ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ റീജന്റ് ബ്രദറായി കഴിഞ്ഞ 6 മാസക്കാലം സേവനമനുഷ്ഠിച്ച് തിയോളജി പഠനത്തിനായി ആലുവയ്ക്ക് പോകുന്ന ബ്രദർ എഡ്വിൻ കോയിപ്പുറത്തിന് അതിരൂപതാ ഫാമിലി അപ്പസ്റ്റൊലേറ്റിന്റെ ഹൃദ്യമായ നന്ദി.

## സ്വാഗതം

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ പുതിയ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജോർജ് കോവാട്ടച്ചന് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബാങ്ങളുടെ ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനകളും നേരുന്നു. ഭാവിപ്രവർത്തനങ്ങൾ നന്മ നിറഞ്ഞതാകട്ടെയെന്ന് ആശംസിക്കുന്നു.

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ പുതിയ റീജന്റ് ബ്രദറായി കടന്നുവന്നിരിക്കുന്ന ബ്രദർ റിഖിൽ മറ്റക്കോട്ടിലിന് ഫാമിലി അപ്പസ്റ്റൊലേറ്റ് അംഗങ്ങളുടെ ഹൃദയപൂർവ്വകമായ സ്വാഗതവും പ്രാർത്ഥനാശംസകളും സ്നേഹപൂർവ്വം നേരുന്നു.

സ്നേഹപൂർവ്വം,

**ഡയറക്ടർ**
ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## പ്ലസ് ടു റിസൽട്ട്

| സ്കൂളിന്റെ പേര് | സയൻസ് | | | കൊമേഴ്സ് | | | ഹ്യുമാനിറ്റീസ് | | |
|---|---|---|---|---|---|---|---|---|---|
| | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം |
| അങ്ങാടിക്കടവ് | 49 | 49 | 100 | 48 | 47 | 98 | 47 | 47 | 100 |
| ചെമ്പേരി | 100 | 97 | 97 | 50 | 50 | 100 | 50 | 43 | 86 |
| കൊളക്കാട് | 99 | 99 | 100 | Nil | Nil | Nil | 47 | 38 | 81 |
| പെരുമ്പടവ് | 48 | 47 | 98 | 49 | 46 | 96 | Nil | Nil | Nil |
| തോമാപുരം | 150 | 144 | 96 | 48 | 48 | 100 | 48 | 37 | 78 |
| വെളിമാനം | 50 | 48 | 96 | 48 | 48 | 100 | 48 | 42 | 87.5 |
| വെള്ളരിക്കുണ്ട് | 100 | 98 | 98 | Nil | Nil | Nil | 48 | 44 | 92 |
| മേരിഗിരി | 59 | 59 | 100 | 55 | 49 | 89 | Nil | Nil | Nil |
| പേരാവൂർ | 50 | 48 | 96 | 50 | 46 | 92 | Nil | Nil | Nil |
| മണിക്കടവ് | 48 | 41 | 85.42 | 50 | 47 | 94 | Nil | Nil | Nil |
| പാലാവയൽ | 43 | 38 | 88.40 | 44 | 41 | 93 | Nil | Nil | Nil |
| കുന്നോത്ത് | 48 | 37 | 77 | 49 | 45 | 92 | Nil | Nil | Nil |

| സ്കൂൾ | വിഭാഗം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം |
|---|---|---|---|---|
| കിളിയന്തറ | ബയോളജി സയൻസ് | 49 | 49 | 100 |
| | കമ്പ്യൂട്ടർ സയൻസ് | 40 | 37 | 92.5 |
| | കൊമേഴ്സ് | 47 | 47 | 100 |
| പെരുമ്പടവ് | ബയോളജി സയൻസ് | 60 | 59 | 98.3 |
| | കമ്പ്യൂട്ടർ സയൻസ് | 53 | 49 | 92 |
| | ഹ്യുമാനിറ്റീസ് | 60 | 53 | 88.3 |
| | കൊമേഴ്സ് | 60 | 56 | 93.3 |
| എടൂർ | ബയോളജി സയൻസ് | 147 | 147 | 100 |
| | കമ്പ്യൂട്ടർ സയൻസ് | 50 | 50 | 100 |
| | കമ്പ്യൂട്ടർ കൊമേഴ്സ് | 49 | 49 | 100 |
| | കൊമേഴ്സ് പൊളിറ്റിക്സ് | 49 | 43 | 87.75 |

| എസ്.എസ്.എൽ.സി. റിസൽട്ട്<br>സ്കൂളിന്റെ പേര് | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം | 10 എപ്ലസ് | 9 എപ്ലസ് |
|---|---|---|---|---|---|
| അങ്ങാടിക്കടവ് എച്ച്.എസ് | 127 | 127 | 100 | 8 | 8 |
| ചന്ദനക്കാംപാറ എച്ച്.എസ് | 68 | 68 | 100 | 12 | 3 |
| ചെമ്പന്തൊട്ടി എച്ച്.എസ് | 147 | 141 | 95.91837 | 11 | 7 |
| ചെമ്പേരി എച്ച്.എസ് | 142 | 137 | 96.47887 | 18 | 10 |
| ചെറുപുഴ എച്ച്.എസ് | 229 | 229 | 100 | 18 | 9 |
| എടൂർ എച്ച്.എസ് | 232 | 231 | 99.64664 | 29 | 16 |
| കടുമേനി എച്ച്.എസ് | 84 | 80 | 95.2381 | 4 | 7 |
| കരിക്കോട്ടക്കരി എച്ച്.എസ് | 148 | 136 | 91.89189 | 6 | 6 |
| കിളിയന്തറ എച്ച്.എസ് | 108 | 108 | 100 | 5 | 0 |
| കൊളക്കാട് എച്ച്.എസ് | 75 | 75 | 100 | 6 | 7 |
| കുടിയാന്മല എച്ച്.എസ് | 100 | 100 | 100 | 11 | 7 |
| കുന്നോത്ത് എച്ച്.എസ് | 190 | 187 | 98.42105 | 11 | 13 |
| മണിക്കടവ് എച്ച്.എസ് | 213 | 210 | 98.59155 | 13 | 13 |
| മേരിഗിരി എച്ച്.എസ് | 98 | 97 | 98.97959 | 6 | 2 |
| നെല്ലിക്കുറ്റി എച്ച്.എസ് | 100 | 97 | 97 | 3 | 4 |
| പൈസക്കിരി എച്ച്.എസ് | 121 | 121 | 100 | 2 | 5 |
| പാലാവയൽ എച്ച്.എസ് | 144 | 143 | 99.30556 | 17 | 16 |
| പേരാവൂർ എച്ച്.എസ് | 283 | 282 | 99.64664 | 29 | 16 |
| പെരുമ്പടവ് എച്ച്.എസ് | 131 | 128 | 97.70992 | 6 | 6 |
| പുലിക്കുരുമ്പ എച്ച്.എസ് | 81 | 81 | 100 | 2 | 5 |
| തോമാപുരം എച്ച്.എസ് | 141 | 139 | 98.58156 | 17 | 12 |
| വായാട്ടുപറമ്പ എച്ച്.എസ് | 281 | 277 | 98.57651 | 27 | 23 |
| വെളിമാനം എച്ച്.എസ് | 194 | 184 | 94.84536 | 2 | 7 |
| വെള്ളരിക്കുണ്ട് എച്ച്.എസ് | 205 | 205 | 100 | 24 | 18 |

## സുവർണ്ണ ജൂബിലി സമാപന സമ്മേളനം (1967 -2017)

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ സുവർണ്ണ ജൂബിലി അനുസ്മരണ സമ്മേളനം 2017 മെയ് 20 ശനിയാഴ്ച ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ മോൺ. മാത്യു എം. ചാലിൽ ഓഡിറ്റോറിയത്തിൽ രാവിലെ 9.30 ന്. ആരംഭിച്ചു. പൈസക്കരി ദൈവമാത ഹൈസ്ക്കൂൾ അധ്യാപകനായ ശ്രീ. റോബിൻ ഐസക് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയെക്കുറിച്ച് തയ്യാറാക്കിയ ഡോക്യുമെന്ററി രാവിലെ 9.30 മുതൽ പ്രദർശിപ്പിച്ചു. തുടർന്ന് വെളിമാനം എച്ച്.എസ്.എസ്, കുന്നോത്ത് എച്ച്.എസ്.എസ്,

അങ്ങാടിക്കടവ് യു.പി. സ്കൂൾ, എടൂർ എൽ.പി.എസ്, എടൂർ യു.പി.എസ്, എടൂർ എച്ച്.എസ്., എടൂർ എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിലെ 50 കുട്ടികൾ ചേർന്ന് ജൂബിലി ഗാനം ആലപിച്ചു. നന്ദകുമാർ ആർ (സംസ്ഥാന സ്കൂൾ കലോത്സവം ഫസ്റ്റ് എ.ഗ്രേഡ്., നാടോടി നൃത്തം & സെക്കന്റ് എ ഗ്രേഡ്, എടൂർ +2 ഫുൾ സ്കോർ) അസിക സജീവൻ (സംസ്ഥാന സ്കൂൾ കലോത്സവം മോഹിനിയാട്ടം എ ഗ്രേഡ്, SLLC ഫുൾ A+) അശ്വനി, ദേവിക ദേവരാജ് എന്നീ കുട്ടികൾ ചേർന്ന് നൃത്താവിഷ്കാരം അവതരിപ്പിച്ചു. ജൂബിലിഗാനം രചിച്ചത് ശ്രീ. ബെന്നി മാത്യു, എടൂർ എച്ച്.എസ്., സംഗീതം ശ്രീമതി ലൂസി ജോർജ്, എടൂർ എച്ച്.എസ്., ഓർക്കസ്ട്രേഷൻ ശ്രീ. സുഷാന്ത് തോമസ് പുറവയൽ എന്നിവരാണ്. എടൂർ പ്രിൻസിപ്പാൾ ശ്രീ. ജെയിംസ് സാറിന്റെ നേതൃത്വത്തിലുള്ള അദ്ധ്യാപകരുടെ ഒരു ടീമാണ് ഈ പ്രോഗ്രാമിനു നേതൃത്വം നൽകിയത്. ജൂബിലി അനുസ്മരണ സമ്മേളനത്തിൽ കോർപ്പറേറ്റ് മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട് സ്വാഗതഭാഷണം നടത്തി. ഇത് ആഘോഷദിനമല്ല. പുനരർപ്പണദിനമാണ്. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ്, അഭിവന്ദ്യ വലിയമറ്റം പിതാവ്, വൈദികർ, കുടിയേറ്റ പിതാക്കൻമാർ, ആദ്യകാല അദ്ധ്യാപകർ എന്നിവരോട് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കടപ്പാടുണ്ടെന്ന് കോർപ്പറേറ്റ് മാനേജർ സൂചിപ്പിച്ചു. ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ലോകം യേശുവിനെ അദ്ധ്യാപകനായി കാണുന്നു ഈശോയുടെ അധ്യാപനത്തിന്റെ പ്രത്യേകതകൾ അവതരണത്തിലെ പുതുമ, ആധികാരികഭാവം, തുറവിയുള്ള സമീപനം, നവീകരണത്തിനു പ്രേരിപ്പിക്കൽ എന്നിവയാണ്. ഈശോ കാണിച്ചുതന്ന മൂല്യങ്ങൾ സമൂഹത്തിനു നൽകുക എന്ന ലക്ഷ്യത്തോടെയാണ് കത്തോലിക്ക സഭ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നത്. വി. ചാവറയച്ചന്റെ പള്ളിയോടൊപ്പം പള്ളിക്കൂടം എന്ന സർക്കുലർ ഈ അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്. വള്ളോപ്പിള്ളി പിതാവും അദ്ധ്യാപകനായി കടന്നുവന്ന് പള്ളിയോടൊപ്പം പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി, അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം, കോർപ്പറേറ്റ് മാനേജർമാർ, കുടിയേറ്റ പിതാക്കന്മാർ, വൈദികർ എന്നിവരെ കൃതജ്ഞതയോടെ ഓർക്കണമെന്നും അധ്യക്ഷപ്രസംഗത്തിൽ ആർച്ചു ബിഷപ്പ് ഉദ്ബോധിപ്പിച്ചു. ജൂബിലി സമ്മേളനം സംസ്ഥാന ആരോഗ്യക്ഷേമകാര്യ വകുപ്പുമന്ത്രി ശ്രീമതി കെ.കെ. ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്തു. പൊതുജന ആരോഗ്യത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ മന്ത്രി സമ്മേളനത്തിൽ വിവരിച്ചു. വിദ്യാഭ്യാസരംഗത്ത് തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് മന്ത്രി സൂചിപ്പിച്ചു. വള്ളോപ്പിള്ളി പിതാവിന്റെ പേരിലുള്ള അവാർഡിനർഹനായ മോൺ. മാത്യു എം. ചാലിൽ അച്ചനെ ശൈലജ ടീച്ചർ അഭിനന്ദിച്ചു. അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന്റെ ശൈലി ജനകീയവും ആകർഷകവുമാണെന്നും മന്ത്രി പറഞ്ഞു. പേരാവൂർ എം.എൽ.എ. അഡ്വ. സണ്ണി ജോസഫ് മുഖ്യപ്രഭാഷണം നട

ത്തി. മലബാറിന്റെ മലയോര പ്രദേശത്ത് വികസനത്തിന്റെ കുതിപ്പ് സാധ്യമായത് വിദ്യയുടെ വെളിച്ചം കിട്ടിയതുകൊണ്ടാണ്. വിദ്യയുടെ വെളിച്ചം പകരാൻ മുൻപന്തിയിൽ തലശ്ശേരി രൂപതയുണ്ടായിരുന്നു. എനിക്കും വിദ്യയുടെ വെളിച്ചം പ്രദാനം ചെയ്തത് കോർപ്പറേറ്റ് സ്കൂളാണെന്നും എം.എൽ.എ. സൂചിപ്പിച്ചു. വിദ്യാഭ്യാസരംഗത്ത് നൽകിയ മികച്ച സംഭാവനകൾ നൽകിയ മോൺ. മാത്യു എം. ചാലിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പുരസ്ക്കാരത്തിനർഹനായി. മോൺ. ഡോ. ജോസഫ് പാംപ്ലാനി അവാർഡിനർ ഹനായ മോൺ. മാത്യു. എം. ചാലിലിനെക്കുറിച്ച് സംസാരിച്ചു. മലബാറിന്റെ ജോഷ്വായാണ് മോൺ. ചാലിൽ എന്നും ജനറാളച്ചൻ സൂചിപ്പിച്ചു. ബഹു. മന്ത്രി കെ.കെ. ശൈലജ ടീച്ചർ മാത്യു എം. ചാലിനു അവാർഡ് സമ്മാനിച്ചു. കോർപ്പറേറ്റ് സ്കൂളുകളുടെ ചരിത്രം അറിവ് നിർമ്മിതിയുടെ 50 ആണ്ടുകൾ എന്ന പുസ്തകം അഡ്വ. സണ്ണി ജോസഫ് മുൻ കോർപ്പറേറ്റ് മാനേജർ റവ. ഫാ. ജോസഫ് വലിയകണ്ടത്തിനു നൽകി പ്രകാശനം ചെയ്തു. മുൻ കോർപ്പറേറ്റ് മാനേജരായ മോൺ. മാത്യു എം. ചാലിൽ, റവ. ഫാ. ജോസഫ് വലിയകണ്ടം, റവ. ഫാ. ജോൺ വടക്കുംമൂലയിൽ, റവ. ഫാ. ആന്റണി മുതുകുന്നേൽ എന്നിവർ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു. ടീച്ചേഴ്സ് ഗിൽഡ് അതിരൂപത പ്രസിഡണ്ട് ശ്രീ. ഒ. മാത്യു കൃതജ്ഞത അർപ്പിച്ചു.

## മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പുരസ്ക്കാരം മോൺ. മാത്യു എം. ചാലിൽ അച്ചന്

പള്ളിയോടൊപ്പം പള്ളിക്കൂടമെന്ന സ്വപ്നം മലബാറിൽ യാഥാർത്ഥ്യമാക്കാൻ ജീവിതം സമർപ്പിച്ച മോൺ. മാത്യു എം. ചാലിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പുരസ്ക്കാരത്തിനർഹനായി. കേരളത്തിലെ സർവ്വാദരണീയനും വിദ്യാഭ്യാസ വിചക്ഷണനുമായ മോൺ. ചാലിൽ ക്രാന്തദർശനത്തോടെ കണ്ട സ്വപ്നങ്ങളെ കഠിനാദ്ധ്വാനത്തിലൂടെയും കരുത്തുറ്റ നിശ്ചയദാർഢ്യത്തിലൂടെയും സാക്ഷാത്കരിച്ചു. മോൺ. മാത്യു എം. ചാലിന് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ എല്ലാ അധ്യാപക - അനധ്യാപകരുടെയും അഭിനന്ദനങ്ങൾ.

ജൂബിലി സമ്മേളനം വിജയിപ്പിക്കാൻ അത്യാദ്ധ്വാനം ചെയ്ത ടീച്ചേർസ് ഗിൽഡ് ഭാരവാഹികൾ, ചെമ്പേരി വിമൽജ്യോതി ചെയർമാൻ റവ. ഫാ. ഡോ. തോമസ് മേൽവെട്ടം, സ്റ്റാഫ്, സമ്മേളത്തിൽ പങ്കെടുത്ത അധ്യാപക-അനധ്യാപകർ എല്ലാവർക്കും ഹൃദ്യമായ നന്ദി.

## ജ്യോതിർഗമയ

ജൂൺ ഒന്നാംതീയതി പുതിയ അധ്യയന വർഷം ആരംഭിക്കുകയാണ്. അധ്യായന വർഷത്തിന്റെ ആരംഭത്തിൽതന്നെ വിദ്യാർത്ഥികൾക്ക് ഉചിതമായ ഓറിയന്റേഷൻ ക്ലാസുകൾ എല്ലാ വിദ്യാലയങ്ങളിലും ക്രമീകരിക്കണം. ജ്യോതിർഗമയ എന്ന പേരിൽ ബഹു. ജോസഫ് കുമ്പുക്കലച്ചന്റെ നേതൃത്വ

ത്തിൽ 10-ാം ക്ലാസിലെയും 12-ാം ക്ലാസിലെയും വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകി. വെളിമാനം എച്ച്.എസ്. പേരാവൂർ എച്ച്.എസ്., എച്ച്.എസ്.എസ്., എന്നീ സ്കൂളുകളിൽ ഈ അധ്യയനവർഷാരംഭത്തിലും കുമ്പുക്കലച്ചന്റെ നേതൃത്വത്തിൽ ക്ലാസ്സുകൾ നൽകി.

അക്കാഡമിക് സിലബസ് പ്രകാരമുള്ള ക്ലാസ്സുകളും പരീക്ഷകളും നടത്തി അറിവിലൂടെ മാത്രം മികച്ച പൗരന്മാരെ രൂപപ്പെടുത്താൻ കഴിയില്ലല്ലോ. സമഗ്രവളർച്ചക്കുള്ള പരിശീലനം നൽകുന്ന ഇടമാകണം പൊതുവിദ്യാലയങ്ങൾ. അനന്യമായ വിദ്യാഭ്യാസരീതികളും മാതൃകയുമാണ് നമ്മുടെ ന്യൂനപക്ഷ എയിഡഡ് വിദ്യാലയങ്ങൾക്കുള്ളത്. ആത്മീയ മൂല്യബോധനപരിശീലനത്തിലൂടെ വ്യക്തിത്വവികാസത്തിനും അതുവഴി സാമൂഹിക നവോത്ഥാനത്തിനും നമ്മുടെ വിദ്യാഭ്യാസപ്രക്രിയ വഴി ഒരുക്കണം. സിലബസിലൂടെ മാത്രം കടന്നുപോകുന്ന ഗുരുക്കന്മാരെയല്ല ഈ കാലഘട്ടത്തിനാവശ്യം. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം വിദ്യർത്ഥിയുടെ സമഗ്രവികസനമാണല്ലോ. മികച്ച മനുഷ്യനാക്കി മാറുവാനുള്ള പരിശീലനത്തിന് നിരന്തരമായ ബോധവൽക്കരണ ക്ലാസ്സുകൾ അനുയോജ്യമാണ്.

നമ്മുടെ എല്ലാ സ്കൂളുകളിലെയും പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് വിദഗ്ധരായ വ്യക്തികളെ കൊണ്ടുവന്ന് ഓറിയന്റേഷൻ ക്ലാസ്സുകളോടെ അധ്യയനവർഷം ആരംഭിക്കേണ്ടതാണ്.

മുതിർന്ന ക്ലാസ്സുകളിലെ കുട്ടികൾക്ക് മാത്രമല്ല എല്ലാ ക്ലാസുകളിലെയും കുട്ടികൾക്ക് എങ്ങനെ പഠിക്കണം, ഗുരുഭൂതന്മാരെ ആദരിക്കേണ്ടത് എങ്ങനെ? കൂട്ടുകാരോടും പരിസ്ഥിതിയോടും എങ്ങനെ സൗഹൃദത്തിലായിരിക്കണം, ജീവിതമര്യാദകൾ എന്നിങ്ങനെ എല്ലാ ടേമിന്റെയും ആരംഭത്തിൽ സാരോപദേശ കഥകളിലൂടെയും ആനുകാലിക സംഭവങ്ങളുടെ വെളിച്ചത്തിലും മാർഗ്ഗനിർദ്ദേശക്ലാസ്സുകൾ നൽകാൻ പ്രധാനാധ്യാപകരും അധ്യാപകരും ശ്രദ്ധിക്കണം. വിദ്യാർത്ഥികളുടെ അച്ചടക്കമില്ലായ്മ, സൈബർ കുറ്റകൃത്യങ്ങൾ എന്നിങ്ങനെ കുട്ടികളെക്കുറിച്ച് ആരോപണങ്ങളും പരാതികളും പലസ്ഥലത്തും പതിവാണ്. ശിക്ഷകളെക്കാൾ പോസിറ്റിവായ മാർഗ്ഗങ്ങളിലൂടെ പ്രചോദിപ്പിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്ന ഗുരുക്കന്മാരെയാണ് വിദ്യാർത്ഥികൾ എക്കാലത്തും അനുസ്മരിക്കുന്നത്. പുതിയ അധ്യായന വർഷത്തിൽ മേൽസൂചിപ്പിച്ച കാര്യങ്ങളിൽ കൂടുതൽ പ്രാധാന്യം നൽകണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

ക്ലാസ്സുകൾ എടുക്കാൻ റിസോഴ്സ് പേഴ്സനെ ലഭിക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് എന്നെ കോൺടാക്റ്റ് ചെയ്യാവുന്നതാണ്.

### മാതാപിതാക്കളെറിയാൻ

നമ്മുടെ എല്ലാ വിദ്യാലയങ്ങളിലും ജൂൺമാസം രണ്ടാമത്തെ ആഴ്ച

പി.റ്റി.എ. ജനറൽ ബോഡിയോഗം ചേരണം. പി.റ്റി.എ. ജനറൽ ബോഡിയോഗത്തിൽ കഴിഞ്ഞ വർഷം കുറെ സ്കൂളുകളിൽ മാതാപിതാക്കളറിയാൻ എന്ന പേരിൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകി. ഈ അധ്യയനവർഷാരംഭത്തിലും പി.ടി.എ. ജനറൽ ബോഡിയോഗം ഇലക്ഷൻ മാത്രമാകാതെ മാതാപിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകാനുള്ള അവസരം കൂടിയായിരിക്കണം.

വിദ്യാലയ വികസനപദ്ധതികളിൽ രക്ഷിതാക്കളുടെ സഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തണം. ജനപങ്കാളിത്തത്തിലൂടെയാണ് നമ്മുടെ വിദ്യാലയങ്ങൾ ആരംഭിച്ചത്. തളർന്നുപോയ വിദ്യാലയങ്ങളുടെ അവസ്ഥ പരിശോധിച്ചാൽ രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും സഹകരണകുറവ് കാരണമായി കാണാം.

പി.ടി.എ. എക്സിക്യൂട്ടീവ് സമിതി മീറ്റിംഗുകളും ക്ലാസ് പി.റ്റി.എ. മീറ്റിംഗുകളും ഈ വർഷം കൂടുതൽ കാര്യക്ഷമമായി നടത്തണം. സ്കൂളിലെ പൊതുവായ ആഘോഷങ്ങളിൽ രക്ഷിതാക്കളുടെ സഹകരണം തേടുന്നതിലൂടെ അധ്യാപകരുടെ ജോലിഭാരം കുറയാൻ ഇടയാകും വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റും വിവിധ ഏജൻസികളും നടത്തുന്ന വിവിധ പ്രോഗ്രാമുകളിലും മത്സരങ്ങളിലും കുട്ടികളെ അനുഗമിക്കാനും അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താനും പരമാവധി രക്ഷിതാക്കളുടെ സേവനം പ്രയോജനപ്പെടുത്തണം. അതുവഴി അധ്യാപകരുടെ സാന്നിധ്യം സ്കൂളിൽ കൂടുതലായി ഉറപ്പുവരുത്താൻ കഴിയും.

വിദ്യാർത്ഥികൾ വൈയക്തിക ജീവിതത്തിൽ അഭിമുഖീകരിക്കുന്ന സംഘർഷങ്ങൾ, പൊതുസമൂഹത്തിലും സൈബർ ലോകങ്ങളിലും പതിയിരിക്കുന്ന ചതിക്കുഴികൾ തുടങ്ങിയവ മാതാപിതാക്കളെ പ്രാപ്തരാക്കാൻ അനുയോജ്യമായ ബോധവൽക്കരണ ക്ലാസുകൾ ആവശ്യമാണ്. ക്ലാസുകൾ നൽകാൻ വിദഗ്ദരെ പ്രധാനാധ്യാപകർക്ക് പരിചയമുണ്ട്. അനുയോജ്യരായ വ്യക്തികളെ ലഭിച്ചില്ലെങ്കിൽ എന്നെ കോൺടാക്റ്റ് ചെയ്യുക.

ജൂലൈ 26- ഇരിട്ടി, ജൂലൈ 27- ചെമ്പേരി, ജൂലൈ 28 തോമാപുരം എന്നിങ്ങനെ വിവിധ റീജനുകളിലായി പിറ്റി.എ., മദർ പിറ്റി.എ. പ്രസിഡന്റുമാരുടെ സമ്മേളനം ഉണ്ടായിരിക്കുന്നതാണ്. എല്ലാ പി.റ്റി.എ., മദർ പി.റ്റി.എ. പ്രസിഡന്റുമാരെയും വിവരം നേരത്തെ അറിയിക്കണം. അവരുടെ പേര്, ഫോൺ നമ്പർ, അഡ്രസ് എന്നീ വിവരങ്ങൾ ജൂൺ 25-ാം തീയതിക്കുമുമ്പായി കോർപ്പറേറ്റ് ഓഫീസിലേക്ക് അയക്കേണ്ടതാണ്.

## റിട്ടയർമെന്റ് ലിസ്റ്റ് 2016-2017

| ക്രമ നമ്പർ | ഉദ്യോഗാർത്ഥിയുടെ പേര് | പദവി | സ്കൂൾ |
|---|---|---|---|
| 1. | ഇമ്മാനുവൽ സി.യു. | പ്രിൻസിപ്പാൾ | വായാട്ടുപറമ്പ എച്ച്എസ്.എസ്. |
| 2. | സി. ത്രേസ്യാമ്മ ജെ.ജെ. | ,, | പെരുമ്പടവ് എച്ച്.എസ്.എസ് |
| 3. | സെബാസ്റ്റ്യൻ എ.വി. | ,, | കൊളക്കാട് എച്ച്.എസ്.എസ് |
| 4. | ഇമ്മാനുവൽ ജോസഫ് | എച്ച്.എം.(എച്ച്.എസ്.) | തോമാപുരം എച്ച്.എസ്. |
| 5. | സെബാസ്റ്റ്യൻ പി.ടി. | ,, | അങ്ങാടിക്കടവ് എച്ച്.എസ്. |
| 6. | ജോൺസൺ പി.ജെ. | ,, | പേരാവൂർ എച്ച്.എസ് |
| 7. | തോമസ് ഫ്രാൻസീസ് | ,, | വെള്ളരിക്കുണ്ട് എച്ച്.എസ്. |
| 8. | സ്കറിയ എൻ.എസ്. | ,, | വെളിമാനം എച്ച്.എസ്. |
| 9. | തങ്കച്ചൻ പി.എം. | ,, | എടൂർ എച്ച്.എസ്. |
| 10. | ജോസഫ് ടി.എം. | എച്ച്.എം. | അടിച്ചുവാരി എൽ.പി.എസ്. |
| 11. | ആന്റണി കെ.ജെ. | ,, | അങ്ങാടിക്കടവ് യു.പി.എസ്. |
| 12. | ലിസിയമ്മ സക്കറിയ | ,, | ഉദയഗിരി യു.പി.എസ്. |
| 13. | ഗ്രേസി കെ.എം. | ,, | മഞ്ഞളാപുറം യു.പി.എസ്. |
| 14. | അക്കാമ്മ കെ.എഫ്. | ,, | ചെമ്പന്തൊട്ടി യു.പി.എസ്. |
| 15. | സതി എ.ജി. | എച്ച്.എസ്.എസ്.ടി.കോം. | വായാട്ടുപറമ്പ എച്ച്.എസ്.എസ് |
| 16. | ഗ്രേസി കെ.കെ. | എച്ച്.എസ്.എ. (എസ്.എസ്.) | എടൂർ എച്ച്.എസ്. |
| 17. | സി. ഏലി റ്റി.ഡി. | ,, | എടൂർ എച്ച്.എസ്. |
| 18. | ചെറുപുഷ്പം എ.ഡി. | ,, | ചെമ്പന്തൊട്ടി എച്ച്.എസ്. |
| 19. | വൽസമ്മ ചാക്കോ | ,, | പേരാവൂർ എച്ച്.എസ്. |
| 20. | സി. ലാലി തോമസ് പി. | ,, | പുലിക്കുരുമ്പ എച്ച്.എസ് |
| 21. | ലൈലമ്മ തോമസ് | ,, | തോമാപുരം എച്ച്.എസ് |
| 22. | സി. മറിയമ്മ വി.എം. | ,, | കിളിയന്തറ എച്ച്.എസ്. |
| 23. | എൽസമ്മ തോമസ് | എച്ച്.എസ്.എ. (പി.എസ്.) | ചെറുപുഴ എച്ച്.എസ്. |
| 24. | മേരി ജോസഫ് പി. | ,, | തോമാപുരം എച്ച്.എസ്. |
| 25. | സണ്ണി മാത്യു | ,, | ചന്ദനക്കാംപാറ എച്ച്.എസ്. |
| 26. | കുട്ടിയമ്മ കെ.സി. | എച്ച്.എസ്.എ.(പി.എസ്.) | കുന്നോത്ത് എച്ച്.എസ്. |
| 27. | ഗ്രേസിക്കുട്ടി ജേക്കബ് | എച്ച്.എസ്.എ. (എൻ.എസ്.) | ചന്ദനക്കാംപാറ എച്ച്.എസ്. |
| 28. | ഗ്രേസി എം.വി. | ,, | തോമാപുരം എച്ച്.എസ്. |
| 29. | ലിസമ്മ എം.എ. | ,, | പേരാവൂർ എച്ച്.എസ്. |

| | | | |
|---|---|---|---|
| 30. | നളിനി പി.കെ. | എച്ച്.എസ്.എ. (ഹിന്ദി) | ചെമ്പന്തൊട്ടി എച്ച്.എസ്. |
| 31. | ഏലിയാമ്മ കെ.സി. | ,, | ചന്ദനക്കാംപാറ എച്ച്.എസ്. |
| 32. | ലീല പി. | ,, | പേരാവൂർ എച്ച്.എസ്. |
| 33 | ജെസി തോമസ് | ,, | അങ്ങാടിക്കടവ് എച്ച്.എസ്. |
| 34. | ഡെയ്സി കെ. തോമസ് | ,, | അങ്ങാടിക്കടവ് എച്ച്.എസ്. |
| 35. | ജോളി ജോസഫ് | ,, | കിളിയന്തറ എച്ച്.എസ്. |
| 36. | ജോളിമ്മ മാത്യു | എച്ച്.എസ്.എ.(മലയാളം) | പുലുക്കുരുമ്പ എച്ച്.എസ് |
| 37. | ജോണി സി.ജെ. | എച്ച്.എസ്.എ.(ഇംഗ്ലീഷ്) | വായാട്ടുപറമ്പ എച്ച്.എസ്. |
| 38. | അന്നമ്മ വി.ജെ. | എച്ച്.എസ്.എ. (മാത്ത്സ്) | ചെറുപുഴ എച്ച്.എസ്. |
| 39 | സിസിലി എം.ജെ. | ,, | വായാട്ടുപറമ്പ എച്ച്.എസ്. |
| 40. | ഷൈനി ജോർജ് | ,, | എടൂർ എച്ച്.എസ്. |
| 41. | റോസമ്മ കെ.യു | നീഡിൽ വർക്ക് | കരിക്കോട്ടക്കരി എച്ച്.എസ്. |
| 42. | സൂസമ്മ ജോൺ | ,, | ചെമ്പേരി എച്ച്.എസ്. |
| 43. | ജെയ്സമ്മ ജോർജ് | ,, | മണിക്കടവ് എച്ച്.എസ്. |
| 44. | തങ്കമ്മ കുരുവിള | മ്യൂസിക് | തേർത്തല്ലി എച്ച്.എസ്. |
| 45. | സണ്ണി ജോസഫ് | പി.ഇ.റ്റി. | പുലിക്കുരുമ്പ എച്ച്.എസ്. |
| 46. | ലിസ്സി സി.ഡി. | യു.പി.എസ്.എ. | ചെമ്പേരി യു.പി.എസ്. |
| 47. | അന്ന മണിപറമ്പിൽ | ,, | അങ്ങാടിക്കടവ് യു.പി.എസ്. |
| 48. | റോസമ്മ ജോസഫ് | ,, | ചെമ്പേരി യു.പി.എസ്. |
| 49. | സി. ലിസമ്മ കുര്യൻ | ,, | എടൂർ എച്ച്. എസ്. |
| 50. | മോളിക്കുട്ടി അബ്രഹം | ,, | തൊണ്ടി യു.പി.എസ്. |
| 51. | വൽസമ്മ കെ.ടി. | ,, | വയത്തൂർ യു.പി.എസ്. |
| 52. | ഗ്രേസി ചാക്കോ | ,, | അറബി യു.പി.എസ്. |
| 53. | സാഗർലാൽ ഒ.എം. | ,, | മണിക്കടവ് യു.പി.എസ്. |
| 54. | സെലിൻ അഗസ്റ്റ്യൻ | ,, | ചന്ദനക്കാംപാറ യു.പി.എസ്. |
| 55. | ഫിലോമിന കെ.എ. | ,, | വായാട്ടുപറമ്പ യു.പി.എസ്. |
| 56. | ദേവസ്യ ഒ.പി. | ,, | എടൂർ എച്ച്.എസ്. |
| 57. | കെ.സി. ആന്റണി | ,, | പൈസക്കരി യു.പി.എസ്. |
| 58. | ജോർജ് സി.വി. | ജെ.എൽ. റ്റി (ഉറുദു) | തൊണ്ടി യു.പി.എസ്. |
| 59. | ആലീസ് വി. പോൾ | ,, | കാപ്പാട് യു.പി.എസ്. |
| 60. | സിസിലി എം.എസ്. | ,, | ജോസ്ഗിരി യു.പി.എസ്. |
| 61 | മേരി പള്ളിപ്പാടൻ | ,, | മഞ്ഞളാംപുറം യു.പി.എസ്. |
| 62. | മാത്യു ടി.ഒ. | ,, | മണിക്കടവ് യു.പി.എസ്. |

| | | |
|---|---|---|
| 63. മേരി മാത്യു | ജെ.എൽ.റ്റി. (ഹിന്ദി) | നെല്ലിക്കുറ്റി എ.യു.പി.എസ്. |
| 64. അഷറഫ് എം.എച്ച്. | ജെ.എൽ.റ്റി. (അറബി) | അടിച്ചുവാരി എൽ.പി.എസ്. |
| 65. ജെസ്സി കെ.ജെ. | എൽ.പി.എസ്.എ. | അടിച്ചുവാരി എൽ.പി.എസ്. |
| 66. സി. ത്രേസ്യാമ്മ വി.വി. | ,, | കോഴിച്ചാൽ എൽ.പി.എസ്. |
| 67. ലിസ്സി ആന്റണി | ,, | വിളക്കന്നൂർ എൽ.പി.എസ്. |
| 68. ഏലമ്മ സി.ജെ. | ,, | താബോർ എൽ.പി.എസ് |
| 69. ലീല എം.കെ. | ,, | വിളക്കന്നൂർ എൽ.പി.എസ്. |
| 70. മേരിക്കുട്ടി സക്കറിയാസ് | ,, | തൊണ്ടിയിൽ യു.പി.എസ്. |
| 71. ആലീസ് ഒ.എസ്. | ,, | നെല്ലിപ്പാറ എൽ.പി.എസ്. |
| 72. എൽസമ്മ അഗസ്റ്റ്യൻ | ,, | വെള്ളരിക്കുണ്ട് എ.എൽ.പി.എസ് |
| 73. സി. മേരി കെ.ഇ. | ,, | ഭീമനടി എ.എൽ.പി.എസ്. |
| 74. അച്ചാമ്മ തോമസ് | ,, | വിളക്കന്നൂർ എൽ.പി.എസ് |
| 75. മേരി വി.വി. | ,, | വയത്തൂർ യു.പി.എസ്. |
| 76. ജെസി സേവ്യർ ടി | ,, | വയത്തൂർ യു.പി.എസ്. |
| 77. സാലി മാത്യു | ,, | കുന്നോത്ത് യു.പി.എസ്. |
| 78. സി. സൂസമ്മ അഗസ്റ്റ്യൻ | ,, | ചെമ്പേരി യു.പി.എസ്. |
| 79. അച്ചാമ്മ ജെയിംസ് | ,, | മാമ്പോയിൽ എൽ.പി.എസ്. |
| 80. മേരി പി.എ. | ,, | മണിക്കടവ് യു.പി.എസ്. |
| 81. ലിസ്സി ജോസഫ് എൻ.കെ. | ,, | മണിക്കടവ് യു.പി.എസ്. |
| 82. അന്നമ്മ പി.ജെ. | ,, | നെല്ലിക്കുറ്റി എ.യു.പി.എസ്. |
| 83. ലിൻസി മാത്യു | ,, | കുടിയാന്മല യു.പി.എസ്. |
| 84. ഏലിക്കുട്ടി കെ.എ. | ,, | ഉദയഗിരി യു.പി.എസ്. |
| 85. അന്നമ്മ വി.എ. | ,, | നെല്ലിക്കാംപൊയിൽ എൽ.പി.എസ്. |
| 86. മേഴ്സി ജോർജ് | ക്രാഫ്റ്റ് | പൈസക്കരി യു.പി.എസ്. |
| 87. സ്കറിയ എ.എം. | ഓഫീസ് അറ്റന്റർ | ചെമ്പേരി എച്ച്.എസ്. |
| 88. ഏലിക്കുട്ടി പി.വി. | ,, | തേർത്തല്ലി എച്ച്.എസ്. |
| 89. അന്നമ്മ ജോർജ് | ,, | കുടിയാന്മല എച്ച്.എസ്. |

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

## പ്ലേസ്മെന്റ് വാർത്തകൾ

- വിമൽ ജ്യോതിയിലെ അവസാനവർഷ വിദ്യാർത്ഥികൾക്കായി മെയ് 11ന് ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന സിസ്ടൂൾസ് സോഫ്റ്റ്‌വെയർ കമ്പനി നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ കമ്പ്യൂട്ടർ സയൻസിലെ 6 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.
- മെയ് 19ന് വിമൽ ജ്യോതിയിൽ വച്ച് നടന്ന ഫെഡറൽ ബാങ്ക് ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുകയും ഒരു വിദ്യാർത്ഥിക്ക് ജോലി ലഭിക്കുകയും ചെയ്തു.

## തലശ്ശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റ് സുവർണ്ണജൂബിലി നിറവിൽ

തലശ്ശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റ് സ്ഥാപിച്ചതിന്റെ സുവർണ്ണജൂബിലി ആഘോഷം 2017 മെയ് 20-ാം തീയതി ചെമ്പേരി വിമൽ ജ്യോതി ഓഡിറ്റോറിയത്തിൽ നടന്നു. അഭിവന്ദ്യ ആർച്ചുബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനം ബഹു. കേരളാ പൊതുജനാരോഗ്യ മന്ത്രി ശ്രീമതി. ഷൈലജ ടീച്ചർ ഉദ്ഘാടനം ചെയ്തു. ക്രൈസ്തവ മാനേജ്മെന്റ് വിദ്യാഭ്യാസരംഗത്തു ചെയ്യുന്ന നിസ്തുല സേവനത്തെക്കുറിച്ചും, മലബാർ മേഖലയിൽ കഴിഞ്ഞ 50 വർഷം കൊണ്ട് ഉണ്ടാക്കിയ വിപ്ലവകരമായ പ്രവർത്തനങ്ങളെക്കുറിച്ചും പ്രത്യേകം ശ്ലാഘിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. ജെയിംസ് ചെല്ലംകോട്ട് സ്വാഗതം ആശംസിച്ചു. ബഹു. എം.എൽ.എ. സണ്ണി ജോസഫ് ആശംസകൾ നേർന്നു. വിദ്യാഭ്യാസ രംഗത്ത് ചെയ്ത സേവനത്തെ മാനിച്ച് മോൺ. മാത്യു എം ചാലിൽ അച്ചന് മാർ വള്ളോപ്പിള്ളി പുരസ്കാരം സമ്മാനിച്ചു.

## 2017ലെ ബി.ടെക്, എം.ടെക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ 2017-18 വർഷത്തെ അഡ്മിഷൻ നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. മാനേജ്മെന്റിൽ www.vjec.ac.in എന്ന വെബ്സൈറ്റുവഴി ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വെബ്സൈറ്റിൽ ലഭ്യമായ കമ്മ്യൂണിറ്റി ക്വാട്ട ഫോമിൽ വികാരിയച്ചന്റെ ശുപാർശ, കത്തോലിക്കാ അപേക്ഷകർ നിർബന്ധമായും നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി ബന്ധപ്പെടുക.

| B.Tech Courses | | Seats |
|---|---|---|
| Civil Engineering (CE) | - | 120 |
| Applied Electronics and Instrumentation Engineering (AEI) | - | 30 |
| Computer Science and Engineering (CSE) | - | 60 |
| Electrical and Electronics Engineering (EEE) | - | 60 |
| Electronics and Communication Engineering (ECE) | - | 90 |
| Mechanical Engineering (ME) | - | 120 |

## സ്കോളർഷിപ്പുകൾ

2017ലെ ബി.ടെക് അഡ്മിഷനോടനുബന്ധിച്ച് വിവിധ സ്കോളർഷിപ്പുകൾ ഉണ്ടായിരിക്കുന്നതാണ്.

| ELIGIBILITY* | SCHOLARSHIP & STIPEND |
|---|---|
| (Kerala Entrance Score) | |
| Rank 1-2000 | No Tuition Fee + ₹ 60,000 /- as stipend per year |
| Rank 2001-3000 | No Tuition Fee + ₹ 30,000 /- as stipend per year |
| Rank 3001-7000 | ₹ 30,000 /- Tuition Fee free per year |
| Rank 7001-10000 | ₹ 40,000 /- (4 year) as stipend |
| Rank 10001-15000 | ₹ 20,000 /- (4 year) as stipend |

കൂടുതൽ വിവരങ്ങൾക്ക് www.vjec.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ബി.ടെക് 2017 ക്രിസ്റ്റൽ ജൂബിലി മാനേജ്മെന്റ് സ്കോളർഷിപ്പ്

- നിർദ്ദിഷ്ട ഫോമിൽ അപേക്ഷിക്കുന്നവർക്ക് 1 ലക്ഷം രൂപയുടെ റീഫണ്ടബിൾ കോഷൻ ഡെപ്പോസിറ്റ് ഒഴിവാക്കിയിരിക്കുന്നു.
- KEAM എൻട്രൻസ് എക്സാമിൽ 2000ൽ താഴെ റാങ്ക് കിട്ടുന്ന വിദ്യാർത്ഥിക്ക് ട്യൂഷൻ ഫീസില്ലാതെ 60000 രൂപ വർഷാവർഷം സ്റ്റൈഫന്റോടുകൂടി ബി.ടെക് പഠിക്കുവാൻ അവസരം.

## പേട്രൺസ് സ്കോളർഷിപ്പ് 2017 (മലബാറിലെ എല്ലാ കത്തോലിക്കാ കുട്ടികൾക്കും)

2017–18 വർഷം വിമൽ ജ്യോതിയിൽ ബി.ടെക്കിന് ചേരുന്ന മലബാർ റീജിയണിൽ ഉള്ള എല്ലാ കത്തോലിക്കാ വിദ്യാർത്ഥികൾക്കുമായി കോളേജ് രക്ഷാധികാരിയായ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പ്.

വികാരിയച്ചന്മാരും/ഹോസ്റ്റൽ വാർഡന്മാരും ശുപാർശ ചെയ്യുന്ന കത്തോലിക്കാ കുട്ടികൾക്ക് ഓരോ വർഷവും ട്യൂഷൻ ഫീസിൽ 5000 രൂപ വീതം ഇളവ്. (Rs. 5000 x 4 = 20000)

## എൻ.ആർ.ഐ അഡ്മിഷൻ 2017

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ എൻ.ആർ.ഐ ക്വാട്ടയിൽ അഡ്മിഷന് ആഗ്രഹിക്കുന്നവർ കോളേജുമായി ബന്ധപ്പെടേണ്ട സമയമാണിത്. എല്ലാ ബ്രാഞ്ചുകളിലും സീറ്റുകൾ ലഭ്യമാണ്.

## എം.ടെക് അഡ്മിഷൻ

താഴെ പറയുന്ന എം.ടെക് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ബി.ടെക്കിന് 60% മാർക്കാണ് മിനിമം യോഗ്യത. GATE റാങ്ക് ഉള്ളവർക്ക് AICTE സ്റ്റൈഫന്റ് ലഭിക്കുന്നതാണ്. ഓൺലൈൻ അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും www.vjec.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

| M.Tech Courses | Seats |
|---|---|
| Computer Science and Engineering | - 24 |
| Thermal Engineering (Mechanical) | - 24 |
| Control & Instrumentation (AEI) | - 24 |
| Communication Engg. & Signal Processing (ECE) | - 24 |
| Power Electronics (EEE) | - 24 |
| Structural Engg. & Construction Management (CE) | - 24 |

## എം.ബി.എ.

അഡ്മിഷൻ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ അഡ്മിഷൻ ആഗ്രഹിക്കുന്നവർ കോളേജ് ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0460 2213900, 9400512240. Dual specialisation in: Marketing, Finance & HRM (60 Seats)

**വിമൽ ജ്യോതി അഡ്മിഷൻ - വികാരിയച്ചൻ അറിയാൻ**

നമ്മുടെ ഇടവകക്കാരായ കത്തോലിക്ക കുട്ടികൾക്ക് ഈ വർഷം ലഭിക്കുന്ന പ്രത്യേക ആനുകൂല്യങ്ങൾ :

- ☞ ഈ വർഷം അഡ്മിഷൻ എടുക്കുന്ന നമ്മുടെ കുട്ടികൾ എല്ലാവർക്കും 20000/- രൂപ വരെ ട്യൂഷൻ ഫീസിൽ ഇളവ്. (5000 X 4 = 20000)
- ☞ ഇലക്ട്രിക്കൽ (EEE), ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ (ECE), ഇൻസ്ട്രുമെന്റേഷൻ (AEI) എന്നീ ബ്രാഞ്ചുകളിൽ അഡ്മിഷൻ എടുക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കത്തോലിക്കരായ കുട്ടികൾക്ക് ട്യൂഷൻ ഫീസിൽ പ്രത്യേക ഇളവ്.
- ☞ വിമൽ ജ്യോതിയിൽ അഡ്മിഷൻ സമയത്ത് ഉണ്ടായിരുന്ന ഒരു ലക്ഷം രൂപയുടെ ഡെപ്പോസിറ്റ് (RCD) ഈ വർഷം ഒഴിവാക്കിയിരിക്കുന്നു.

- ☞ കുട്ടികളുടെ പഠനകാര്യത്തിലും സ്വഭാവ രൂപീകരണത്തിലും കൂടുതൽ ശ്രദ്ധ ചെലുത്തുന്ന നമ്മുടെ അതിരൂപതയുടെ കോളേജിൽ കത്തോലിക്കരായ നമ്മുടെ കുട്ടികളെ ചേർക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.
- ☞ മേൽപറഞ്ഞിരിക്കുന്ന സ്കോളർഷിപ്പ് ലഭിക്കാൻ നിർദ്ദിഷ്ട ഫോമിൽ വികാരിയച്ചന്മാരുടെ ശുപാർശകത്ത് സമർപ്പിക്കേണ്ടതാണ്.

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

## മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് സ്കോളർഷിപ്പ്

കോട്ടയം : ഈ വർഷം എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ ദലിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് തുടർപഠനത്തിലുള്ള സ്കോളർഷിപ്പ് കെ.സി.ബി.സി./എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ പ്രഖ്യാപിച്ചു.

മൂന്നുലക്ഷം രൂപയിൽതാഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ ദലിത് കത്തോലിക്കാ വിദ്യാർത്ഥികൾക്കാണ് ഈ നേട്ടം ലഭിക്കുന്നത്. യോഗ്യരായ ദലിത് കത്തോലിക്ക വിദ്യാർത്ഥികളുടെ അടുത്ത അഞ്ചുവർഷത്തേയ്ക്കുള്ള തുടർപഠനത്തിനുള്ള മുഴുവൻ കോഴ്സ് ഫീസും കമ്മീഷൻ വഹിക്കുന്നതാണ്. മെഡിക്കൽ, എൻജിനിയറിംഗ് ഉൾപ്പെടെയുള്ള തുടർപഠനം നടത്തുന്ന എല്ലാ കുട്ടികൾക്കും പഠിക്കുന്ന സ്ഥാപനവുമായി നേരിട്ട് ബന്ധപ്പെട്ട കമ്മീഷൻ കോഴ്സ് ഫീസ് അടയ്ക്കുന്നതാണ്. അർഹരായിരിക്കുന്നവർ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഇടവക വികാരിയുടെ ശുപാർശയോടെ രൂപതാ കേന്ദ്രങ്ങളിൽ സമർപ്പിക്കണം. രൂപതാകേന്ദ്രങ്ങൾ കെ.സി.ബി.സി./എസ്.സി./എസ്.റ്റി./ബി.സിക്ക്./അപേക്ഷകൾ അയച്ചുതരേണ്ടതാണ്. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം: കോ-ഓർഡിനേറ്റർ, കെ.സി.ബി.സി./എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ, പി.ഒ.സി; പാലാരിവട്ടം, കൊച്ചിൻ

**ഫാ. ഡി. ഷാജ് കുമാർ**
സെക്രട്ടറി
9496334466

**ജെയിംസ് ഇലവുങ്കൽ**
ജോ. സെക്രട്ടറി
9847887580

# നിർമ്മലഗിരി വാർത്തകൾ

## നാക് അക്രഡിറ്റേഷനിൽ നിർമ്മലഗിരിക്ക് മുന്നേറ്റം

ദേശീയതലത്തിൽ യുജിസി നടത്തുന്ന നാക് അക്രഡിറ്റേഷനിൽ കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിന് തിളക്കമാർന്ന വിജയം. മാർച്ച് 30,31 തീയതികളിൽ നാക് ടീം നടത്തിയ പരിശോധനയിൽ കോളെജ് 3.30 ഗ്രേഡ് പോയിന്റോടെ 'എ' ഗ്രേഡ് കരസ്ഥമാക്കി. മുമ്പ് നടന്ന രണ്ട് അക്രഡിറ്റിഷേനുകളിൽ 'ബി പ്ലസ് പ്ലസ് ഉം' എ (3.15) ഗ്രേഡും കോളെജിനു ലഭിച്ചിരുന്നു.

കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ കോളെജിന്റെ പാഠ്യപാഠ്യേതര രംഗങ്ങളിലെ മികവും പുരോഗതിയും ഏഴു നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് വിലയിരുത്തപ്പെട്ടത്. മികച്ച പഠനനിലവാരവും സർവകലാശാല പരീക്ഷകളിലെ ഉന്നതവിജയവും ഗവേഷണരംഗത്തെ സംഭാവനകളും സാമൂഹിക പ്രതിബദ്ധതയിലൂന്നിയ പുതുമയാർന്ന മറ്റ് സംരംഭങ്ങളും പരിശോധനസംഘത്തിന്റെ അഭിനന്ദനത്തിന് കാരണമായി. ഭാരതീയർ, നൂറുൽ ഇസ്ലാം സർവകലാശാലകളുടെ മുൻ വൈസ് ചാൻസലർ പ്രൊഫ. എസ്. ശിവ സുബ്രഹ്മണ്യൻ, മൈസൂർ സർവകലാശാലാ മുൻ രജിസ്ട്രാർ പ്രൊഫ. ഡി. ശ്രീജയ്ദേവരാജ് അരസ്, മുംബൈ ബിർള കോളെജ് മുൻ പ്രിൻസിപ്പൽ ഡോ. സ്വപ്ന എച്ച്. സമൽ എന്നിവരായിരുന്നു നാക് ടീം അംഗങ്ങൾ.

കണ്ണൂർ സർവകലാശാലയുടെ കീഴിൽ നിലവിൽ മൂന്നാം അക്രഡിറ്റേഷൻ നടത്തിയ കോളെജുകളിൽ ഏറ്റവും ഉയർന്ന സ്കോറാണ് നിർമ്മലഗിരി കോളെജ് നേടിയത്. കണ്ണൂർ യൂണിവേഴ്സിറ്റി രൂപീകൃതമായതിനു ശേഷം ആദ്യമായി 2004ൽ അക്രഡിറ്റേഷന് വിധേയമായ കോളെജും നിർമ്മലഗിരിയാണെന്ന് ഉള്ളതും പ്രസ്ഥാവ്യം ആണ്. ഈ വിജയത്തിനു പിന്നിൽ അധ്വാനിച്ച മാനേജർ മോൺ. അബ്രഹം പോണാട്ട്, പ്രിൻസിപ്പൽ ഡോ. സെലീന എൻ.ജെ. വൈസ് പ്രിൻസിപ്പൽ ഫാ. ജോബി ജേക്കബ്, ബർസാർ ഫാ. പോൾ വള്ളോപ്പിള്ളി, ഐ. ക്യൂ.എ.സി. കോർഡിനേറ്റർ ഡോ. റ്റി.കെ. സെബാസ്റ്റ്യൻ മറ്റ് സ്റ്റാഫംഗങ്ങൾ, വിദ്യാർത്ഥികൾ, പൂർവവിദ്യാർത്ഥികൾ, പി.റ്റി.എ. എന്നിവരെ കോളെജ് രക്ഷാധികാരി മാർ ജോർജ് ഞറളക്കാട്ട് അഭിനന്ദിച്ചു.

**പി.ആർ.ഒ., നിർമ്മലഗിരി കോളേജ്**

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

അഭിവന്ദ്യരായ വൈദികരേ, ശ്രേഷ്ഠരായ സന്യസ്തരേ, പ്രിയപ്പെട്ട അല്മായ പ്രേഷിതരേ,

ഏവർക്കും സമാധാനവും സൗഭാഗ്യവും!!!

### പ്രേഷിത തീക്ഷ്ണത

സഭ സ്വഭാവത്തിൽ തന്നെ പ്രേഷിതയാണെന്ന സഭയുടെ പഠനങ്ങൾ വരുന്നതിനുമുമ്പ് തന്നെ നമ്മുടെ പിതാവായ വി. ഫ്രാൻസിസ് താൻ സ്ഥാപിച്ച സന്യാസസഭയ്ക്ക് ഒരു പ്രേഷിതമുഖം നല്കുന്നതിൽ വിജയിച്ചിരുന്നു. ഇന്നസെന്റ് മൂന്നാമൻ പാപ്പായുടെ സന്നിധിയിൽചെന്ന് ഫ്രാൻസിസ് യാചിച്ചത് ഒരു കാര്യം മാത്രമായിരുന്നു: ലോകം മുഴുവൻ സുവിശേഷം പ്രഘോഷിക്കാനുള്ള അനുവാദവും ആശീർവാദവും.

ഈ അനുവാദം ലഭിച്ച ഉടനെ ഈരണ്ടുപേരായി പലഭാഗങ്ങളിൽ പോയി ലളിതമായ വാക്കുകളിൽ സുവിശേഷം പ്രഘോഷിക്കുകയും ജിവിതം കൊണ്ട് സുവിശേഷത്തിന് സാക്ഷ്യം നൽകുകയും ചെയ്ത അവർ 1217-ൽ അസ്സീസ്സിയിൽ ഒത്തുകൂടി അനുഭവങ്ങൾ പങ്കുവച്ചു. ക്രിസ്തീയമായ സംസ്കാരങ്ങൾക്കുപുറത്തും ക്രിസ്തു അറിയപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യണമെന്ന ബോധ്യം നിറഞ്ഞ ഫ്രാൻസിസ് വിദൂരങ്ങളായ നാടുകളിൽ ക്രിസ്തുവിനെ ഉദ്ഘോഷിക്കുവാൻ ഒരു സംഘത്തെ തെരഞ്ഞെടുത്തു നിയോഗിച്ചു. മൊറോക്കോയിലേക്കും ഈജിപ്തിലേക്കും പലസ്തീനായിലേക്കുമൊക്കെ അയക്കപ്പെട്ട ആ സംഘമായിരിക്കാം ആധുനിക മിഷനറിമാരുടെ ആദ്യ മുൻഗാമികൾ. അറിയപ്പെടുന്ന നാടുകളിലേക്കെല്ലാം രക്തസാക്ഷിത്വ സന്നദ്ധതയുമായി ഫ്രാൻസിസ്കൻസ് ഇറങ്ങിപ്പുറപ്പെട്ടതിന്റെ 800-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ പ്രേഷിത തീക്ഷ്ണതയിൽ ജ്വലിക്കാനും പ്രേഷതരായി ഇറങ്ങിപ്പുറപ്പെടാനും നമുക്കും സന്നദ്ധരാകാം.

### ഫ്രാൻസിസിനെ അറിയുക

അസ്സീസിയിലെ ഫ്രാൻസിസിന്റെയും ഫ്രാൻസിസ്ക്കൻ വിശുദ്ധരുടെയും ആത്മീയത എന്തെന്ന് അറിയാതെ അതു ജീവിക്കുവാനും പ്രചരിപ്പിക്കുവാനും പരിശ്രമിക്കുന്നത് മൗഢ്യമായിത്തീരും. അൽമായ ഫ്രാൻസിസ്കൻ സഭയിൽ വ്രതവാഗ്ദാനം ചെയ്ത ചിലരെങ്കിലും തങ്ങൾ ജീവിക്കേണ്ട മാതൃകയെപ്പറ്റി അജ്ഞരാണ് എന്നത് സങ്കടകരമാണ്. ഫ്രാൻസിസിനെ അറിയുക; അറിയിക്കുക എന്ന മുദ്രാവാക്യമാണ് ഈ വർഷം നമ്മൾ പിന്തുടരുന്നത്. എല്ലാ ഭ്രാതൃത്വങ്ങളും ഫ്രാൻസിസ്ക്കൻ ഗ്രന്ഥങ്ങളുടെ ഒരു ശേഖരം ഉണ്ടാക്കണമെന്നുള്ള ആഹ്വാനം കുറെ യൂണിറ്റുകൾ പ്രായോഗിക

മാക്കി യതിൽ നമുക്ക് സന്തോഷിക്കാം. ബാക്കിയുള്ളവരും ഈ നല്ല മാതൃക പിൻതുടരുക.

ഭ്രാതൃത്വതലങ്ങളിലും റീജനൽ രൂപതാ തലങ്ങളിലും മത്സരപരീക്ഷകളും ക്വിസ്സ് മത്സരങ്ങളും നടത്താൻ അംഗങ്ങൾ ഒരുക്കം തുടങ്ങണം. ഫ്രാൻസിസ്കൻ പാരമ്പര്യത്തിലു അൽമായ സഭാജീവിതത്തിലും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു കൈ പുസ്തകം തയ്യാറാക്കി വരുന്നു. എല്ലാ അംഗങ്ങളും അത് സ്വന്തമാക്കുകയും ഹൃദ്യസ്ഥമാക്കുകയും ചെയ്യുവാൻ പരിശ്രമിക്കുക. നിയമാവലി വായിച്ചു പഠിക്കുവാൻ ഈ മാസങ്ങളിൽ പ്രത്യേക ശ്രദ്ധവയ്ക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

## തെരഞ്ഞെടുപ്പുകൾ

ഭ്രാതൃത്വ ഭാരവാഹികളുടെ കാലാവധി അവസാനിക്കാറാവുകയാണല്ലോ. ആയതിനാൽ അവർ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ പൂർണ്ണമാക്കുവാൻ അവസാന പരിശ്രമംകൂടി നടത്തുക. എല്ലാ രേഖകളും പൂർണ്ണതയിൽ സൂക്ഷിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും പുതിയ സാരഥികൾക്ക് കൈമാറാൻ പറ്റുന്ന നിലയിൽ സൂക്ഷിക്കുകയും ചെയ്യുക.

വി. ഫ്രാൻസിസിന്റെ ചൈതന്യത്തിൽ കാലഘട്ടത്തിന് അനുയോജ്യമായ വിധത്തിൽ, സഭയെ നയിക്കുവാൻ പ്രാപ്തരായവരെ ലഭിക്കുവാനായി ഓരോരുത്തരും പ്രത്യേകം പ്രാർത്ഥിക്കുക. ഒപ്പം തന്നെ റീജനൽ - അതിരൂപതാ ഭാരവാഹികളേയും അവരുടെ പ്രവർത്തനങ്ങളേയും സമർപ്പിച്ചും പ്രാർത്ഥിക്കുക. അവർ തരുന്ന നിർദ്ദേശങ്ങൾ അനുസരണയോടുകൂടി പിൻതുടരുന്നതിൽ സന്തോഷിക്കുകയും ചെയ്യുക.

## സമ്മേളനങ്ങൾ

യൂണിറ്റുകളിലെ പരിശീലകരുടെ നേതൃത്വത്തിലുള്ള മധ്യസ്ഥനാ കൂട്ടായ്മകൾ മുടക്കമില്ലാതെ നടന്നുവരുന്നു. ചെമ്പേരി റീജിയൻ, പ്രാർത്ഥനാ കൂട്ടായ്മയെ രണ്ടു ഭാഗങ്ങളായി തിരിച്ച് ഒന്നിടവിട്ട മാസങ്ങളിൽ രണ്ട് പ്രദേശങ്ങളിലായി സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ചെറുപുഴ, പട്ടാരം റീജിയനുകളിലും കൂട്ടായ്മ മുടക്കമില്ലാതെ നടക്കുന്നു. ഏതു യൂണിറ്റിലാണോ പ്രാർത്ഥനാസമ്മേളനം നടക്കുന്നത് അവിടെ യൂണിറ്റിലെ അംഗങ്ങൾ മുഴുവൻ പങ്കെടുക്കുവാൻ പരിശ്രമിക്കുക.

ചെമ്പേരിയിൽ കൂടിയ റീജിയനൽ ഭാരവാഹികളുടെ യോഗം കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കുവേണ്ട തീരുമാനങ്ങൾ എടുത്തു. സെമിനാറുകളും പഠനക്ലാസ്സുകളും എല്ലാ ഭ്രാതൃത്വങ്ങളും മാറി മാറി സംഘടിപ്പിക്കാൻ തീരുമാനിച്ചു. അത്തരത്തിലുള്ള ആദ്യസെമിനാർ 23-ാം തീയതി ചെമ്പന്തൊട്ടിയിൽവച്ച് നടത്തപ്പെട്ടു. ബ്ര. ജോസ് ആലപ്പാട്ട്, സി. ഗ്രാസിയ എഫ്.സി.സി., ഫാ. സണ്ണി കപ്പൂച്ചിൻ എന്നിവർ ക്ലാസ്സുകളെടുത്തു. നേതൃത്വം നല്കിയവരെ അഭിനന്ദിക്കുന്നു.

## ജീവകാരുണ്യയാത്ര

ചെറുപുഴ ഭ്രാതൃത്വത്തിൽപ്പെട്ട സഹോദരങ്ങൾ മെയ് 10-ാം തീയതി പേരാവൂരിനടുത്തുള്ള അഗതിമന്ദിരത്തിലേക്ക് ഒരു കാരുണ്യയാത്ര പോവുകയും അവിടെയുള്ള അന്തേവാസികളോടൊപ്പം സമയം ചെലവഴിക്കുകയും പ്രാർത്ഥിക്കുയും ചെയ്തു. ഒരു വണ്ടി നിറയെ അവർക്കാവശ്യമുള്ള സാധനങ്ങളുമായി പോയ അൽമായ സഭാംഗങ്ങൾ അവരെ ശുശ്രൂഷിച്ചതോടൊപ്പം അവരിൽനിന്നും വിലയേറിയ പാഠങ്ങൾ പഠിക്കുകയും അഗതികളെ ശുശ്രൂഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടവരാകുകയും ചെയ്തു. എല്ലാത്തിനും നേതൃത്വം നല്കിയ ഭ്രാതൃത്വ പ്രസിഡന്റ് സി. മോളിക്ക് അഭിനന്ദനങ്ങൾ.

ഇടവകയിൽ അല്മായ ഫ്രാൻസിസ്കൻ സഭയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി കടന്നുപോയ വികാരിയച്ചന്മാരെയും സിസ്റ്റേഴ്സിനെയും നന്ദിയോടെ സ്മരിക്കുന്നു. പുതിയതായി വന്ന വികാരിയച്ചന്മാരെ സഭാംഗങ്ങൾ സന്ദർശിക്കുകയും വിധേയത്വവും അനുസരണവും അറിയിക്കുകയും ചെയതു. അവരോടൊപ്പം ചേർന്നുനിന്ന് പുതിയ കാലഘട്ടത്തിന്റെ ഫ്രാൻസിസുമാരാകാൻ എല്ലാവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സാഹോദര്യപൂർവ്വം,

**ഫാ. ബിജു ഇളമ്പച്ചംവീട്ടിൽ, കപ്പൂച്ചിൻ**
അതിരൂപതാ ആത്മീയ സഹായി

### ദൈവദാസി സിസ്റ്റർ മരിയ സെലിൻ കണ്ണനായ്ക്കലിന്റെ 60-ാം ചരമവാർഷികാചരണം

ഈ വരുന്ന ജൂലൈ 22ന് ശനിയാഴ്ച രാവിലെ 10 മണിക്ക് കണ്ണൂർ പയ്യാമ്പലം ഉർസുലൈൻ കോൺവെന്റിൽ. സഭാമേലധ്യക്ഷന്മാരും, സാമൂഹിക-സാംസ്കാരിക നേതാക്കളും പങ്കെടുക്കുന്നു. ഇതിനോടനുബന്ധിച്ച്:

- സമൂഹബലി
- അനുസ്മരണപ്രാർത്ഥന
- പൊതുസമ്മേളനം
- സ്നേഹവിരുന്ന്

എന്നിവ ഉണ്ടായിരിക്കും. ഏവരേയും സ്നേഹപൂർവ്വം ഇതിലേക്ക് സ്വാഗതം ചെയ്യുന്നു.

**ആഘോഷ കമ്മിറ്റിക്കുവേണ്ടി**
Sr. Vinaya Purayidathil UMI, Provincial Superior
Rev. Fr. George Painadath, Executive Convener

# എ.കെ.സി.സി.

## കത്തോലിക്കാ കോൺഗ്രസ്സ് ശതാബ്ദി ഉദ്ഘാടനവും അതിരൂപതവാർഷികവും ഏപ്രിൽ 26

തലശ്ശേരി-കോട്ടയം (മലബാർ റീജിയൻ) അതിരൂപതകളുടെ ആഭിമുഖ്യത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് ശതാബ്ദി ഉദ്ഘാടനവും അതിരൂപത വാർഷികവും 2017 ഏപ്രിൽ 26ന് പയ്യാവൂരിൽ നടന്നു. പയ്യാവൂർ സെന്റ് ആൻസ് പാരീഷ് ഓഡിറ്റോറിയത്തിൽ രാവിലെ 10 മണിക്ക് ആരംഭിച്ചു. പ്രതിനിധിസമ്മേളനം കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ ഉദ്ഘാടനം ചെയ്തു. കെ.സി.സി. മലബാർ റീജിയൻ പ്രസിഡന്റ് ബാബു കദളിമറ്റം അധ്യക്ഷം വഹിച്ചു. വികാരി ജനറാൾ മോൺ. അബ്രാഹം പോണാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. തുടർന്ന് അഡ്വ. ആന്റോ അക്കര, റവ. ഫാ. റോയി കണ്ണംചിറ എന്നിവർ ക്ലാസ്സുകളെടുത്തു. കെ.സി.സി. മലബാർ റീജിയൻ ചാപ്ളിൻ റവ. ഫാ. അബ്രാഹം പറമ്പേട്ട് ക്ലാസ്സ് നയിച്ചവരെ പരിചയപ്പെടുത്തി. അതിരൂപത ജനറൽ സെക്രട്ടറി ജോണി തോമസ് വടക്കേക്കര സ്വാഗതവും പൈസക്കരി ഫൊറോന പ്രസിഡന്റ് വർഗ്ഗീസ് പള്ളിച്ചിറ നന്ദിയും പറഞ്ഞു.

തുടർന്ന് ഉച്ചഭക്ഷണത്തിനുശേഷം 2.30ന് നടന്ന ശതാബ്ദി ഉദ്ഘാടനവും അതിരൂപത വാർഷികവും തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ്സ് തലശ്ശേരി അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല അധ്യക്ഷം വഹിച്ചു. ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരി അനുഗ്രഹപ്രഭാഷണം നടത്തി. പയ്യാവൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഡെയ്സി ചിറ്റൂപറമ്പിൽ കത്തോലിക്കാ കോൺഗ്രസ്സ് ദേശിയ ഡയറക്ടർ റവ. ഫാ. ജിയോ കടവി, കെ.സി.സി. കോട്ടയം അതിരൂപതപ്രസിഡന്റ് സ്റ്റീഫൻ ജോർജ് Ex MLA റവ. ഡോ. ജോസ് വെട്ടിക്കൽ, റവ. ഫാ. ജോർജ് കപ്പുകാലായിൽ, സി. സിസിലി പുഷ്പക്കുന്നേൽ സിജോ അമ്പാട്ട്, മൗലി തോമസ് ആരോംകുഴി, ജോബിൻ അബ്രാഹം ഇലക്കാട്ട് എന്നിവർ ആശംസകൾ നേർന്നു. 2016-2017 വർഷത്തിൽ മികച്ച യൂണിറ്റുകളായി തിരഞ്ഞെടുക്കപ്പെട്ട പൈസക്കരി, ഉളിക്കൽ യൂണിറ്റുകളെ കത്തോലിക്കാ കോൺഗ്രസ്സ് അതിരൂപത ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് പരിചയപ്പെടുത്തി.

## പൈസക്കരി ദേവമാതാ, ഉളിക്കൽ ഇൻഫന്റ് ജീസസ് മികച്ച യൂണിറ്റുകൾ

കത്തോലിക്കാകോൺഗ്രസ്സ് തലശ്ശേരി അതിരൂപതയിലെ 2016-2017ലെ മികച്ച യൂണിറ്റുകളായി തിരഞ്ഞെടുക്കപ്പെട്ട പൈസക്കരി ദേവമാതാ യൂണി

റ്റിലെ ഉളിക്കൽ ഇൻഫന്റ് ജീസസ് യൂണിറ്റിനുള്ള ജോയി കാഞ്ഞിരത്തുങ്കൽ (കോട്ടൂർ)ന്റെ സ്മരണക്കായി സുരേഷ് ജോർജ് കാഞ്ഞിരത്തുങ്കൽ ഏർപ്പെടുത്തിയ അവാർഡ് ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് വിതരണം ചെയ്തു.

## ആദരവുകൾ

കേരള കാത്തലിക് ഫെഡറേഷൻ (കെ.സി.എഫ്) മികച്ച അല്മായ പ്രവർത്തകനുള്ള അവാർഡിന് തലശ്ശേരി അതിരൂപതയിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട പീയൂസ് പറേടം, ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് കോട്ടയം അതിരൂപത പ്രസിഡന്റ് സ്റ്റീഫൻ ജോർജ് (Ex MLA) മലബാർ റീജിയൻ പ്രസിഡന്റ് ബാബു കദളിമറ്റം, കത്തോലിക്കാ കോൺഗ്രസ്സ് തലശ്ശേരി അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല എന്നിവരെ സമ്മേളനത്തിൽ ആദരിച്ചു. കേന്ദ്രസമിതി വൈസ് പ്രസിഡന്റ് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ സ്വാഗതവും കെ.സി.സി. മലബാർ റീജിയൻ സെക്രട്ടറി പ്രൊഫ. തോമസ് മുല്ലപ്പള്ളി നന്ദിയും പറഞ്ഞു.

## റാലിയും പൊതുസമ്മേളനവും

വൈകുന്നേരം 4 മണിക്ക് പയ്യാവൂർ സെന്റ് ആൻസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽനിന്ന് ആരംഭിച്ച റാലിക്ക് അഭിവന്ദ്യ പിതാക്കന്മാരും അത്മായ നേതാക്കളും വൈദികരും നേതൃത്വം നൽകി പതാകയേന്തിയ 100 പ്രവർത്തകർ മുത്തുകുട പിടിച്ച 100 വനിതകൾ എന്നിവർ അണിനിരന്ന് ബാൻഡ് മേളങ്ങളുടെ അകമ്പടിയോടെ പയ്യാവൂർ ടൗണിലെ നൂറുകണക്കിന് പ്രവർത്തകർ പങ്കെടുത്ത് വിശ്വാസപ്രഘോഷണറാലി ബസ്റ്റാന്റിനു സമീപത്ത് സമാപിച്ചു. സമാപനസമ്മേളനത്തെ അഭിസംബോധന ചെയ്ത് റവ. ഡോ. ജോസഫ് പാംബ്ലാനി പ്രസംഗിച്ചു. ബേബി നെട്ടാനാനി സ്വാഗതവും സൈമൺ പാഴൂക്കുന്നേൽ നന്ദിയും പറഞ്ഞു. വിവിധ സമ്മേളനങ്ങളിലും റാലിയിലും പങ്കെടുത്ത മുഴുവൻ ആളുകൾക്കും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം സമ്മേളന വിജയത്തിനായി പ്രവർത്തിച്ച ബഹു. വൈദികരെയും അത്മായ നേതാക്കളെയും അഭിനന്ദിക്കുന്നു.

## അതിരൂപതാ സെക്രട്ടറിയേറ്റ് മെയ് 11

കത്തോലിക്കാ കോൺഗ്രസ്സ് തലശ്ശേരി അതിരൂപത സെക്രട്ടറിയേറ്റ് യോഗം മെയ് 11ന് വ്യാഴാഴ്ച രാവിലെ 10 മണിക്ക് അതിരൂപത ഓഫീസിൽ പ്രസിഡന്റ് ദേവസ്യ കൊങ്ങോലയുടെ അധ്യക്ഷതയിൽ ചേർന്നു. അതിരൂപത ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് വിഷയാവതരണം നടത്തി. പുതിയ മെമ്പർഷിപ്പിന്റെ അടിസ്ഥാനത്തിൽ യൂണിറ്റ്, ഫൊറോന അതിരൂപത തിരഞ്ഞെടുപ്പുകൾ ജൂൺമാസത്തില ആരംഭിക്കുന്നതിനാണ്. ഒക്ടോബർ മാസത്തിൽ പുതിയ കേന്ദ്രസമിതി നിലവിൽ വരുന്നതാണ്.

കത്തോലിക്കാ കോൺഗ്രസ്സിന്റെ അതിരൂപതയിലെ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകുന്നതിനായി ഭരണാധികാരിയായ ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് മേച്ചിറാകത്തിനെയും സഹഭരണാധി കാരിയായി കത്തോലിക്കാ കോൺഗ്രസ്സ് അതിരൂപത ഗവേണിംഗ് കൗൺസിൽ അംഗവും ജുഡീഷ്യൽ വികാരിയുമായ റവ. ഫാ. ജോൺസൺ കോവൂർപുത്തൻപുരയെയും കേന്ദ്രതിരഞ്ഞെടുപ്പ് ഭരണാധികാരി നിയമിച്ചു. തിരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## തൃശൂർ കിലയിൽ ക്യാമ്പ് മെയ് 13,14

മെയ് 13,14 തീയതികളിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) നടത്തിയ ട്രെയിനിംഗ് പ്രോഗ്രാമിൽ നമ്മുടെ അതിരൂപതയിൽ നിന്ന് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ജോണി തോമസ് വടക്കേക്കര, ചാക്കോച്ചൻ കാരാമയിൽ, ബേബി നെട്ടനാനി, ബെന്നി പുതിയാംപുറം, ഡേവീസ് ആലങ്ങാടൻ, അഡ്വ. മനോജ് എം. കണ്ടം, സിസിലി പുഷ്പകുന്നേൽ, തോമസ് പാറക്കൽ, ജോർജ് ജോസഫ് വലിയ മുറത്താങ്കൽ എന്നിവർ പങ്കെടുത്തു. ക്യാമ്പിൽ പങ്കെടുത്തവർക്കു പ്രത്യേക അഭിനന്ദനങ്ങൾ!

## യൂണിറ്റ് ഫൊറോന ഡയറക്ടർമാരുടെ സ്ഥലംമാറ്റം നന്ദിയും പുതിയ സ്ഥലത്ത് പ്രവർത്തന വിജയാശംസകളും

ബഹു. വൈദികരുടെ പൊതുസ്ഥലമാറ്റത്തിന്റെ ഭാഗമായി നമ്മുടെ യൂണിറ്റ് ഡയറക്ടറച്ചന്മാർ മറ്റ് ഇടവകകളിലേക്കു സ്ഥലം മാറിയിട്ടുണ്ട്. കഴിഞ്ഞകാലങ്ങളിൽ കത്തോലിക്കാ കോൺഗ്രസ്സിനെ ശക്തിപ്പെടുത്തുന്നതിനായി ശ്രമിച്ച സ്ഥലംമാറിപോയ എല്ലാ യൂണിറ്റ് ഡയറക്ടറച്ചന്മാർക്കും നന്ദിയും പുതിയ ഇടവകകളിൽ എല്ലാവിധ പ്രവർത്തനവിജയങ്ങളും ആശംസിക്കുന്നുതോടൊപ്പം കൂടുതൽ പ്രോത്സാഹനവും നേതൃത്വവും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഫൊറോന ഡയറക്ടർമാരായി സേവന മനുഷ്ഠിച്ച സ്ഥലം മാറിപോകുന്ന എല്ലാവർക്കും കത്തോലിക്കാ കോൺഗ്രസ്സ് അതിരൂപതാ കമ്മിറ്റിയുടെ നന്ദി രേഖപ്പെടുത്തുന്നു. പേരാവൂർ ഫൊറോന ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ തലശ്ശേരി മൈനർ സെമിനാരി വൈസ് ഡയറക്ടറായും നെല്ലിക്കാംപോയിൽ ഫൊറോന ഡയറക്ടറായ റവ. ഫാ. ജോർജ് വണ്ടർകുന്നേൽ ചെറുപുഴ ഫൊറോന വികാരിയായും തളിപ്പറമ്പ് ഫൊറോനാ ഡയറക്ടറായ റവ. ഡോ. ജോസ് പൂവന്നികുന്നേൽ മണ്ഡലം വികാരിയായും ചെമ്പേരി ഫൊറോന ഡയറക്ടറായ റവ. ഫാ. ജോസഫ് തൈക്കുന്നുംപുറം മണിപ്പാറ ഇടവകയിലേക്കും പൈസക്കരി ഫൊറോന ഡയറക്ടറായിരുന്ന റവ. ഫാ. ജോസഫ് കദളിയിൽ ചികിത്സാ അവധിയിലും മേരിഗിരി ഫൊറോന ഡയറക്ടറായിരുന്ന റവ. ഫാ. ജോസഫ് പൊട്ടനാനിയിൽ ഉപരിപഠനാർത്ഥവും

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

## മദ്യശാലകൾക്കെതിരെ പ്രതിരോധ സമരങ്ങൾ

കണ്ണൂർ, തലശ്ശേരി, പയ്യന്നൂർ, കാഞ്ഞങ്ങാട്, കാസർഗോഡ് തുടങ്ങിയ നഗരങ്ങളിലെ ദേശീയ സംസ്ഥാന പാതയോരങ്ങളിൽ പ്രവർത്തിക്കുന്ന മദ്യശാലകൾ അതാതിടങ്ങളിൽ സ്ഥാപിക്കാൻ തയ്യാറാവാതെ എഴുപതും എൺപതും കിലോ മീറ്റർ അകലങ്ങളിലുള്ള ഗ്രാമീണ മലയോര പ്രദേശങ്ങളിലേയ്ക്ക് മാറ്റിസ്ഥാപിച്ചുകൊണ്ടിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ തദ്ദേശവാസികളുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് രാത്രിയുടെ ഇരുളിലാണ് സർക്കാരും ഉദ്യോഗസ്ഥരുംകൂടി ജനങ്ങളെ വെല്ലുവിളിച്ചുകൊണ്ട് സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാൻ ഈ ജനാധിപത്യ വിരുദ്ധ നടപടികൾ നടത്തുന്നത്. മദ്യശാലകൾ ഇല്ലാതിരുന്ന കുടിയേറ്റമേഖലകളായ ചെറുപുഴ, കേളകം, നെടുമ്പോയിൽ എന്നിവിടങ്ങളിൽ മദ്യശാലകൾ സ്ഥാപിച്ചു കഴിഞ്ഞു. തളിപ്പറമ്പ, നെടുവാലൂർ എന്നിവിടങ്ങളിൽ ജനങ്ങളുടെ ശക്തവും നിരന്തരവുമായ പ്രതിരോധ സമരങ്ങളിലൂടെ മദ്യശാലകൾ ഒഴിവായി. ഇരിട്ടി (വട്ടിയറ), ചന്ദനയക്കാംപാറ എന്നിവിടങ്ങളിൽ ശക്തമായ പ്രതിരോധത്തിലാണ് ജനങ്ങൾ.

## വട്ടിയറ (ഇരിട്ടി)

30-04-17ന് വട്ടിയറയിൽ ചേർന്ന ഇരിട്ടി മദ്യശാലവിരുദ്ധ കമ്മിറ്റിയുടെ ആലോചനായോഗം നിരന്തരമായ പ്രതിരോധ സമരങ്ങൾ ഇരിട്ടി കേന്ദ്രമാക്കി നടത്താൻ തീരുമാനിച്ചു. ഫാ. സജി അട്ടേങ്ങാട്ട്, ഫാ. തോമസ് തൈത്തോട്ടം തുടങ്ങി രാഷ്ട്രീയ മതസാംസ്കാരിക സംഘടനകളുടെ പ്രതിനിധികൾ പങ്കെടുത്തു.

➔ ---

സ്ഥലംമാറി. പുതിയ ഇടവകയിലും സ്ഥാപനങ്ങളിലും പ്രവർത്തന വിജയങ്ങൾ ആശംസിക്കുന്നതോടൊപ്പം കത്തോലിക്കാ കോൺഗ്രസ്സ് വളർച്ചക്ക് കൂടുതൽ സഹായവും സഹകരണവും അഭ്യർത്ഥിക്കുന്നു. ഒരിക്കൽകൂടി സ്ഥലം മാറി പുതിയ ഇടവകയിലേക്കു കടന്നുവന്ന എല്ലാ വൈദികർക്കും പ്രവർത്തനവിജയങ്ങൾ ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

| | |
|---|---|
| **ദേവസ്യാ കൊങ്ങോല** | **ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്** |
| അതിരൂപതാ പ്രസിഡന്റ് | ഡയറക്ടർ |

## പഞ്ചായത്ത് ഓഫീസ് ധർണയും നിവേദനവും

വട്ടിയറ (ഇരിട്ടി) പ്രദേശം പായം പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിലായതിനാൽ പായം പഞ്ചായത്ത് വട്ടിയറയിൽ മദ്യശാല സ്ഥാപിക്കാൻ അനുമതികൊടുക്കാൻ പാടില്ല എന്നാവശ്യപ്പെട്ടുകൊണ്ട് വട്ടിയറ നിവാസികളുടെയും വിവിധ രാഷ്ട്രീയ കക്ഷിനേതാക്കളുടെയും നേതൃത്വത്തിൽ പഞ്ചായത്ത് ഓഫീസിനു മുന്നിൽ 26-04-17ന് ധർണ നടത്തി. K.P.C.C. ജന. സെക്രട്ടറി സജീവ് ജോസഫ് ധർണ ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് തൈത്തോട്ടം വിവിധ കക്ഷിനേതാക്കളായ മുഡ്യോരി ഇബ്രഹിം, ജോർജ് കുട്ടി ഇരിമ്പനം, ജയപ്രകാശ് തില്ലങ്കരി, തോമസ് വർഗീസ്, KCBC മദ്യവിരുദ്ധ സമിതി അതിരൂപത പ്രസിഡന്റ് ഡോ. ജോസ്‌ലറ്റ് മാത്യു, മാത്യു എം. കണ്ടത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് നേതാക്കൾ പഞ്ചായത്ത് പ്രസിഡന്റിന് നിവേദനം കൊടുത്തു.

## വനിത സായാഹ്ന ധർണ

18.05.17 ന് ഇരിട്ടി ടൗണിൽ വട്ടിയറ (ഇരിട്ടി) മദ്യശാലയ്ക്ക് എതിരായി വനിതകളുടെ സായാഹ്നധർണ നടത്തി. മഹിള കോൺഗ്രസ് ജില്ലാ പ്രസിഡന്റ് ശ്രീമതി സുമ ബാലകൃഷ്ണൻ ധർണ ദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലാ പഞ്ചായത്ത് മെമ്പർ മാർഗരറ്റ് ജോസ്, സീമാ രാജഗോപാൽ, സി. നാൻസി എസ്എബിഎസ്, ഫാ. തോമസ് തൈത്തോട്ടം, തോമസ് വർഗീസ്, ശ്രീമതി ലിസ്സി തോമസ് എന്നിവർ പ്രസംഗിച്ചു. ഇരിട്ടി ഭാഗത്തുള്ള ബഹു. സിസ്റ്റേഴ്സിന്റെ വലിയ സാന്നിദ്ധ്യം ശ്രദ്ധാർഹമായിരുന്നു.

## സായാഹ്ന കൂട്ടധർണ

വട്ടിയറയിൽ (ഇരിട്ടി) മദ്യശാല സ്ഥാപിക്കാൻ അനുവദിക്കില്ല എന്ന ഉറച്ച തീരുമാനം ആവർത്തിച്ച് പ്രഖ്യാപിച്ചുകൊണ്ട് 04.05.17ന് ഇരിട്ടി ടൗണിൽ സായാഹ്ന ധർണ നടത്തി. കണ്ണൂർ ജില്ലാ പഞ്ചായത്ത് മെമ്പർ തോമസ് വർഗീസിന്റെ അധ്യക്ഷതയിൽ ചേർന്ന സമരം ഫാ. തോമസ് തൈത്തോട്ടം ഉദ്ഘാടനം ചെയ്തു. അയ്യംകുന്ന് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീജ സെബാസ്റ്റ്യൻ, സണ്ണി തറയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

## ചന്ദനക്കാംപാറയുടെ മണ്ണിൽ മദ്യശാല അനുവദിക്കില്ല

ബഹു. വികാരിയച്ചൻ സെബാസ്റ്റ്യൻ മൂക്കിലിക്കാട്ടിന്റെ അജയ്യമായ നേതൃത്വത്തിൽ 24.04.17ന് വീണ്ടും ചന്ദനക്കാംപാറ ടൗണിൽ നൂറുകണക്കിന് വനിതകളുടെ സാന്നിധ്യത്തിൽ ചന്ദനക്കാപാറയുടെ മണ്ണിൽ മദ്യശാല നിലംതൊടില്ല എന്ന ധീരമായ പ്രഖ്യാപനം. നട്ടുച്ചയ്ക്ക് പൊരിയുന്ന ഉച്ചചൂടിൽ ടൗണിൽ നടന്ന പ്രതിഷേധസമ്മേളനം ഫാ. തോമസ് തൈത്തോട്ടം ഉദ്ഘാടനം ചെയ്തു. പയ്യാവൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഡെയ്സി

ചിറ്റൂപറമ്പിൽ അധ്യക്ഷം വഹിച്ചു. CPM നേതാവ് ഉൾപ്പെടെ വിവിധ രാഷ്ട്രീയകക്ഷി നേതാക്കളും KCBC മദ്യവിരുദ്ധ സമിതി അതിരൂപത പ്രസിഡന്റ് ഡോ. ജോസ്ലറ്റ് മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.

## നേതാജി റോഡിലെ പ്രതിഷേധസമരം

കഴിഞ്ഞ 45 ദിവസമായി കണ്ണൂരിൽ ജനവാസകേന്ദ്രമായ നേതാജി റോഡിൽ തുറന്ന വിദേശ മദ്യഷാപ്പ് അടച്ചുപൂട്ടണം എന്നാവശ്യപ്പെട്ടുകൊണ്ട് മുസ്ലിംസമുദായ അംഗങ്ങളും വ്യാപാരിവ്യവസായ സ്ഥാപനങ്ങളും തുടർച്ച യായി സമരം നടത്തുന്നു. സമരത്തിന് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി യും കേരള മദ്യ നിരോധന സമിതിയും പിന്തുണ നൽകുന്നു.

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സ്റ്റിയറിംഗ് കമ്മറ്റി

2017-2018 വർഷത്തിലേയ്ക്ക് പുതിയതായി തെരഞ്ഞെടുക്കപ്പെട്ട കെസിബിസി മദ്യവിരുദ്ധ സമിതി അതിരൂപതാ ഭാരവാഹികളുടെ ആദ്യത്തെ സ്റ്റിയറിംഗ് കമ്മിറ്റി യോഗം 03.05.17ന് തലശ്ശേരി കേന്ദ്ര ഓഫീസിൽ ചേർന്നു. പ്രസിഡന്റ് ഡോ. ജോസ്ലറ്റ് മാത്യു അധ്യക്ഷം വഹിച്ചു. ജന. സെക്രട്ടറി ജയ്സൺ മർക്കോസ് സ്വാഗതം ആശംസിച്ചു. സുപ്രിംകോടതി വിധിയുടെ അന്തഃസത്തയെ മറികടന്നുകൊണ്ട് മദ്യശാലകൾ മാറ്റി സ്ഥാപിക്കുന്നതിന്റെ അനൗചിത്യത്തെപ്പറ്റിയും തളിപ്പറമ്പ, നെടുവാലൂർ, ചന്ദനക്കാപാറ, വട്ടിയറ (ഇരിട്ടി) തുടങ്ങിയ സ്ഥലങ്ങളിൽ നടക്കുന്ന പ്രതിരോധ സമരങ്ങളെക്കുറിച്ചും ഫാ. തോമസ് തൈത്തോട്ടം വിലയിരുത്തി സംസാരിച്ചു. അംഗങ്ങൾ ചർച്ചകളിൽ സജീവമായി പങ്കെടുത്തു.

## തീരുമാനങ്ങൾ നിർദ്ദേശങ്ങൾ

- 25.05.17ന് അഭിവന്ദ്യപിതാവിന്റെ അധ്യക്ഷതയിൽ നടക്കുന്ന പ്രവർത്തക സമ്മേളനത്തിൽ കഴിയുന്നത്ര പ്രവർത്തകരെ പങ്കെടുപ്പിക്കുക.
- ബഹു. മേഖലാ ഡയറക്ടറച്ചന്മാരെയും ആനിമേറ്റർ സിസ്റ്റർമാരെയും പ്രത്യേകം ക്ഷണിക്കുക.
- രണ്ടു മാസത്തിലൊരിക്കൽ സ്റ്റിയറിംഗ് കമ്മിറ്റിയും 4 മാസത്തിലൊരി ക്കൽ എക്സിക്യൂട്ടീവ് കമ്മിറ്റിയും വിളിച്ചു ചേർക്കുക. എല്ലാ എക്സി ക്യൂട്ടീവ് കമ്മിറ്റിയിലേയ്ക്കും ബഹു. മേഖലാ ഡയറക്ടറച്ചന്മാരെയും മേഖല ആനിമേറ്റർ സിസ്റ്റേഴ്സിനെയും ക്ഷണിക്കുക.
- കെസിബിസി മദ്യവിരുദ്ധ സമിതിക്ക് ഒരു വനിതാ വിഭാഗം ആരംഭിക്കു ന്നതിനെപ്പറ്റി ആലോചിക്കുക.
- 30.05.17ന് അഭിവന്ദ്യപിതാവിന്റെ സാന്നിദ്ധ്യത്തിൽ 'മോചനം 2017' എന്ന പേരിൽ സിസ്റ്റേഴ്സ് കൺവെൻഷൻ തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോ റിയത്തിൽവച്ച് ചേരുക.

- 16 മേഖലകളിലേയ്ക്കുള്ള സിസ്റ്റർ ആനിമേറ്റേഴ്സിനെ തെരഞ്ഞെടുക്കുക. വനിതാവിഭാഗം രൂപീകരണത്തെപ്പറ്റി ചർച്ച ചെയ്യുക.
- ബൈബിളിൽ ലഹരിവിരുദ്ധ സംസ്കാരം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസുകൾ എടുക്കാൻ ഡോ. ജോജി കാക്കരമറ്റം, ഫാ. ആന്റണി വെട്ടിയാനി എന്നിവരെ ക്ഷണിക്കുക.
- Reg. fee 50 രൂപ ആയി നിശ്ചയിക്കുക.

## ADSUഎക്സിക്യൂട്ടീവ് കമ്മിറ്റി

2017 വർഷത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ADSU വിന്റെ പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി സന്ദേശഭവനിൽ വച്ച് 06-05-17ന് പ്രസിഡന്റ് കുമാരി ക്ലിറ്റി മാത്യുവിന്റെ അധ്യക്ഷതയിൽ ചേർന്നു. അഭിനവ് ജോർജ് എല്ലാവരെയും സ്വാഗതം ചെയ്തു. ഡയറക്ടർ ഫാ. തോമസ് തൈത്തോട്ടം 2017 അധ്യായന വർഷത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദീകരിച്ചു. 2016 വർഷത്തിൽ നടത്തിയ പരിപാടികളെ വിലയിരുത്തി ADSUചീഫ് ഓർഗനൈസർ അഡ്വ. മനോജ് എം. കണ്ടത്തിൽ സംസാരിച്ചു.

ADSU വിന്റെ ധനശേഖരണാർത്ഥം നടത്തിയ സമ്മാനകൂപ്പണിന്റെ വരവു ചെലവുകളും കഴിഞ്ഞ വർഷം നടത്തിയ നവദർശൻ ക്യാമ്പിന്റെ വരവുചെലവു കണക്കുകളും ഡയറക്ടറച്ചൻ അവതരിപ്പിച്ച് പാസാക്കി. രണ്ടു പരിപാടികളും വൻവിജയമാക്കി തീർക്കാൻ ആത്മാർത്ഥതയോടെ, പ്രതിബദ്ധതയോടെ പ്രവർത്തിച്ച എല്ലാവർക്കും യോഗം നന്ദി പ്രകാശിപ്പിച്ചു.

അടുത്ത വർഷത്തെ ബ്രോഷറിൽ ചേർക്കേണ്ട വിവിധ പരിപാടികളെപ്പറ്റി ചർച്ചചെയ്യുകയും ബ്രോഷർ ആനിമേറ്റേഴ്സിന്റെ ശില്പശാലയിൽ പ്രകാശനം ചെയ്യാനും മികച്ച പ്രവർത്തനത്തിനുള്ള ബെസ്റ്റ് സ്കൂൾ അവാർഡുകൾ അന്നുതന്നെ പ്രഖ്യാപിക്കാനും തീരുമാനിച്ചു.

SSLC, +2 എന്നി വിഭാഗങ്ങളിൽ പ്രശ്സ്ത വിജയം നേടിയ ADSU ഭാരവാഹികളെ പുഷ്പം നല്കി ആദരിച്ചു. ഐസ്ക്രിം വിതരണം ചെയ്തുകൊണ്ട് വിജയത്തിന്റെ മധുരം എല്ലാവരും പങ്കുവയ്ക്കുകയും കുമാരി ഫാത്തിമ കരിമിന്റെ നന്ദി പ്രകാശനത്തോടെ യോഗം സമാപിക്കുകയും ചെയ്തു.

സ്നേഹശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### യാത്രയയപ്പ് സമ്മേളനം

കഴിഞ്ഞ 24 വർഷമായി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രൊഡക്ഷൻ ഓഫീസിൽ മാനേജരായി സ്തുത്യർ ഹമായ സേവനം ചെയ്തിരുന്ന ശ്രീ. കൃഷ്ണൻമാസ്റ്റർ ഔദ്യോഗിക മേഖലയിൽനിന്നും വിരമിച്ചു. ഈ യാത്രയയപ്പ് സമ്മേളനത്തിൽ TSSS-ന്റെ പ്രസിഡണ്ട് മോൺ. അബ്രാഹം പോണാട്ട്, മറ്റു ഡയറക്ടർ ബോർഡ് അംഗങ്ങൾ, TSSS-ന്റെ സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു. TSSS-ന്റെ പ്രവർത്തനങ്ങൾക്ക് എന്നും ഒരു മാർഗ്ഗദർശിയും, TSSS-ന്റെ വളർച്ചയിൽ മറക്കാനാവാത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമയുമാണ് കൃഷ്ണൻമാസ്റ്റർ എന്ന് ഡയറക്ടർ ഫാ. തോമസ് തയ്യിൽ അനുസ്മരിച്ചു. കൃഷ്ണൻമാസ്റ്റർ TSSS-നോട് കാണിച്ച ആത്മാർത്ഥതയും വിശ്വസ്തതയും എന്നും അനുസ്മരിക്കേണ്ടതാണെന്നും ഇദ്ദേഹത്തിന്റെ ജീവിതമാതൃക എല്ലാവർക്കും അനുകരിക്കാവുന്നതാണെന്നും TSSS-ന്റെ പ്രസിഡണ്ട് മോൺ. അബ്രാഹം പോണാട്ട് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിച്ചു. ഡയറക്ടർ ബോർഡ് അംഗങ്ങളായ ശ്രീ. ദാമു മാസ്റ്റർ, പ്രൊഫ. സുബൈർ, സ്റ്റാഫിന്റെ പ്രതിനിധി ശ്രീ. സാന്റി ഓലിക്കൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ യോഗത്തിന് നന്ദി പ്രകാശിപ്പിച്ചു.

കഴിഞ്ഞ ഒരു വർഷമായി TSSS-ന്റെ ഓഫീസ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന സി. റൊസീന SABS-ഉം, രണ്ട് വർഷമായി സേവ് എ ഫാമിലി കോ-ഓർഡിനേറ്ററായിരുന്ന സി. ഗ്രേസമ്മയും TSSS-ലെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് പുതിയ കർമ്മ മേഖലയിലേക്ക് യാത്രയാവുകയാണ്. നാളിതുവരെ ഇവർ രണ്ടുപേരും TSSS-ന് നൽകിയ എല്ലാ സേവനങ്ങൾക്കും പ്രത്യേകം നന്ദി അറിയിച്ചുകൊള്ളുന്നു.

കഴിഞ്ഞ ആറ് മാസമായി TSSS-ൽ റീജൻസി ബ്രദറായി സേവനം ചെയ്തിരുന്ന ബ്രദർ അരുൺ മുണ്ടപ്ലാക്കൽ സഭാവസ്ത്രം സ്വീകരിച്ച് വൈദീക പരിശീലനത്തിനായി ആലുവ മംഗലപ്പുഴ സെമിനാരിയിലേക്ക് യാത്രയാവുന്നു. ബ്രദർ TSSS-ന് നൽകിയ എല്ലാ നന്മകൾക്കും നന്ദി അറിയിക്കുന്നതിനോടൊപ്പം തുടർപരിശീലന പരിപാടിക്ക് എല്ലാ നന്മകളും നേർന്നു കൊള്ളുകയും ചെയ്യുന്നു.

## കൃഷി-ജലദൂത് പരിശീലനം

നബാർഡിന്റെ സഹായത്തോടെ കണ്ണൂർ ജില്ലയിൽ ഉളിക്കൽ, ആറളം, അയ്യൻകുന്ന്, എരുവേശി എന്നീ പഞ്ചായത്തുകളിലും, കാസർഗോഡ് ജില്ലയിൽ ബളാൽ, പനത്തടി, കോടോം-ബളൂർ എന്നീ പഞ്ചായത്തുകളിലും ജലവിനിയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിനും വേണ്ടിയുള്ള പരിശീലന പരിപാടിയിൽ TSSS-ൽ നിന്നും 14 പേർ പങ്കെടുത്തു. 2017 മെയ് 30-ാം തീയതിക്കു മുമ്പ് മേൽപറഞ്ഞ പഞ്ചായത്തുകളിൽ സർവ്വേ നടത്തുകയും വാർഡുകൾതോറും പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

## ആശാകിരണം കാൻസർ സുരക്ഷായജ്ഞം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി, മലബാർ കാൻസർ സെന്ററുമായി സഹകരിച്ച് ആശാകിരണം കാൻസർ സുരക്ഷാപദ്ധതിയുടെ ഭാഗമായി ബോധവൽക്കരണക്ലാസ്സും സ്വയംപരിശോധന ട്രെയിനിംഗും 2017 മെയ് 15-ാം തീയതി വെള്ളരിക്കുണ്ട് റീജിയണൽ ഓഫീസിൽവച്ച് നടത്തപ്പെട്ടു. ഈ പരിപാടിയുടെ ഉദ്ഘാടനകർമ്മം വെള്ളരിക്കുണ്ട് RCC ഡയറക്ടർ റവ. ഫാ. ആന്റണി തെക്കേമുറി നിർവ്വഹിച്ചു. RCC പ്രസിഡണ്ട് ശ്രീ. ബിജു കൊന്നക്കാട് ഏവർക്കും സ്വാഗതം ആശംസിച്ചു. **"സ്ത്രീകളിലെ സ്തനാർബുദം"** എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നയിച്ചത് മലബാർ കാൻസർ സെന്ററിലെ ഡോ. നീതു. എ.പി.യാണ്. 80 സ്ത്രീകൾ ഈ ക്ലാസ്സിൽ പങ്കെടുത്ത് ബോധവൽക്കരണം നേടി.

## ലഹരി ബോധവൽക്കരണ സെമിനാർ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിലുള്ള റീജിയണുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി മലബാർ കാൻസർ സെന്ററിൽവച്ച് 2017 മെയ് 31-ന് ലഹരി ബോധവൽക്കരണ സെമിനാറും, പുകവലിമൂലം കാൻസർ ബാധിച്ച ശരീരാവയവങ്ങളുടെ എക്സിബിഷനും, പോസ്റ്ററുകളുടെ പ്രദർശനവും മലബാർ കാൻസർ സെന്ററിലെ പ്രഗൽഭരായ ഡോക്ടർമാരുമായി സംവാദവും നടത്തി. കണ്ണൂർ ജില്ലാ കളക്ടർ മിർ മുഹമ്മദ് അലി IAS ഉദ്ഘാടനം ചെയ്ത ഈ സമ്മേളനത്തിൽ തലശ്ശേരി അതിരൂപതാ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് മുഖ്യാതിഥിയായിരുന്നു. വിവിധ റീജിയണുകളിൽ നിന്നായി 250 കുട്ടികൾ ഈ സെമിനാറിൽ പങ്കെടുത്തു. ഇതോടനുബന്ധിച്ച് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി കവിത, ചെറുകഥ, കാർട്ടൂൺ തലങ്ങളിൽ മത്സരവും സംഘടിപ്പിച്ചു.

ഇതേതുടർന്ന് കണ്ണൂർ ജില്ലയിലെ സ്കൂളുകളിൽ എല്ലാ കുട്ടികൾക്കും അറിവ് ലഭിക്കുന്നതിനുവേണ്ടി ബോധവൽക്കരണ സെമിനാറുകൾ നടത്തുവാൻ തീരുമാനിച്ചു. ഇതനുസരിച്ച് ജൂൺ 12,13,15,16 തീയതികളിലായി കൊളക്കാട്, പേരാവൂർ, കരിക്കോട്ടക്കരി, മണിക്കടവ് സ്കൂളുകളിൽ ലഹരി ബോധവൽക്കരണ സെമിനാറും എക്സിബിഷനും നടത്താൻ തീരുമാനിച്ചു.

## ബദൽ ജീവിതപരിശീലന പരിപാടി

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മാലോം ഗ്രാമിക അംഗങ്ങൾക്കുവേണ്ടി 2017 മെയ് 5-ാം തീയതി മാലോം പാരീഷ് ഹാളിൽവച്ച് ബദൽ ജീവിത പരിശീലനപരിപാടി നടത്തപ്പെട്ടു. മാലോം ഗ്രാമിക യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ ഇതിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. 33 പേർ പങ്കുചേർന്ന ഈ പരിശീലനപരിപാടിക്ക് നേതൃത്വം നൽകിയത് സി. നാൻസിയും സി. ഗ്രേയ്സമ്മയുമാണ്. ഈ പരിപാടിക്കുവേണ്ട ക്രമീകരണങ്ങൾ ഒരുക്കിയത് TSSS പ്രോഗ്രാം മാനേജർ ശ്രീമതി വത്സമ്മ ടോമിയും വെള്ളരിക്കുണ്ട് SAFP കോ-ഓർഡിനേറ്റർ ശ്രീമതി ബീനയുമാണ്.

## സേവ് എ ഫാമിലി പ്രോഗ്രാം

മെയ് 9 മുതൽ 12 വരെ ഐശ്വര്യഗ്രാം കാലടിയിൽവച്ച് സേവ് എ ഫാമിലി കോ-ഓർഡിനേറ്റർമാർക്കുള്ള ത്രിദിന ട്രെയിനിംഗ് നടത്തപ്പെട്ടു. TSSS-ൽ നിന്നും കോ-ഓർഡിനേറ്റർ കുമാരി ആൻ ഗ്രെയ്സ് പങ്കെടുത്തു.

സ്നേഹപൂർവ്വം,

**ഫാ. സ്ക്കറിയ നിരപ്പേൽ**
അസി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

# മദർഹോം വാർത്തകൾ

മദർഹോമിൽനിന്ന് ആശംസകൾ...

ഫാത്തിമ ദർശനത്തിന്റെ ഒരു നൂറ്റാണ്ട് പൂർത്തിയാകുന്ന ദിനം വളരെ യധികം പ്രാർത്ഥനകളോടെ മദർഹോമിൽ ആചരിച്ചു.

## 40 ദിവസത്തെ തപസ്സ്

വലിയ നോമ്പിന്റെ ആരംഭദിനം മുതൽ ഓശാന ഞായർ വരെ ദിവ്യകാരുണ്യ നാഥന്റെ മുൻപിൽ തപസ്സനുഷ്ഠിച്ച് പ്രാർത്ഥിച്ചു. തലശ്ശേരി ഡിവൈൻ കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഈ ആത്മീയ ശുശ്രൂഷയുടെ ദിനങ്ങളിൽ തലശ്ശേരി ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട്, കണ്ണൂർ ബിഷപ്പ് മാർ അലക്സ് വടക്കുംതല എന്നിവർ സന്ദർശനം നടത്തി.

* മെയ് മാസം മുഴുവൻ ഭക്തിയോടെ വണക്കമാസം ചൊല്ലി പ്രാർത്ഥിക്കുന്നു.
* മെയ് 9 മുതൽ 13 വരെ 101 മണിക്കൂർ രാവും പകലും ഇടമുറിയാതെ അഖണ്ഡ ജപമാല നടത്തി.
* മെയ് 13 ഹർത്താൽ ദിനമായിരുന്നിട്ടുപോലും നൂറുകണക്കിനാളുകൾ കൃതജ്ഞാബലിയിലും ആരാധനയിലും പങ്കെടുത്ത് പരിശുദ്ധ മറിയ ത്തെ മഹത്വപ്പെടുത്തി.

## എഫാത്ത

ബധിരരും മൂകരുമായ ആളുകൾക്കുവേണ്ടി ഒരുക്കിയ എഫാത്ത ധ്യാനത്തിൽ 52 പേർ പങ്കെടുത്തു. ഫാദർ പ്രിയേഷ് കളരിമുറിയിൽ നേതൃത്വം നൽകിയ ഈ ശുശ്രൂഷ തികച്ചും അഭിനന്ദനമർഹിക്കുന്നു. അടുത്ത ധ്യാനം ആഗസ്റ്റ് മാസത്തിൽ നടത്താൻ ആഗ്രഹിക്കുന്നു.

## അന്യസംസ്ഥാന തൊഴിലാളികൾക്കായുള്ള അജപാലന ശുശ്രൂഷ

അന്യസംസ്ഥാന തൊഴിലാളികൾക്കായി ഹിന്ദിയിൽ ദിവ്യബലിയും പ്രാർത്ഥനകളും ആരംഭിക്കുന്നതിന്റെ ഭാഗമായി ഏപ്രിൽ 23ന് പരിയാരം മദർ തെരേസ പള്ളിയിൽവെച്ച് ഹിന്ദിയിൽ വി. കുർബാന ഒരുക്കി. വന്നവർക്ക് ഉച്ചഭക്ഷണവും സമ്മാനവും കൊടുത്തു. അടുത്ത ദിവ്യബലി കൂട്ടായ്മ ജൂലൈ 2 ഞായറാഴ്ച നടത്തുവാൻ തീരുമാനിച്ചു. ഫാ. സുബിൻ റാത്തപ്പള്ളി, ഫാ. റിനോ ഇടത്തി എന്നിവരാണ് ഹിന്ദിയിൽ വി. കുർബാന അർപ്പിച്ചത്. അന്യസംസ്ഥാന തൊഴിലാളികൾക്കുവേണ്ടിയുള്ള ഈ അജപാലന ശുശ്രൂഷ അതിരൂപതയുടെ പുതിയ കാൽവെയ്പാണ്. എല്ലാവരും പ്രോത്സാഹിപ്പിക്കുമല്ലോ.

## യുവജന ധ്യാനം

പ്ലസ് വൺ, പ്ലസ് ടൂ പഠിക്കുന്ന കുട്ടികൾക്കായി ഒരുക്കിയ യുവജന ധ്യാനത്തിൽ 450 പേരോളം പങ്കെടുത്തു. മദർ ഹോമിലെ ടീമിനു പുറമെ കെസിവൈഎം ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ, ഫാ. ആന്റണി

വെട്ടിയാനിക്കൽ, ഫാ. ജോർജ് ആച്ചാണ്ടിയിൽ എന്നിവർ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

## പുതിയ ഭക്ഷണശാല

മദർ ഹോമിന്റെ വളർച്ചയുടെ ഭാഗമായി പുതിയ ഒരു കെട്ടിടംകൂടി നിർമ്മിക്കുവാൻ കഴിഞ്ഞു. 150 പേർക്ക് ഇരുന്ന് കഴിക്കാവുന്ന ഭക്ഷണശാല അഭിവന്ദ്യ പിതാവ് മാർ ജോർജ് ഞറളക്കാട്ട് മാർച്ച് 6ന് ആശീർവദിച്ചു.

## മഴവെള്ള സംഭരണി

4 ലക്ഷം ലിറ്റർ വെള്ളം കൊള്ളുന്ന വലിയ മഴവെള്ള സംഭരണി നിർമ്മിക്കുകയും എല്ലാ കെട്ടിടങ്ങളിലും പതിക്കുന്ന മഴവെള്ളം ടാങ്കിൽ എത്തിക്കാവുന്നതുപോലെ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. ജലക്ഷാമം പരിഹരിക്കുവാനുള്ള ഈ ദൗത്യം ഈ വർഷത്തെ മുഖ്യ ശ്രദ്ധ യായിരുന്നു.

## നന്ദിയുടെ പൂക്കൾ

മൂന്ന് വർഷത്തോളം മദർ ഹോമിൽ ഫിനാൻസ് ഓഫീസറായി ജോലി ചെയ്യുകയും മദർ ഹോമിലെ സാമ്പത്തിക കാര്യങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുകയും ചെയ്ത് സഹായിക്കുകയും ചെയ്ത ഫാ. അഗസ്റ്റിൻ വടക്കന് ഹൃദയപൂർവ്വകമായ നന്ദി പറയുന്നു. പരിയാരം മദർ തെരേസ ഇടവക വികാരിയായി ജോലി ചെയ്ത് മദർഹോമിനെ എല്ലാ സമയത്തും സഹായിച്ച ഫാ. ജോൺ വെങ്കിട്ടയ്ക്കലിന് നന്ദി. മദർ ഹോമിന്റെ ആത്മീയ ശുശ്രൂഷകൾക്ക് കരുത്തു പകരുവാൻ അസിസ്റ്റന്റ് ഡയറക്ടറായി എത്തുന്ന ഫാ. സെബാസ്റ്റ്യൻ പുതുപ്പള്ളിക്ക് സ്നേഹോജ്ജ്വലമായ സ്വാഗതം നേരുന്നു.

കഴിഞ്ഞ നാളുകളിൽ സേവനം ചെയ്ത സി. നാൻസി എസ്.എച്ച്., സി. നിർമ്മല എൻ.എസ്. എന്നിവർക്കും നന്ദി.

മദർ ഹോം ഉണർവ്വോടെയും തീക്ഷ്ണതയോടുംകൂടി ആത്മീയ ശുശ്രൂഷയിൽ വളരുന്നു. സ്നേഹവും പിന്തുണയും നൽകുന്ന അഭിവന്ദ്യ പിതാവ് മാർ ജോർജ് ഞറളക്കാട്ടിനും വികാരി ജനറാളച്ചന്മാർക്കും വൈദി കർക്കും സമർപ്പിതർക്കും നന്ദി.

വരുംദിനങ്ങളിലും മദർ ഹോമിനെ പ്രോത്സാഹിപ്പിക്കുമല്ലോ.

രണ്ട് മാസത്തിലൊരിക്കൽ കന്നഡ ഭാഷയിൽ ധ്യാനം നടത്തുന്നു. ബഹു. സിസ്റ്റേഴ്സിനായി വ്രതവിശുദ്ധീകരണ ധ്യാനവും ഒരുക്കുന്നു. ഓഗസ്റ്റ് മാസം മുതൽ മാസത്തിലൊരിക്കൽ ആത്മാഭിഷേക വളർച്ചാധ്യാനം ക്രമീകരിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് മദർഹോമിന്റെ ഓഫീസ് നമ്പറു കളിൽ വിളിക്കുക. **8606603101, 9446567101.**

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ

**1. മദർഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

| | | |
|---|---|---|
| 2017 ജൂൺ 04-09 | : | ആന്തരിക-ശാരീരികസൗഖ്യ ധ്യാനം |
| ,, 9 | : | മരിയൻ രാത്രി (പൗർണ്ണമി പ്രാർത്ഥന) |
| ,, 10 | : | ഏകദിന കൺവെൻഷൻ |
| ,, 18-23 | : | ആന്തരിക-ശാരീരികസൗഖ്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

| | | |
|---|---|---|
| ജൂൺ 04-08 | : | പരിശുദ്ധാത്മാഭിഷേക ധ്യാനം |
| ,, 9 | : | ജാഗരണ പ്രാർത്ഥന |
| ,, 10 | : | ക്രിസ്റ്റീൻ ഏകദിനധ്യാനം |
| ,, 11-15 | : | ആന്തരിക സൗഖ്യധ്യാനം |
| ,, 25-29 | : | ആന്തരിക സൗഖ്യധ്യാനം |

**3. ഐ.എം.എസ്. ധ്യാനകേന്ദ്രം, പേരട്ട; കൂട്ടുപുഴ, ഫോൺ: 0490-2420320, 9745292602, 9846452511**

| | | |
|---|---|---|
| ജൂൺ 01 | : | രോഗശാന്തി ആരാധന (ആദ്യ വ്യാഴം) |
| ,, 05-09 | : | ആന്തരിക-ശാരീരിക സൗഖ്യധ്യാനം (500 രൂപ) |
| ,, 16-19 | : | കുടുംബ നവീകരണ ധ്യാനം (400 രൂപ) (മാതാപിതാക്കൾ, ജോലിക്കാർ, ടീച്ചേഴ്സ്, നേഴ്സുമാർ) |
| ,, 19-23 | : | ആന്തരിക-ശാരീരിക സൗഖ്യധ്യാനം (500 രൂപ) |

**4. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0490 - 2444595**

| | | |
|---|---|---|
| ജൂൺ 10 | : | ഏകദിന ധ്യാനം (രാവിലെ 9.30 മുതൽ 4 വരെ) |
| ,, 11-13 | : | ആന്തരിക സൗഖ്യ - കുടുംബാഭിഷേകധ്യാനം (ഞായർ വൈകു. 4 മണി മുതൽ ചൊവ്വ രാത്രി 9 വരെ) |
| ,, 23-25 | : | ആന്തരിക സൗഖ്യ - കുടുംബാഭിഷേകധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | |
|---|---|---|
| ജൂൺ 03 | : | ഏകദിന കൺവെൻഷൻ |
| ,, 04-08 | : | ആന്തരീക സൗഖ്യധ്യാനം |
| ,, 09 | : | ജാഗരണ പ്രാർത്ഥന |
| ,, 10 | : | ക്രിസ്റ്റീൻ വിങ്സ് |
| ,, 17, 24 | : | മരിയൻ ദിവ്യകാരുണ്യ ആരാധന |
| ,, 18, 22 | : | ആന്തരിക-ശാരീരിക സൗഖ്യധ്യാനം |

**6. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ; ഫോൺ: 9526609050, 9447481643, 9496253756**

ജൂൺ 6, 13, 20, 27 : ഏകദിന കൺവെൻഷൻ

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് ഞറളക്കാട്ട്

### 2017 ഏപ്രിൽ

21 രാവിലെ 6.30ന് തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ ദിവ്യബലി അർപ്പിക്കുകയും റീജൻസിക്കാർക്ക് വൈദിക വസ്ത്രം നൽകുകയും അതിനുശേഷം നാമഹേതുകതിരുനാൾ ആഘോഷിക്കുകയും ചെയ്തു. 9 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് അതിരൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരിയിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് വന്ന വൈദികരെയും സന്യസ്തരെയും സ്വീകരിച്ചു.

22 വല്ലാർപാടം പള്ളിയിൽ മത്തായി ആനി എന്നിവരുടെ വിവാഹം ആശീർവദിച്ചു.

23 ചങ്ങനാശ്ശേരിയിൽ മാർ തോമസ് തറയിൽപിതാവിന്റെ മെത്രാഭിഷേക കർമ്മത്തിൽ പങ്കെടുത്തു.

24 നാമഹേതുകതിരുനാളിനോടനുബന്ധിച്ച് വിവിധ ഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് അതിരൂപതയിലെ രൂപതാദ്ധ്യക്ഷന്മാരുടെ യോഗത്തിന് നേതൃത്വം നൽകി.

വൈകുന്നേരം 7 മണിക്ക് അതിരൂപതാ കേന്ദ്രത്തിൽ നാമഹേതുക തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.

25 രാവിലെ 9.30ന് കിളിയന്തറയിൽ ആരാധന സന്യാസസമൂഹത്തിലെ നോവിസസിന്റെ പ്രഥമ വ്രതവാഗ്ദാനത്തിലും സഭാവസ്ത്ര സ്വീകരണ ത്തിലും ജൂബിലി ആഘോഷങ്ങളിലും പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് 3 മണിക്ക് ഉരുപ്പുംകുറ്റിയിൽ പുതുതായി നിർമ്മിച്ച ദൈവാലയം കൂദാശചെയ്തു.

26 രാവിലെ 8.30ന് പൊടിക്കളത്ത് സി.എസ്.ടി. ബ്രദേഴ്സിന്റെ സ്കൂളിൽ പുതുതായി ആരംഭിച്ച അക്കാദമി ഉദ്ഘാടനം ചെയ്തു. രാവിലെ 9.30ന് പുതുതായി നിർമ്മിച്ച ചെമ്പന്തൊട്ടി ദൈവാലയം കൂദാശചെയ്തു.

27 രാവിലെ 7.45ന് നെല്ലിക്കാംപൊയിൽ പുതുതായി നിർമ്മിച്ച പാരീഷ്ഹാൾ വെഞ്ചരിച്ചു. 9.30ന് സി.എം.സി. സന്യാസസമൂഹത്തിലെ സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷത്തിനും നിത്യവ്രതവാഗ്ദാന ത്തിനും സന്യാസസഭാ വസ്ത്ര സ്വീകരണകർമ്മങ്ങൾക്കും നേതൃത്വം നൽകി.

ഉച്ചകഴിഞ്ഞ് കരുവഞ്ചാലിൽ പുതുതായി പണിതീർന്ന ശാന്തിഭവനിലെ ദൈവാലയം കൂദാശചെയ്യുകയും കെട്ടിടം വെഞ്ചരിക്കുകയും ചെയ്തു.

29 തലശ്ശേരിയിൽ വച്ച് നടന്ന ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദദാന ചടങ്ങിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് 4.30ന് ഒറ്റത്തൈ ഇടവകയുടെ ജൂബിലി സമാപനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. വൈകിട്ട് 7.30ന് ആശാൻകവല ഇടവകയിൽ പുതുക്കിപണിത വൈദിക മന്ദിരം വെഞ്ചരിച്ചു.

30 രാവിലെ 6.30ന് ജോസ്ഗിരി ഹോസ്പിറ്റലിൽ ദിവ്യബലി അർപ്പിച്ചു. അതിനുശേഷം 9.30 മുതൽ തലശ്ശേരി മൈനർസെമിനാരിയിൽ ഒന്നാം വർഷ വൈദിക വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഇന്റർവ്യൂ നടത്തി.

## 2017 മെയ്

01 രാവിലെ 9.30ന് കോടോത്ത് ഇടവകയിൽ പുതുതായി പണികഴിപ്പിച്ച വൈദികമന്ദിരം വെഞ്ചരിച്ചു. അതിനുശേഷം കള്ളാർ ഇടവകയിൽ പുതുതായി പണികഴിപ്പിച്ച ഗ്രോട്ടോയും വൈദികമന്ദിരവും വെഞ്ചരിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ബദിയടുക്കയിൽ പുതുതായി പണിത ദൈവാലയം കൂദാശചെയ്തു.

2-3 ബാഗ്ളൂരിൽ സിബിസിഐ സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

4-9 കുവൈറ്റിൽ സന്ദർശനം നടത്തി

10 രാവിലെ 10 മണിക്ക് എറണാകുളത്ത് സെന്റ് തോമസ് മൗണ്ടിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് വൈകുന്നേരം 5 മണിക്ക് മിഷൻലീഗ് ഡയറക്ടർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

11 രാവിലെ 9.30ന് പേരാവൂർ എസ്.എച്ച്. സിസ്റ്റേഴ്സിന്റെ സഭാവസ്ത്ര സ്വീകരണ വ്രതവാഗ്ദാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി, വി. കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ് 2.30ന് മടപ്പുരച്ചാലിൽ പുതുതായി നിർമ്മിച്ച ദൈവാലയം കൂദാശചെയ്തു. അതിനുശേഷം അതിരൂപതാകേന്ദ്രത്തിൽ നടന്ന ബഹു. വൈദികരുടെ മാസധ്യാനത്തിലും യാത്രയയപ്പ് സമ്മേളനത്തിലും പങ്കെടുത്തു.

12 ഉച്ചകഴിഞ്ഞ് 5 മണിക്ക് തളിപ്പറമ്പ് ഇടവകയിൽ പുതുതായി നിർമ്മിച്ച് നൽകുന്ന ഭവനങ്ങളുടെ വെഞ്ചരിപ്പും അതിനോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

13 അരക്കുഴയിൽ ആദ്യകുർബാന സ്വീകരണ കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

15 രാവിലെ 10 മണിക്ക് മൈനർസെമിനാരിയിൽ വച്ചു നടന്ന അടുത്ത വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാരുടെയും മാതാപിതാക്കന്മാരുടെയും മീറ്റിംഗിൽ പങ്കെടുത്തു.

16 രാവിലെ 9 മണിക്ക് പൈസക്കരിയിൽവച്ച് ഡീക്കൻ ആൽബിൻ കുടക്കച്ചിറക്ക് വൈദികപട്ടം നൽകി. അതിനുശേഷം കരുവഞ്ചാൽ ശാന്തിഭവൻ സന്ദർശിച്ചു.

17 ബൽത്തംഗഡിയിൽ കെ.എസ്.എം.സി.എ. സമ്മേളനത്തിൽ പങ്കെടുത്തു.

18 ഭദ്രാവതി രൂപതാ പാസ്റ്ററൽ സെന്റർ വെഞ്ചരിപ്പിൽ പങ്കെടുത്തു.

20 രാവിലെ 10 മണിക്ക് ചെമ്പേരി വിമൽജ്യോതി എൻജിനീയറിംഗ് കോളേജിൽവച്ച് നടന്ന കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ ജൂബിലി സമാപനാഘോഷങ്ങളിൽ പങ്കെടുത്ത് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ് 3 മണിക്ക് വെമ്പുവ തെരേസാ ഭവനിൽ പുതുതായി പണിത കെട്ടിടം വെഞ്ചരിച്ച് ദിവ്യബലി അർപ്പിച്ചു. അതിനുശേഷം ജോസ്മൗണ്ട് ഇടവകയിലെത്തി ഇടയനടുത്ത സന്ദർശനം ആരംഭിച്ചു.

21 ജോസ്മൗണ്ട് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. അതിനുശേഷം ചെമ്പേരി കരുണാലയവും സാന്ത്വനവും സന്ദർശിച്ചു.

# Programme of the Archbishop
# Mar George Njaralakatt

## June - 2017

| | | | |
|---|---|---|---|
| 01 | 10.30 | - | Meenangadi |
| | 5.00 pm | - | Nellikunnu Blessing of Shrine |
| 03 | 9.30 | - | Thaliparamba : CML Inauguration |
| | 3.00 pm | - | Iritty : Charismatic Sub-zone Meeting |
| 04 | | - | Pastoral Visit |
| 05 | | - | Poroor |
| 06 - 08 | | - | KCBC Meeting |
| 10 | | - | Sandesabhavan : Sunday School H.M. Conference |
| 11 | | - | Pastoral Visit : Kumbla, Peria |
| 12 | 7.30 am | - | Pariyaram MCBS Seminary |
| | 10.00 am | - | Department Director's Meeting |
| | 6.45 pm | - | Minor Seminary Staff Meeting |
| 13 | 10.00 am | - | Forane Vicars Meeting |
| 14 | | - | Visitors' Day |
| 15 - July 5 | | - | Out of Station |

## July - 2017

| | | |
|---|---|---|
| 01-05 | - | Out of Station |
| 06-07 | - | GSMS Kunnoth |
| 08-09 | - | Pastoral Visit |
| 09-14 | - | Annual Retreat I$^{st}$ batch - Minor Seminary |
| 15-16 | - | Pastoral Visit |
| 16-21 | - | Annual Retreat II$^{nd}$ batch - Pariyarm, Mother Home |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് വലിയമറ്റം

### 2017 ഏപ്രിൽ

27 രാവിലെ 7.45ന് ചെമ്പന്തൊട്ടി ഫൊറോനാ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യം നൽകി. ഉച്ച കഴിഞ്ഞ് 2.30ന് കരുവഞ്ചാലിൽ പ്രീസ്റ്റ്ഹോം വെഞ്ചരിപ്പ് കർമ്മത്തിൽ വി. കുർബാനയർപ്പിച്ചു.

28 ഉച്ചകഴിഞ്ഞ് 3 മണിക്ക് ചരൾ ഇടവകയിൽ നിര്യാതനായ മാണി കാറുകുളത്തിന്റെ മൃതസംസ്കാരകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

29 രാവിലെ 10 മണിക്ക് പേരാവൂർ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ് 5 മണിക്ക് പരിയാരം എം.എസ്.ടി. സഭയുടെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും എസ്.ബി.സി. ബൈബിൾ കമന്ററിയുടെ പ്രകാശനം നടത്തുകയും ചെയ്തു.

30 രാവിലെ 9.30ന് ഉരുപ്പുംകുറ്റി ഇടവകദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

### 2017 മെയ്

01 രാവിലെ 9.15ന് പൈസക്കരി ഇടവക ദൈവാലയത്തിൽ ഡീക്കൻ ഡൊമിനിക്ക് കൊച്ചുമലയിലിന് തിരുപ്പട്ടം നൽകി. ഉച്ചക്ക് 12 മണിക്ക് പെരുമ്പടവ് ദൈവാലയത്തിൽ മുളഞ്ഞനാലിൽ ജോസഫും താഴത്തുംവീട്ടിൽ കൊച്ചുത്രേസ്യായും തമ്മിലുള്ള വിവാഹനിശ്ചയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 5 മണിക്ക് പേരാവൂർ അഭിഷേകാഗ്നി കൺവെൻഷനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

02 രാവിലെ 9.30ന് കാഞ്ഞിരടുക്കം ദൈവാലയത്തിൽ ഡീക്കൻ പൈംമ്പള്ളിൽ തോമസിന് തിരുപ്പട്ടം നൽകി.

03 വാണിയപ്പാറ ഇടവക ദൈവാലയത്തിൽ രാവിലെ 9.30ന് ഡീക്കൻ വള്ളിമല ജോസഫിന് തിരുപ്പട്ടം നൽകി.

04 രാവിലെ 8 മണിക്ക് ബദിയടുക്ക ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് കുട്ടികൾക്ക് പ്രഥമദിവ്യകാരുണ്യം നൽകി.

08 രാവിലെ 10.30ന് കുന്നോത്ത് നസ്രത്ത് ജനറലേറ്റിൽ സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

09 രാവിലെ 9 മണിക്ക് വെമ്പുവ പള്ളിമുറി വെഞ്ചരിച്ചു. തുടർന്ന് 10. 30ന് വെമ്പുവ എച്ച്.ജി.എൻ. ഭവനത്തിലെ ചാപ്പൽ വെഞ്ചരിച്ചു. വൈകുന്നേരം 3.30 പേരാവൂർ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ നിര്യാതയായ സി. ആൻ ജോസിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

10 രാവിലെ 9 മണിക്ക് കോഴിച്ചാൽ ഇടവകദൈവാലയത്തിൽ ഡീക്കൻ മുതുപ്ലാക്കൽ ചാക്കോയ്ക്ക് തിരുപ്പട്ടം നൽകി. തുടർന്ന് പുളിങ്ങോം ഇടവകദൈവാലയം സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് അട്ടേങ്ങാനം ഇടവകയിൽ ഗുഡ്ന്യൂസ് സിസ്റ്റേഴ്സിന്റെ മഠം വെഞ്ചരിച്ചു. തുടർന്ന് 4.30ന് അട്ടക്കണ്ടം ഇടവകയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളിയുടെ വെഞ്ചരിപ്പ് കർമ്മങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ചു.

11 രാവിലെ 9 മണിക്ക് പശുക്കടവിൽ പുതുക്കുളങ്ങര കുടുംബയോഗത്തിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

14 രാവിലെ 11 മണിക്ക് പാറോപ്പടി ഇടവകദൈവാലയത്തിൽ അലക്സ് സ്കറിയാ കണിയാംകുന്നേലിന്റെയും എലിസബത്തിന്റെയും വിവാഹം ആശീർവദിച്ചു.

15 രാവിലെ 10.30ന് തോമാപുരം ദൈവാലയത്തിൽ അന്നാ ഓലിക്കലിന്റെയും ജോസഫ് പുന്നത്താനത്തിന്റെയും വിവാഹം ആശീർവദിച്ചു.

20 രാവിലെ 8 മണിക്ക് അമ്പലവയൽ ഇടവകയിൽ വി. കുർബാനയർപ്പിച്ച് കുട്ടികൾക്ക് ആദ്യകുർബാന നൽകി. തുടർന്ന് വൈത്തിരി എസ്.എ.ബി.എസ്., എസ്.എച്ച്. കോൺവെന്റുകൾ, ക്ലരീഷ്യൻ ഭവൻ എന്നിവിടങ്ങളിൽ സൗഹൃദസന്ദർശനം നടത്തി.

21 കോടഞ്ചേരിയിൽ രാവിലെ 10 മണിക്ക് വലിയമറ്റം കുടുംബയോഗത്തിൽ വി.കുർബാനയർപ്പിച്ച് സന്ദേശം നൽകി.

22 രാവിലെ 10.30ന് കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ ഫാ. സഖറിയാസ് കട്ടക്കലിന്റെ 90-ാം ജന്മദിനാഘോഷത്തിന്റെ ഭാഗമായി നടന്ന അനുമോദന യോഗത്തിൽ അധ്യക്ഷസ്ഥാനം വഹിച്ചു.

23 രാവിലെ 10.30ന് പേരാവൂർ ഇടവകയിൽ നിര്യാതനായ തുറക്കൽ ജോസഫിന്റെ മൃതസംസ്കാരകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് കരിക്കോട്ടക്കരി ഇടവകയിൽ സംഘടിപ്പിച്ച

## Programme of the Archbishop Emeritus Mar George Valiamatttam

### June - 2017

04 - Puravayal
10 - Iritty

**Secretary to the Archbishop Emeritus**

❖❖❖

കുടിയേറ്റത്തിന്റെ 75-ാം വാർഷികാഘോഷങ്ങളിൽ പങ്കെടുത്ത് സാംസ്കാരികസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ഉപഹാരസമർപ്പണം നടത്തുകയും ചെയ്തു. രാത്രി 10 മണിക്ക് കോടഞ്ചേരിയിൽ നിര്യാതയായ ഞള്ളിമാക്കൽ ബ്രിജിത്തിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

24 രാവിലെ 10.30ന് ചെമ്പന്തൊട്ടി ഇടവകദൈവാലയത്തിൽ പൈയ്യമ്പള്ളിൽ റോസമ്മയും ആലക്കൽ ജോസഫും തമ്മിലുള്ള വിവാഹം ആശീർവദിച്ചു. വൈകുന്നേരം 4.30ന് പേരാവൂർ ഇടവകയിൽ തോമസ് മറ്റത്തിന്റെ മൃതസംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

## സമത്വം - സുന്ദരം സാമൂഹ്യ ശില്പശാല
## മെയ് 25ന് എറണാകുളം പി.ഒ.സി.യിൽ

**കോട്ടയം :** നീതിയിലും സമത്വത്തിലും അധിഷ്ഠിതമായ സാമൂഹ്യ സൃഷ്ടി സാധ്യമാകുന്നതിന് സാമൂഹ്യക്ഷേമ പദ്ധതികൾ കൂടുതൽ സജീവ മാക്കുവാൻ കത്തോലിക്കാ സഭയുടെ ദൈവശാസ്ത്ര ദർശനങ്ങളി ലധിഷ്ഠിതമായ ഒരു ശില്പശാല 2017 മെയ് 25-ാം തീയതി വ്യാഴാഴ്ച എറണാകുളം പി.ഒ.സി.യിൽവച്ച് നടത്തപ്പെട്ടു. രാവിലെ 9.45ന് ആരംഭിക്കുന്ന ശില്പശാല സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. സിബിസിഐയുടെ ദൈവശാസ്ത്ര കമ്മീഷൻ ചെയർമാൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിക്കും. ബിഷപ്പ് ഫിലിപ്പോസ് മാർ സെറ്റാഫാനോസ്, ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ, കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി റവ. ഡോ. വർഗ്ഗീസ് വള്ളിക്കാട്ടിൽ, ഫാ. ജോൺ അരീക്കൽ, ഫാ. ഷാജ്കുമാർ, അമ്പി കുളത്തൂർ, ജെയിംസ് ഇലവുങ്കൽ എന്നിവർ പ്രസംഗിച്ചു.

കെസിബിസി/എസ്.സി/എസ്.റ്റി./ബി.സി. കമ്മീഷന്റെ ആഭി മുഖ്യത്തിലാണ് ശില്പശാല സംഘടിപ്പിക്കുന്നത്. കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള വികാരി ജനറാൾമാർ, വിവിധ സന്യസ്ത സമൂഹത്തിലെ ജനറാൾസ്, പ്രൊവിൻഷ്യൽസ്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർ, ഡിസിഎംഎസ് സംസ്ഥാന ഭാരവാഹികൾ, ഡിസി എംഎസ് രൂപത ഡയറക്ടർമാർ, രൂപതകളിൽനിന്നുള്ള പ്രതിനിധി കൾ എന്നിവരാണ് ശില്പശാലയിൽ പങ്കെടുത്തത്.

**ജെയിംസ് ഇലവുങ്കൽ**
കെസിബിസി/എസ്.സി/എസ്.റ്റി./ബി.സി. കമ്മീഷൻ, ജോ. സെക്രട്ടറി